# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം
ചീഫ് എഡിറ്റർ: ജയ്സൺ ജോസഫ്

സെപ്തംബർ 2024 | വാല്യം 51 ലക്കം 6 | പേജ് 12 | വില 10.00 രൂപ

UNITY Monthly | September 2024 | Volume 51 Issue 6 | Chief Editor: JAISON JOSEPH | Page 12 | Price Rs. 10.00


# ഇടതുലേബലിൽ കൊഴുക്കുന്ന അധോലോക വാഴ്ച

**ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ട് വെളിപ്പെടുത്തലുകളുടെ അലയൊലികൾ അടങ്ങുംമുമ്പേ സിപിഐ(എം)ന്റെ സ്വതന്ത്ര എംഎൽഎ പി.വി.അൻവർ സംസ്ഥാന പൊലീസ് ഭരണത്തിനെതിരെ ഗുരുതര ആരോപണങ്ങളുമായി രംഗത്തുവന്നിരിക്കുകയാണ്. ഇടതുഭരണത്തിന്റെ തിരശ്ശീലയ്ക്കുപിറകിൽ അധോലോകപ്രവർത്തനങ്ങൾ ആസൂത്രിതമായി അരങ്ങേറുന്നുവെന്ന് ഒരു എംഎൽഎ സാക്ഷ്യപ്പെടുത്തിയിരിക്കുന്നത് അമ്പരപ്പ് ഉളവാക്കുന്നു. ഒപ്പം ഈ ആരോപണങ്ങൾ ഇടതുജനാധിപത്യ വിശ്വാസികൾ ഏവരെയും ആശങ്കാകുലരുമാക്കുന്നു.**

ആരോപണങ്ങൾ വാക്കാൽ ഉന്നയിക്കുക മാത്രമല്ല, മലപ്പുറം മുൻ എസ്പിയും നിലവിൽ പത്തനംതിട്ട എസ്പിയുമായ ഐപിഎസ് ഉദ്യോഗസ്ഥനുമായി നടന്ന ഫോൺ സംഭാഷണത്തിന്റെ ശബ്ദരേഖയും അൻവർ പുറത്തുവിട്ടു. ഔദ്യോഗിക ക്വാർട്ടേഴ്സിലെ മരം മുറിച്ച് സ്വന്തം ആവശ്യത്തിന് ഫർണ്ണിച്ചർ നിർമ്മിച്ച സംഭവത്തിൽ എംഎൽഎ നൽകിയ പരാതി പിൻവലിക്കാൻ ഈ ഉദ്യോഗസ്ഥൻ കേണപേക്ഷിക്കുന്നതാണ് കേരളം കേട്ടത്. അതിൽ ഇപ്പോഴത്തെ എസ്പിക്കും, ക്രമസമാധാന ചുമതലയുള്ള എഡിജിപിക്കുമെതിരെ ഈ ഐപിഎസ് ഉദ്യോഗസ്ഥൻ നടത്തുന്ന പരാമർശങ്ങൾ കേൾക്കുന്ന ജനാധിപത്യബോധമുള്ള ഏതൊരാൾക്കും കേരളത്തിലെ പൊലീസ് സേനയുടെ ഇപ്പോഴത്തെ അവസ്ഥ ഞെട്ടലുണ്ടാക്കും. കരിപ്പൂർ വിമാനത്താവളം കേന്ദ്രീകരിച്ച് നടക്കുന്ന സ്വർണ്ണക്കടത്തിലെപ്രധാനകണ്ണിയാണ് ഈ ഐപിഎസ് ഉദ്യോഗസ്ഥനെന്നും, സംസ്ഥാനത്തെ സ്വർണ്ണക്കടത്ത് ഏകോപിപ്പിക്കുന്ന ആളാണ് എഡിജിപി എന്നും അൻവർ ആരോപിക്കുന്നു. അതിനായി കൊല്ലുകയും കൊല്ലിക്കുകയും ചെയ്യുക, വേണ്ടപ്പെട്ടവർക്കുവേണ്ടി കേസുകൾ ഒതുക്കിക്കൊടുക്കുക, മറ്റുപലർക്കുമെതിരെ കള്ളക്കേസുകളുണ്ടാക്കുക എന്നിങ്ങനെയുള്ള കൃത്യങ്ങൾ മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറിയുടെ ആജ്ഞാനുസരണം നടത്തിക്കൊടുക്കുന്ന ആളാണ് എഡിജിപി എം.ആർ.അജിത് കുമാർ എന്ന് അൻവർ പറയുന്നു. തിരുവനന്തപുരത്തെ ഏറ്റവും കണ്ണായ സ്ഥലത്ത് കോടികൾ മുടക്കി ഈ ഉദ്യോഗസ്ഥൻ ബംഗ്ലാവ് പണിയുന്നതിന്റെ തെളിവുകളും എംഎൽഎ പുറത്തുവിട്ടു. മന്ത്രിമാരുടെ അടക്കം പല രാഷ്ട്രീയനേതാക്കളുടെയും പല മാധ്യമപ്രവർത്തകരുടെയും ഫോണുകൾ നിയമവിരുദ്ധമായി ഈ ഉദ്യോഗസ്ഥൻ ചോർത്തുന്നുണ്ട് എന്ന ഗുരുതര ആരോപണവും അൻവർ ഉന്നയിച്ചു. മലപ്പുറത്തെ നിലവിലെ എസ് പിയുമായി കുറച്ചു ദിവസങ്ങളായി തുറന്ന പോരിലായിരുന്നു എംഎൽഎ. അതിന്റെ തുടർച്ചയാണ് ഈ സംഭവവികാസങ്ങൾ. മുഖ്യമന്ത്രിയുടെ ഓഫീസിലേക്കും അവിടെനിന്ന് ആഭ്യന്തരവകുപ്പിനെ നിയന്ത്രിക്കു

(ശേഷം 3–ാം പേജിൽ)

## സ്ത്രീസുരക്ഷയ്ക്കായി വിദ്യാർത്ഥികൾ...




ആർജി കർ സംഭവത്തിൽ നീതി ആവശ്യപ്പെട്ടുകൊണ്ടും പൊതുവിദ്യാഭ്യാസം സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും എഐഡിഎസ്ഒ പശ്ചിമബംഗാൾ സംസ്ഥാന കമ്മിറ്റി സെപ്റ്റംബർ 3ന് കൊൽക്കത്തയിൽ വിദ്യാർത്ഥികളുടെ പ്രതിഷേധറാലി നടത്തി. സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിലെ നിരവധി കലാലയങ്ങളിൽ നിന്നായി ആയിരക്കണക്കിന് വിദ്യാർത്ഥികൾ റാലിയിൽ പങ്കെടുത്തു. കോളെജ് സ്ട്രീറ്റിൽ പ്രതിഷേധ സംഗമം നടന്നു.

# തൊഴിൽ സമയം വർദ്ധിപ്പിച്ച് നിർദ്ദയമായ ചൂഷണത്തിന് വഴിയൊരുക്കുന്നു

**മുതലാളിത്തവ്യവസ്ഥിതി തൊഴിലാളികളുടെമേൽ നടത്തിക്കൊണ്ടിരിക്കുന്നത് കിരാതമായ ചൂഷണമാണ്. ഇതിനെ പ്രതിരോധിക്കാൻ, പരിഷ്കൃത മനുഷ്യനുചേർന്ന ആരോഗ്യകരമായ തൊഴിൽസമയത്തെക്കുറിച്ചുള്ള ധാരണ ആർജ്ജിക്കേണ്ടതുണ്ട്. അദ്ധ്വാനിക്കുന്നവന്റെ പക്ഷത്തുനിന്ന് ചിന്തിക്കുകയും തൊഴിലാളികളുടെ ആത്യന്തികമോചനം കാംക്ഷിക്കുകയും ചെയ്യുന്ന ഏതൊരാളുടെയും ചുമതലയാണത്..**

മനുഷ്യസമൂഹത്തിന്റെ നിലനിൽപ്പിന്റെ അടിസ്ഥാനം ഭൗതിക ഉൽപാദനമാണ്. മനുഷ്യരാശിക്കാകമാനം അവകാശപ്പെട്ട, പ്രകൃതിയിൽനിന്ന് ലഭ്യമാകുന്ന വസ്തുക്കളിന്മേൽ മനുഷ്യാദ്ധ്വാനം ചെലുത്തുമ്പോഴാണ് ഉൽപ്പന്നം അഥവാ സമ്പത്ത് സൃഷ്ടിക്കപ്പെടുന്നത്. ഉൽപാദനത്തിന് ആവശ്യമായ ഉപകരണങ്ങൾ നിർമ്മിക്കുന്നതും ഇപ്രകാരംതന്നെയാണ്. അതായത്, മനുഷ്യാദ്ധ്വാനം പ്രയോഗിക്കാതിരുന്നാൽ സമ്പത്ത് സൃഷ്ടിക്കാനാവില്ല. മുതലാളിത്ത വ്യവസ്ഥിതിയിൽ തൊഴിലാളി ഉത്പാദിപ്പിക്കുന്ന സമ്പത്തിൽ അവന് യാതൊരവകാശവുമില്ല, അത് മുതലാളിയുടേതാണ്. ഒരുവൻ മുതലാളിയാകുന്നത് ഉത്പാദനോപാധികളുടെമേൽ വ്യക്തിഗതമായ ഉടമസ്ഥത സ്ഥാപിക്കുന്നതോടെയാണ്. ഈ ഉത്പാദനോപാധികൾ സൃഷ്ടിച്ചതും തൊഴിലാളികൾതന്നെ. എങ്കിലും അവ സ്വന്തമാക്കാൻ ശേഷിയില്ലാത്തതിനാൽ തൊഴിലാളി, ആകെ കൈമുതലായുള്ള അധ്വാനശേഷി മുതലാളിക്കു വിറ്റ് ജീവസന്ധാരണം നടത്താൻ നിർബന്ധിതമാകുന്നു. എന്നാൽ മുതലാളി ഓരോ ദിവസവും നിശ്ചിതസമയത്തേയ്ക്ക് തൊഴിലാളിയുടെ അദ്ധ്വാനത്തെ ആകെ

(ശേഷം 2–ാം പേജിൽ)

## വ്യവസായസൗഹൃദത്തിൽ കേരളം നേടിയ ഒന്നാംസ്ഥാനം

# നഗ്നമായ തൊഴിലാളി വഞ്ചനക്കുള്ള പുരസ്കാരം

'ഈസ് ഓഫ് ഡൂയിങ് ബിസിനസ്' അഥവാ വ്യവസായ സൗഹൃദമാക്കാനുള്ള പരിഷ്കാരങ്ങൾ നടപ്പാക്കുന്നതിൽ രാജ്യത്ത് ഒന്നാം സ്ഥാനത്തിനുള്ള പുരസ്കാരം കേരളത്തിനു ലഭിച്ചിരിക്കുന്നു. 'അഭിമാനകരമായ നേട്ടം സ്വന്തമാക്കിയെന്ന്' നാണംകെട്ട നിലയിൽ 2024 സെപ്റ്റംബർ 12ന്റെ 'ദേശാഭിമാനി' എഡിറ്റോറിയലിൽ ആവേശം കൊള്ളുമ്പോൾ ഈ പുരസ്കാരത്തിന് സംസ്ഥാനം എങ്ങിനെ അർഹമായി എന്നത് പരിശോധിക്കപ്പെടേണ്ടതില്ലേ? രാപകൽ കോർപ്പറേറ്റ് ശക്തികൾക്കുവേണ്ടി മാത്രം ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന കേന്ദ്ര ബിജെപി സർക്കാരിന് പിണറായി ഭരണം ഇത്രമേൽ സ്വീകാര്യമായത് എന്തുകാരണത്താലാണ്? പുരസ്കാരദായകരുടെ കണക്കുകൂട്ടൽ തിരിച്ചറിയാൻ കഴിയാത്തവിധം ഇടതുനേതൃത്വം പ്രജ്ഞയറ്റവരായതാണോ അതോ മുതലാളിത്തസേവയിൽ മതിമറന്നവരായതോ?

ബിജെപി നയിക്കുന്ന കേന്ദ്രസർക്കാരിന്റെ ലക്ഷ്യത്തോടും സമീപനത്തോടും ഐക്യപ്പെടുന്നതിൽ രാജ്യത്തെ ഏതൊരു സംസ്ഥാനഭരണത്തെയും–എന്തിന് യോഗിയുടെ യുപിയെപ്പോലും–കടത്തിവെട്ടിയതിനാൽ മാത്രം ലഭിച്ച പുരസ്കാരമാണിത്. സംസ്ഥാനഭരണത്തിന്റെ മികവളക്കാനുള്ള കേന്ദ്ര വ്യവസായമ

(ശേഷം 12–ാം പേജിൽ)

### എട്ട് മണിക്കൂർ ജോലി

# തൊഴിലാളികളുടെയും ജീവനക്കാരുടെയും സംഘടിത വിലപേശൽ ശക്തിയെ ക്ഷയിപ്പിച്ചത് വ്യവസ്ഥാപിത യൂണിയനുകളുടെ വഞ്ചന

*(1–ാം പേജിൽ നിന്ന്)*

യാണ് വാങ്ങുന്നത്. ഈ സമയത്തേയ്ക്ക് തൊഴിലാളിക്ക് നൽകേണ്ടുന്ന കൂലിക്ക് തുല്യമായ മൂല്യം ഉല്പാദിപ്പിക്കാൻ തൊഴിൽ സമയത്തിന്റെ ചെറിയൊരു ഭാഗം മാത്രം മതിയാവും. ബാക്കിയുള്ള സമയത്തിനുള്ളിൽ തൊഴിലാളി സൃഷ്ടിക്കുന്ന മിച്ചമൂല്യം മുതലാളിയുടെ ലാഭമാണ്. അതാണ് മൂലധനമായി മാറുന്നത്. ഇതിനെയാണ് മുതലാളിത്ത ചൂഷണം എന്നുപറയുന്നത്.

മിച്ചമൂല്യത്തിന്റെ നിരക്ക് വർദ്ധിപ്പിക്കാനുള്ള മുതലാളിയുടെ ത്വര തൊഴിൽ സമയം പരമാവധി നീട്ടിയെടുക്കാൻ പ്രേരിപ്പിക്കുന്നു. അങ്ങനെ നീട്ടാൻ പറ്റുന്നത് ഒരു ദിവസത്തേക്ക് പരമാവധി 24 മണിക്കൂറാണ്. പക്ഷേ അത് സാദ്ധ്യമല്ലല്ലോ. കാരണം ഓരോ ദിവസത്തെയും ഒരു ഭാഗം സമയം അടുത്തദിവസം വീണ്ടും അദ്ധ്വാനത്തിൽ ഏർപ്പെടാനായി തൊഴിലാളിയുടെ ആരോഗ്യം വീണ്ടെടുക്കാനും വിശ്രമിക്കാനും ഉറങ്ങാനും ഭക്ഷണം കഴിക്കാനും വേണം. ശരീരത്തിന്റെ ഈ ആവശ്യങ്ങൾ കൂടാതെ മനുഷ്യന് അവന്റെ സാമൂഹികവും സാംസ്കാരികവുമായ ആവശ്യങ്ങളും നിർവഹിക്കാൻ സമയമാവശ്യമുണ്ട്.

ഒരു സാമ്പത്തിക വ്യവസ്ഥിതിയെന്ന നിലയിൽ മുതലാളിത്തത്തിന്റെ ലക്ഷ്യം പരമാവധി ലാഭം എന്നതുമാത്രമാണ്. ലാഭം (മിച്ചമൂല്യം) സൃഷ്ടിക്കാനുള്ള ഒടുങ്ങാത്ത ആർത്തികാരണം തൊഴിൽ സമയം നിശ്ചയിക്കുമ്പോൾ ശാരീരിക ആവശ്യകതകൾപോലും മുതലാളിത്തം പരിഗണിക്കാറില്ല; പിന്നല്ലേ, സാമൂഹിക സാംസ്കാരിക ആവശ്യകതകൾ നിർവഹിക്കാനുള്ള സമയത്തിന്റെ കാര്യം. തൊഴിലാളിയുടെ ആരോഗ്യത്തിന്റെയും ആയുസ്സിന്റെയും കാര്യത്തിൽ ദയാരഹിതമായാണ് മുതലാളിത്തം പെരുമാറുന്നത്. അത്യാർത്തി പൂണ്ട് തൊഴിലാളികളുടെ അദ്ധ്വാനശക്തി നിഷ്ഠുരം ചൂഷണം ചെയ്യുന്നതു കാരണം തൊഴിലാളികളുടെ ആയുസ്സ് കുറയുന്നു. മരണനിരക്ക് കൂടുന്നു.

അടിമത്തവ്യവസ്ഥിതിയിൽ അടിമയുടെ അദ്ധ്വാനത്തിന്റെ മാത്രമല്ല, അടിമയുടെ ആകമാന ഉടമസ്ഥത ഉടമയ്ക്കായിരുന്നു. അടിമകൾ ഉടമയുടെ മൂലധനമാണ്. അമിതമായി പണിയെടുപ്പിച്ച് അടിമ മരിച്ചുപോയാൽ ഉടമയ്ക്ക് നഷ്ടമാണ്. അതിനാൽ കുറച്ചൊക്കെ വിശ്രമം അനുവദിക്കുമായിരുന്നു. പക്ഷേ, പിൽക്കാലത്ത് ആഫ്രിക്കയിൽനിന്നുംമറ്റും അടിമകളുടെ ലഭ്യത വർദ്ധിച്ചതോടുകൂടി അടിമകളുടെ ആ ആനുകൂല്യം എടുത്തുകളയപ്പെട്ടു. അമേരിക്കയിലെ അടിമപ്പണിക്കാർ പണിയെടുത്ത് അകാലമരണത്തിലൂടെ തോട്ടങ്ങളിലെ വളമായി മാറി. ഒരു അടിമയുടെ തൊഴിൽശേഷിയുടെ പരമാവധി ഊറ്റിയെടുത്തതിനുശേഷം എത്രയും വേഗം മരണത്തിലേക്ക് തള്ളിവിടുന്നതും ലാഭമായി മാറി.

സമാനമായ അവസ്ഥയാണ് മുതലാളിത്തത്തിലും നടക്കുന്നത്. മുതലാളിത്തം പരമ്പരാഗത തൊഴിൽമേഖലകളെയാകെ നശിപ്പിച്ചതോടെ തൊഴിൽ തേടുന്നവരുടെ എണ്ണം വൻതോതിൽ വർദ്ധിച്ചതും യന്ത്രവൽകൃത ഉൽപാദനത്തിന്റെ വളർച്ചയും തൊഴിലില്ലാത്തവരുടെ സംഖ്യ ഭീമമായി വർദ്ധിപ്പിച്ചു. അതോടെ, തൊഴിലാളിക്കുമേലുള്ള ചൂഷണം രൂക്ഷമായി. തൊഴിൽസമയം എത്രവേണമെങ്കിലും നീട്ടാമെന്നുവന്നു. പട്ടിണികിടന്ന് മരിക്കുന്നതൊഴിവാക്കാനായി തൊഴിലാളികൾ മുതലാളിത്തത്തിന് അടിമപ്പെടാൻ തയ്യാറായി. എന്നുവച്ചാൽ അടിമത്ത കാലത്തെപ്പോലെ തൊഴിലാളികൾ പണിയെടുത്ത് ചത്തൊടുങ്ങിയാലും മുതലാളിക്ക് തൊഴിലാളികളുടെ കുറവ് അനുഭവപ്പെടില്ല എന്നതിനാൽ തൊഴിൽ സമയം എത്ര വേണമെങ്കിലും നീട്ടാമെന്ന സ്ഥിതിയായി.

മാനുഷിക പരിഗണനകൾ വെടിഞ്ഞ്, തൊഴിൽസമയം കൂട്ടിക്കൊണ്ടേയിരുന്നതിൽ കുറവുവരുത്താൻ തുടങ്ങിയത് തൊഴിലാളികളുടെ പ്രതിഷേധം വർദ്ധിച്ചതോടെയാണ്. അതിനായി ലോകമാകെയുള്ള പോരാട്ടവീഥിയിൽ ജീവൻ നൽകിയത് അസംഖ്യം തൊഴിലാളികളാണ്. എട്ടുമണിക്കൂർ തൊഴിൽ എന്ന ന്യായമായ ആവശ്യം ആദ്യമായി മുഴങ്ങിയത് പത്തൊമ്പതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിലാണ്. 1866ൽ അമേരിക്കൻ ലേബർ കോൺഗ്രസും മാർക്സിന്റെ മാർഗനിർദ്ദേശത്തോടെ ഒന്നാം ഇന്റർനാഷനലും ആ മുദ്രാവാക്യമുയർത്തി. എട്ടുമണിക്കൂർ തൊഴിൽ സമയത്തിനുവേണ്ടിയുള്ള സമരം ലോകമെങ്ങുമുള്ള തൊഴിലാളികളുടെ സാമ്പത്തിക സമരത്തിന്റെ മാത്രമല്ല, രാഷ്ട്രീയ സമരത്തിന്റെയും അവിഭാജ്യ ഘടകമായി മാറി.

എട്ടു മണിക്കൂർ തൊഴിൽ സമയമെന്നത് ശാസ്ത്രീയമായ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ നിശ്ചയിക്കപ്പെട്ട മാനദണ്ഡമാണ്. ശാരീരികവും മാനസികവുമായ പ്രവർത്തനത്തിന്റെ ആരോഗ്യകരമായ പരിധിയാണത്. അതിലപ്പുറം പോയാലുള്ള ശാരീരിക അവശതകൾ അസുഖങ്ങൾക്കും അപകടങ്ങൾക്കും കാരണമാകും. ഒരുവന്റെ തൊഴിലും സ്വകാര്യജീവിതവും തമ്മിലുള്ള സന്തുലിതാവസ്ഥ സംരക്ഷിക്കുന്നതിൽ ഇടവേളകൾക്കും വിശ്രമത്തിനും മാനസികമായ ഉല്ലാസത്തിനും വലിയപങ്കുണ്ട്.

1886ലെ ഐതിഹാസികമായ മെയ്ദിന പോരാട്ടവും തൊഴിലാളികളുടെ രക്തസാക്ഷിത്വവും ലോകമെങ്ങും തൊഴിലാളികളെ തട്ടിയുണർത്തി. 1889ൽ പാരീസിൽ നടന്ന സാർവദേശീയ സോഷ്യലിസ്റ്റ് കോൺഫറൻസ് മെയ് ഒന്ന് സർവ്വദേശീയ തൊഴിലാളി ദിനമായി പ്രഖ്യാപിച്ചു. 1917ൽ ലോകത്ത് ആദ്യമായി റഷ്യയിലെ തൊഴിലാളികൾ മുതലാളിത്ത ഭരണകൂടത്തെ നിഷ്കാസനംചെയ്ത് സ്വന്തം ഭരണകൂടം സ്ഥാപിച്ചു. അതോടെ തൊഴിൽ സമയം ദീർഘിപ്പിച്ചുകൊണ്ടു നടത്തുന്ന തൊഴിൽചൂഷണം റഷ്യയിൽ അവസാനിപ്പിച്ചു. സോഷ്യലിസ്റ്റ് പുനർനിർമാണത്തിന്റെ പുരോഗതിയോടെ തൊഴിൽ സമയം വീണ്ടും കുറച്ചു. 1927ൽ 6 മണിക്കൂറും ആകെ 104 ദിവസത്തെ ശമ്പളത്തോടുകൂടിയ അവധിയും ഏർപ്പെടുത്തി. 1929ൽ ആഴ്ചയിൽ അഞ്ചു തൊഴിൽ ദിവസങ്ങൾ എന്ന് നിജപ്പെടുത്തി.

സോവിയറ്റ് യൂണിയനിൽ തൊഴിലാളികളുടെ ജീവിതത്തിൽ വന്ന ഈ പുരോഗതി ലോകമെങ്ങുമുള്ള തൊഴിലാളി മുന്നേറ്റങ്ങൾക്ക് ആക്കംകൂട്ടി. മുതലാളിത്ത സർക്കാരുകൾ വിറകൊള്ളുന്ന സ്ഥിതിയായി. അതിന്റെ സമ്മർദ്ദം തൊഴിൽ സമയത്തിന്റെ കാര്യത്തിലും പ്രതിഫലനങ്ങളുണ്ടാക്കി. 1919ൽ ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ(ഐഎൽഒ)സ്ഥാപിക്കപ്പെട്ടു. അതിന്റെ ആദ്യത്തെ കൺവൻഷൻ 8 മണിക്കൂർ തൊഴിൽ സമയത്തെപ്പറ്റിയായിരുന്നു. 8 മണിക്കൂർ പ്രതിദിനം, 48 മണിക്കൂർ പ്രതിവാരം, ആഴ്ചയിൽ ഒരു ദിവസം വിശ്രമം, ക്രമേണ പ്രതിവാരം 40 മണിക്കൂറിൽ എത്തുക എന്നതായിരുന്നു കൺവൻഷന്റെ പ്രഖ്യാപനം. ഈ കൺവൻഷൻ ഇന്ത്യ അംഗീകരിക്കുകയും 1948 ലെ ഫാക്ടറി ആക്ടിൽ ആ വ്യവസ്ഥ ഉൾപ്പെടുത്തുകയും ചെയ്തു. അധികസമയം തൊഴിലെടുക്കേണ്ടിവന്നാൽ ഇരട്ടി ശമ്പളവും വ്യവസ്ഥ ചെയ്തിരുന്നു.

പരിഷ്കൃതമായ തൊഴിൽസമയം നിജപ്പെടുത്താനായത് നൂറ്റാണ്ടുകളായി തൊഴിലാളികൾ മുതലാളിമാർക്കെതിരെ നടത്തിയിട്ടുള്ള വർഗ്ഗസമരത്തിലൂടെയാണ്. എന്നതിനാൽ തന്നെ, തൊഴിലാളികളുടെ പോരാട്ടവീര്യത്തിലും നിതാന്ത ജാഗ്രതയിലും വരുത്തുന്ന വീഴ്ച മനസിലായാൽ തൊഴിൽസമയം വീണ്ടും വർദ്ധിപ്പിച്ചെടുക്കാനായി മുതലാളിമാർ ആക്രമണസജ്ജരാകും. അതാണ് കഴിഞ്ഞ അരനൂറ്റാണ്ടായി നമ്മൾ കണ്ടുവരുന്നത്. ലോക തൊഴിലാളിവർഗ്ഗത്തിന്റെ കാവൽദുർഗ്ഗം എന്നവണ്ണം നിലകൊണ്ട സോവിയറ്റ് യൂണിയനിലെ തൊഴിലാളിവർഗ്ഗ ഭരണകൂടം തിരുത്തൽവാദത്തിന്റെ പിടിയിലകപ്പെട്ടതിനെത്തുടർന്ന് സോഷ്യലിസ്റ്റ് ചേരി തന്നെ തകർന്നു, പത്തി താഴ്ത്തിയിരുന്ന മൂലധനശക്തികളുടെ ക്രൗര്യം വീണ്ടുമുണർന്നു. തൊഴിലാളിവർഗ്ഗത്തിന്റെ ആത്യന്തികമോചനത്തിന്റെ ലക്ഷ്യങ്ങളോടെയുള്ള മാർക്സിസ്റ്റ് ആശയങ്ങളാൽ നയിക്കപ്പെട്ട തൊഴിലാളി പ്രസ്ഥാനങ്ങൾ തിരുത്തൽവാദത്തിന്റെ പിടിയിൽപ്പെട്ട് തൊഴിലാളികളെ വഞ്ചിച്ച് മുതലാളിത്തപാളയങ്ങളിൽചേക്കേറിയതുകാരണം, തൊഴിലാളികളുടെ സംഘടിത വിലപേശൽശക്തിക്ക് ക്ഷതംസംഭവിച്ചു. അതോടെ നിരായുധരാക്കപ്പെട്ട തൊഴിലാളികൾക്കുമേൽ മൂലധനശക്തികൾ കിരാതമായ ആക്രമണങ്ങൾ അഴിച്ചുവിട്ടു. സോവിയറ്റ് മാതൃകയിൽ ആവിഷ്കരിച്ചതും തൊഴിലാളികൾക്ക് അനുകൂലമായി കൊണ്ടുവന്നതുമായ എല്ലാ നിയമസുരക്ഷകളിൽനിന്നും മുതലാളിത്ത ഭരണകൂടങ്ങൾ പിന്നാക്കംപോയി.

തൊഴിൽ തേടി ഫാക്ടറി വാതിൽക്കൽ കാത്തുനിൽക്കുന്ന തൊഴിലില്ലാപ്പട പ്രത്യഭിമുഖം നിൽക്കുമ്പോൾ പിരിച്ചുവിടപ്പെട്ടുമെന്ന ഭീഷണിയിൽ തൊഴിലാളികൾ ഏതൊരു നികൃഷ്ടവ്യവസ്ഥയ്ക്കും വഴങ്ങേണ്ടിവരുന്ന അവസ്ഥ സൃഷ്ടിക്കപ്പെട്ടു. ആഗോളവൽക്കരണ–ഉദാരവൽക്കരണ–സ്വകാര്യവൽക്കരണ കാലഘട്ടത്തിൽ തൊഴിലാളികൾക്ക് അനുകൂലമായിരുന്ന എല്ലാ പരിഷ്കൃതനിയമങ്ങളും പിൻവലിക്കപ്പെട്ടു. അത്തരത്തിൽ എന്തെങ്കിലും നിയമങ്ങൾ നിലവിലുണ്ടെങ്കിൽത്തന്നെ അത് നടപ്പിലാക്കപ്പെടില്ല എന്നത് ഭരണകൂടം ഉറപ്പുവരുത്തുന്നു. എൻഫോഴ്സ്മെന്റ് സംവിധാനങ്ങളെ മരവിപ്പിച്ചു നിർത്തുന്നു. സർക്കാരിന്റെ തൊഴിൽ വകുപ്പുകൾ മൂലധനശക്തികളുടെ കോടാലിക്കൈകളായി പ്രവർത്തിക്കുന്നു. ഈയൊരു സവിശേഷമായ അവസ്ഥയിൽ ഇന്ന് തൊഴിൽ സമയത്തിന്റെ കാര്യത്തിൽ യാതൊരു സംരക്ഷണവും തൊഴിലാളിക്കില്ല. എന്നുമാത്രമല്ല, ഐഎൽഒയുടെ എട്ടുമണിക്കൂർ വ്യവസ്ഥ അംഗീകരിച്ച ഇന്ത്യ ഇന്ന് നിയമപ്രകാരംതന്നെ ആ മാനദണ്ഡം എടുത്തുകളയുകയും സർക്കാർ സംവിധാനങ്ങളിൽപോലും അധികരിച്ച തൊഴിൽ സമയം നടപ്പിലാക്കി സ്വകാര്യ മുതലാളിമാർക്ക് ദിശ കാട്ടുകയുംചെയ്യുന്നു.

ഇന്ത്യയിൽ ആകെയുള്ള തൊഴിൽ ശക്തിയിൽ 93% ശതമാനവും അസംഘടിത മേഖലയിൽ പണിയെടുക്കുന്നവരാണ്. യാതൊരുവിധ തൊഴിൽ സുരക്ഷിതത്വവുമില്ലാതെ മുതലാളിമാരുടെ ക്രൂരമായ ചൂഷണത്തിന് വിധേയരാക്കപ്പെട്ട വിഭാഗമാണ് ഇവർ. തൊഴിൽ സമയം പ്രാകൃതമായ വിധത്തിൽ നീട്ടിയെടുത്തതുമൂലം പതിനാലും പതിനാറും മണിക്കൂർ പണിയെടുക്കാൻ വിധിക്കപ്പെട്ടവർ. ഇന്ത്യയിലെ 42 കോടിയോളം വരുന്ന കുടിയേറ്റതൊഴിലാളികൾ പരിചിതമായ സാമൂഹ്യജീവിത സാഹചര്യങ്ങളിൽനിന്ന് പറിച്ചെറിയപ്പെട്ടവരാണ്, അസംഘടിതരാണ്. സാമൂഹ്യ പിൻബലമില്ലാതെ, കുടുംബത്തിന്റെ പോലും പിൻബലമില്ലാതെ ഒറ്റപ്പെട്ടുപോയ ഇവർ അടിമസമാനമായ ചൂഷണത്തിന് ഗത്യന്തരമില്ലാതെ വഴങ്ങി കൊടുക്കുന്നവരാണ്. സംഘടിതമേഖലയെന്ന് കരുതപ്പെടുന്ന സർക്കാർ സംവിധാനങ്ങൾക്കുള്ളിലെ കരാർ ജീവനക്കാരുടെ അവസ്ഥയും വ്യത്യസ്തമല്ല. സ്ഥിരതസ്തികകളിൽ നിയമനം നടത്താതെ ആ പണികളിൽ കരാർ തൊഴിലാളികളെ നിയോഗിക്കുകയാണ്. പല അടരുകളിലുള്ള ലേബർ കോൺട്രാക്ടർമാരാണ് ഈ രംഗത്ത് പ്രവർത്തിക്കുന്നത്. അപമാനകരമാംവിധം തുച്ഛമായ ശമ്പളത്തിൽ എത്രനേരം വേണമെങ്കിലും പണിയെടുപ്പിക്കാം. ഒരു കോടിയോളം വരുന്ന സ്കീം തൊഴിലാളികളുടെ കാര്യവും വ്യത്യസ്തമല്ല. തൊഴിലാളി എന്ന യാതൊരു പരിഗണനയും ലഭിക്കാതെ വിശ്രമമില്ലാതെ പണിയെടുക്കുന്നവരാണവർ.

1867ൽ പ്രസിദ്ധീകരിച്ച 'മൂലധനം' എന്ന മഹത്തായ കൃതിയിൽ കാൾ മാർക്സ്, ലണ്ടനിൽ നടന്ന, നൂറുകണക്കിന് യാത്രക്കാർ കൊല്ലപ്പെട്ട ഒരു ട്രെയിൻ അപകടത്തിലെ പ്രതികളുടെ വിചാരണയെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. ആ ട്രെയിൻ ഓടിച്ചിരുന്ന എൻജിൻ ഡ്രൈവർമാരായിരുന്ന മൂന്നുപേരാണ് പ്രതികൾ. അവർ കോടതിയിൽ പറയുന്നു: അവരുടെ ജോലിസമയം തുടർച്ചയായി 14 മുതൽ 20 മണിക്കൂർവരെയായിരുന്നു. ചിലപ്പോൾ 40 മണിക്കൂർവരെ വിശ്രമമില്ലാതെ പണിയെടുക്കേണ്ടിവരുന്നു. ഒരു ഘട്ടം കഴിഞ്ഞപ്പോൾ അവരുടെ തലച്ചോർ പ്രവർത്തിക്കാതായി, കണ്ണു കാണാതായി. ട്രെയിൻ നിയന്ത്രിക്കാനാവാതെയായി, അപകടം സംഭവിച്ചു. കോടതി യാതൊരു ദാക്ഷിണ്യവുമില്ലാതെ എല്ലാവർക്കും വധശിക്ഷ വിധിച്ചു. ഈ സംഭവം നടന്നത് 1866 ലാണ്. 157 വർഷങ്ങൾക്കുശേഷം ഇക്കഴിഞ്ഞ ജനുവരി മാസം ഇന്ത്യയിലെ ലോക്കോ റണ്ണിങ് സ്റ്റാഫ് ഒരു സമരത്തിലേക്ക് പോയി. അവർക്ക് അനുവദിച്ച വിശ്രമസമയത്ത് പണിയെടുക്കാതെയായിരുന്നു സമരം! തുടർച്ചയായി 14 മുതൽ പതിനാറു മണിക്കൂർ വരെ അവർക്ക് പണിയെടുക്കേണ്ടി വരുന്നു. തുടർച്ചയായി നാല് രാത്രികളിൽ പണിയെടുക്കണം. നാലുദിവസം കൂടുമ്പോഴേ താമസസ്ഥലത്തേക്ക് പോകാനാവുന്നുള്ളൂ. കുടുംബജീവിതം അസാധ്യമായിരിക്കുന്നു. 1867ലെ കിരാതമായ തൊഴിൽ ചൂഷണത്തിൽ നിന്ന് എന്ത് വ്യത്യാസമാണ് ഇവിടെ വന്നിരിക്കുന്നത്? ഇടതടവില്ലാതെ ഇന്ത്യൻ റെയിൽവേയിൽ നടക്കുന്ന അപകടങ്ങൾപോലും അധികാരികളുടെ നിലപാടിൽ മാറ്റം വരുത്തുന്നില്ല.

*(ശേഷം 3–ാം പേജിൽ)*

# ജനാധിപത്യാതീത അധികാരകേന്ദ്രമായി മാറുന്ന മുഖ്യമന്ത്രിയുടെ ഓഫീസ്

## ഇടത് ലേബലിലെ അധോലോക വാഴ്ച

(1-ാം പേജിൽ നിന്ന്)

ന്ന പൊളിറ്റിക്കൽ സെക്രട്ടറിയും സിപിഐ(എം) സംസ്ഥാനക്കമ്മിറ്റി അംഗവുമായ പി.ശശിയിലേക്കുമാണ് അൻവറിന്റെ ആരോപണങ്ങൾ നീണ്ടത്.

ഭരണകക്ഷി എംഎൽഎ തന്നെ ഇങ്ങനെ ഗുരുതരമായ ഒരു ആരോപണം ഉന്നയിച്ചിട്ടും പ്രതിരോധിക്കാനോ തള്ളിപ്പറയാനോ മുഖ്യമന്ത്രിയോ പാർട്ടിനേതൃത്വമോ തയ്യാറായില്ല. മറ്റൊരു സിപിഐ(എം) സ്വതന്ത്ര എംഎൽഎയും മുൻമന്ത്രിയുമായ കെ.ടി.ജലീൽ, മുൻ എംഎൽഎ കാരാട്ട് റസാഖ് തുടങ്ങിയവരാകട്ടെ അൻവറിനു തുറന്ന പിന്തുണയുമായെത്തി. തുടർന്ന്, ഇതേ എഡിജിപിയെ വേദിയിലിരുത്തി മുഖ്യമന്ത്രി പരസ്യമായി അന്വേഷണം പ്രഖ്യാപിച്ചെങ്കിലും, അത് പ്രഹസനമായി ഭവിക്കുന്നതും ജനങ്ങൾ കണ്ടു. ആരോപണവിധേയനായ ഉന്നതഉദ്യോഗസ്ഥനും പൊളിറ്റിക്കൽ സെക്രട്ടറിയും പദവികളിൽ തുടരുന്നു. എഡിജിപിയുടെ തന്നെ കീഴുദ്യോഗസ്ഥരെയാണ് അദ്ദേഹത്തിനെതിരെ അന്വേഷണത്തിന് നിയോഗിച്ചിരിക്കുന്നത്. ഇതിനപ്പുറം പ്രഹസനം എന്തുണ്ട്? സേനയ്ക്ക് മാനക്കേടുണ്ടാക്കിയതിന്റെ പേരിൽ അൻവറുമായി ഫോണിൽ സംസാരിച്ച എസ്പിയെ സസ്പെന്റ് ചെയ്തിട്ടുണ്ട്. എഡിജിപിയെ പദവിയിൽനിന്ന് മാറ്റിനിർത്തി അന്വേഷിക്കണമെന്ന് സംസ്ഥാനപൊലീസ് മേധാവി ആവശ്യപ്പെട്ടിട്ടും മുഖ്യമന്ത്രി തയ്യാറായില്ല എന്നാണ് റിപ്പോർട്ടുകൾ. പ്രതിപക്ഷവും ഭരണമുന്നണിയിലെ രണ്ടാമനായ സിപിഐ ഉൾപ്പെടെ പല ഘടകകക്ഷികളും ആവശ്യപ്പെട്ടിട്ടും ഇപ്പോഴും അജിത് കുമാർ തൽസ്ഥാനത്ത് തുടരുന്നു.

മുഖ്യമന്ത്രിയെ നേരിട്ടുകണ്ട അൻവർ തുടക്കത്തിൽ മയപ്പെട്ടുവെങ്കിലും, അടുത്ത ദിവസങ്ങളിൽ വീണ്ടും പൊലീസ് ഉന്നതർക്കെതിരെ ആഞ്ഞടിക്കുകയുണ്ടായി. പിന്നാലെ, എഡിജിപി അജിത് കുമാർ ആർഎസ്എസ് ജനറൽ സെക്രട്ടറിയുമായും ആർഎസ്എസ്-ബിജെപി നേതാവ് റാംമാധവുമായും കൂടിക്കാഴ്ച്ച നടത്തിയതിന്റെയും വിവരം പുറത്തുവന്നു. ആർഎസ്എസിന്റെ സംഘടനാ സംവിധാനത്തിൽ രണ്ടാമനായ ദത്താത്രേയ ഹോസബെല്ലയുമായി കൂടിക്കാഴ്ച്ച നടത്തിയത് അജിത് കുമാർ സ്ഥിരീകരിച്ചിട്ടുണ്ട്. എന്നാൽ പിണറായി വിജയന്റെ വിശ്വസ്തനായ ഈ ഉദ്യോഗസ്ഥൻ, ലോക്സഭാ തിരഞ്ഞെടുപ്പിനുമുമ്പ് ആർഎസ്എസ് നേതാക്കളുമായി ചർച്ച നടത്തിയെന്നത് വലിയൊരു രാഷ്ട്രീയവിവാദത്തിനു തിരികൊളുത്തി. തൃശ്ശൂർ പൂരം കലക്കി ബിജെപി വിജയത്തിനു വഴിവെട്ടിയതിനു പിന്നിൽ എഡിജിപിയുടെ ഇടപെടലുണ്ടെന്ന് പറഞ്ഞത് പി.വി.അൻവർഎംഎൽഎതന്നെയാണ്. എഡിജിപിയുടെ സന്ദർശനം മുഖ്യമന്ത്രി അറിയാതെ നടക്കില്ല എന്നത് സിപിഐ(എം) അണികൾക്കു പോലും അറിയാം. ഇന്റലിജൻസ് വിഭാഗവും സ്പെഷ്യൽ ബ്രാഞ്ചുമൊക്കെ വഴി ഇക്കാര്യങ്ങൾ മുഖ്യമന്ത്രിയുടെ ചെവിയിലെത്തിയിട്ടുണ്ടെന്നത് തർക്കമില്ലാത്ത വസ്തുതയാണ്.

പിണറായി വിജയൻ സർക്കാരിന്റെ നാളിതുവരെയുള്ള ഭരണത്തിൽ കേന്ദ്രത്തിലെ ബിജെപി സർക്കാരിനോട് നയപരമായുള്ള വിധേയത്വത്തിന് എത്രയോ തെളിവുകളുണ്ട്. എന്നാൽ, മുഖ്യമന്ത്രിയുടെ അറിവോടെ അദ്ദേഹത്തിന്റെ ഏറ്റവും വിശ്വസ്തൻ ആർഎസ്എസുമായി രഹസ്യചർച്ചകൾ നടത്തിയതിലൂടെ വഞ്ചിക്കപ്പെട്ടത് കേരളത്തിലെ ഇടതുപക്ഷമനഃസാക്ഷിയും ഇന്നും സിപിഐ(എം)ൽ അടിയുറച്ചു വിശ്വസിക്കുന്ന അണികളുമാണ്. ഇനി അദ്ദേഹം ഇതൊന്നും അറിഞ്ഞില്ല എന്നാണ് വാദമെങ്കിൽ, മൂക്കിനു താഴെനടക്കുന്ന കാര്യങ്ങൾപോലും അറിയാൻ കെൽപ്പില്ലാത്ത, തടയാൻ ശേഷിയില്ലാത്ത ഇങ്ങനെയൊരാളാണോ കേരളത്തിന്റെ ഭരണം മുന്നോട്ടുകൊണ്ടുപോകേണ്ടത് എന്ന് രാഷ്ട്രീയകേരളം ചിന്തിക്കേണ്ടതുണ്ട്. അധികാരത്തിന്റെ തണലിൽ മാഫിയ സ്വഭാവത്തിലുള്ള പ്രവർത്തനങ്ങളും കുറ്റകൃത്യങ്ങളും വളരുകയാണ് കേരളത്തിൽ എന്നതും തെളിഞ്ഞ കാര്യമാണ്.

### ഗുരുതര കുറ്റകൃത്യങ്ങളുടെ ആസ്ഥാനമാകുന്ന മുഖ്യമന്ത്രിയുടെ ഓഫീസ്

പിണറായി വിജയന്റെ കഴിഞ്ഞ ഭരണകാലത്താണ് സ്വർണ്ണക്കടത്തുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ഓഫീസ് സംശയനിഴലിൽ വന്നത്. മുഖ്യമന്ത്രിയുടെ വിശ്വസ്തനായ പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന ഐഎഎസ് ഉദ്യോഗസ്ഥൻ എം.ശിവശങ്കർ ഈ കേസിൽ അറസ്റ്റിലാകുകയും ജയിലിൽ കിടക്കുകയും ചെയ്തു. ഏറെ മുന്നോട്ടുപോകാതെ അന്വേഷണം മരവിച്ചുവെങ്കിലും മുഖ്യമന്ത്രിയുടെ ഓഫിസിലെ ഉന്നതർ അതിൽ ഇടപെട്ടിട്ടുണ്ടെന്നത് പകൽപോലെ വ്യക്തമായി. ഇപ്പോഴത്തെ ആരോപണങ്ങൾ എത്തിനിൽക്കുന്നതാകട്ടെ മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറിയും വിവിധ ആരോപണങ്ങളാൽ കളങ്കിതനായി സിപിഐ(എം)ൽനിന്നും പുറത്താക്കേണ്ടി വന്നിട്ടുള്ളതുമായ പി.ശ

(ശേഷം 4-ാം പേജിൽ)

---

# എട്ട് മണിക്കൂർ ജോലി

(2-ാം പേജിൽ നിന്ന്)

കൂടുതൽ തൊഴിലാളികളെ നിയമിച്ച് തൊഴിലാളികളുടെയും ജനങ്ങളുടെയും ജീവൻ രക്ഷിക്കുന്നതിനെപ്പറ്റി അവർ ചിന്തിക്കുന്നതേയില്ല.

അദ്ധ്വാനത്തിന്റെ രംഗത്ത് ഏറ്റവും വൈദഗ്ധ്യത്തോടെ പ്രവർത്തിക്കേണ്ട രംഗമാണ് ഐടി മേഖല. ലോകമെമ്പാടുമുള്ള വൻകിട മുതലാളിമാർ അതിശയിപ്പിക്കുന്ന രീതിയിൽ ലാഭം കുന്നുകൂട്ടുന്ന മേഖലയാണിത്. കോവിഡ് മഹാമാരിയുടെ കാലത്ത് ലോകമാകെ തകർന്നടിഞ്ഞപ്പോൾ ഇക്കൂട്ടർക്കത് കൊയ്ത്തുകാലമായിരുന്നു. പക്ഷേ ഈ മേഖലയിൽ പണിയെടുക്കുന്നവർ മദ്ധ്യകാലത്തെ ഇരുണ്ടയുഗത്തിൽ പണിയെടുത്ത ഖനിത്തൊഴിലാളികൾ അനുഭവിച്ച തൊഴിൽ ചൂഷണമാണ് നേരിടുന്നത്. എൻജിനീയറിങ് കോളജുകൾ വൻതോതിൽ ആരംഭിച്ച്, തൊഴിൽരഹിതരുടെ വൻ സഞ്ചയം സൃഷ്ടിച്ച്, അവരെ തൊഴിലില്ലായ്മയുടെ കെണിയിൽ അകപ്പെടുത്തിയാണ് ഈ നിഷ്ഠുര ചൂഷണത്തിന് അരങ്ങൊരുക്കുന്നത്. സ്പെഷ്യൽ ഇക്കണോമിക് സോൺ ആയി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള ഈ മേഖലകളിൽ തൊഴിൽ സമയത്തെപറ്റിയുള്ള യാതൊരു നിയമങ്ങളും മാനദണ്ഡങ്ങളും ബാധകമല്ല. യുവത്വവും ഊർജ്ജസ്വലതയും എത്രയും വേഗം ഊറ്റിയെടുത്ത്, ചുരുങ്ങിയ കാലംകൊണ്ട് ചണ്ടിയാക്കി, തൊഴിലിൽ നിന്നും ചവിട്ടി പുറംതള്ളി, പുതുരക്തത്തെ തേടുകയാണ് അവരുടെ രീതി. കമ്പ്യൂട്ടറിനുമുമ്പിൽ ബുദ്ധിയും ശ്രദ്ധയും കേന്ദ്രീകരിച്ച് ആരോഗ്യകരമായി പണിയെടുക്കാവുന്നത് അഞ്ചുമണിക്കൂർ വരെയാണ്. പക്ഷേ 12,14,16 മണിക്കൂർവരെയാണ് അവരെക്കൊണ്ട് പണിയെടുപ്പിക്കുന്നത്. അതും യാതൊരു തൊഴിൽ നിയമത്തിന്റെയും പിൻബലവുമില്ലാതെ. അടുത്തയിടെ കർണാടക സർക്കാർ ഐടി മേഖലയിൽ 14 മണിക്കൂർവരെ പണിയെടുപ്പിക്കാൻ അനുമതി നൽകുന്ന നിയമം കൊണ്ടുവന്നത് തൊഴിലാളി സമൂഹത്തെയാകെ ഞെട്ടിച്ചു. കിരാതമായ തൊഴിൽ ചൂഷണത്തിന് നിയമപ്രാബല്യം നൽകുന്നത് എല്ലാ മാനുഷിക നീതിയുടെയും പരിഷ്കൃതിയുടെയും സങ്കൽപ്പങ്ങൾക്ക് അതീതമായിരുന്നു. അദാനിക്കും അംബാനിക്കുമെതിരെ ഘോരഘോരം പ്രസംഗിക്കുന്ന രാഹുൽഗാന്ധി നയിക്കുന്ന കോൺഗ്രസ് പാർട്ടിയുടെ സർക്കാരാണിത് കൊണ്ടുവന്നത് എന്നത് മുതലാളി വർഗ്ഗത്തിന്റെ കാര്യസ്ഥന്മാർക്ക് പാർട്ടി വ്യത്യാസമില്ല എന്ന് വ്യക്തമാക്കുകയാണ്. 60 ലക്ഷം ഐടി പ്രൊഫഷണലുകളുടെ ജീവിതം നശിപ്പിക്കാൻ പോന്നതാണ് ഈ നീക്കം.

കുടുംബത്തോടൊത്തുള്ള ജീവിതത്തിന്റെയും സാമൂഹിക ഇടപാടുകളുടെയും ആവശ്യകതകൾ ഒരുവന്റെ ആവാസ മേഖലകളുമായി, ജനിച്ചുവളർന്ന ഇടവുമായി ബന്ധപ്പെട്ടു കിടക്കുന്നു. അതിനാൽ ആ ഇടപാടുകൾക്ക് മതിയായ സമയം ആവശ്യമുണ്ട്. അതിനാൽ തന്നെ ഐടി മേഖലകളിൽ പണിയെടുക്കുന്നവരെ സ്വന്തം ഇടങ്ങളിൽ നിന്ന് തട്ടിപ്പറിച്ച് അന്യനാട്ടിൽ നിയോഗിക്കുക എന്നത് ഒരു സമ്പ്രദായമായി മാറിയിരിക്കുന്നു. അതിനാലാണ് കേരളീയരെ ആന്ധ്രയിലും കർണാടകയിലും അവിടെയുള്ളവരെ തിരിച്ചും നിയമിക്കുന്നത്. കാഴ്ചയെ ബാധിക്കുന്നതും അസ്ഥി സംബന്ധവുമായ രോഗങ്ങൾ, കടുത്ത മാനസിക സമ്മർദ്ദം, വിഷാദരോഗം, ഉറക്കപ്രശ്നങ്ങൾ, ദഹനപ്രശ്നം, ഹൃദയസംബന്ധമായ അസുഖങ്ങൾ, പ്രത്യുൽപാദനപരമായ പ്രശ്നങ്ങൾ, ദാമ്പത്യ പ്രശ്നങ്ങൾ, രോഗപ്രതിരോധശേഷി കുറയുന്നത് തുടങ്ങി സമൂഹത്തിലെ ഏറ്റവും ബൗദ്ധികശേഷിയുള്ള ഈ വിഭാഗം തൊഴിലാളികളെ ബാധിക്കുന്ന ഗുരുതരമായ പ്രശ്നങ്ങൾ അനവധിയാണ്. ഇന്ത്യയിലെ 60 ലക്ഷത്തോളം വരുന്ന ഐടി ജീവനക്കാരിൽ 80 ശതമാനവും തൊഴിൽ സമ്മർദ്ദങ്ങൾ കാരണം മാനസിക പ്രശ്നങ്ങൾ നേരിടുന്നവരാണെന്ന് Deloitte എന്ന പ്രമുഖ കൺസൾട്ടൻസി നടത്തിയ പഠനങ്ങൾ വ്യക്തമാക്കുന്നു.

50 ലക്ഷം പേർ പണിയെടുക്കുന്ന സ്വകാര്യആശുപത്രി മേഖലയിലെയും നാലുകോടിയാളുകൾ പണിയെടുക്കുന്ന ചെറുകിട വ്യാപാര സ്ഥാപനങ്ങളിലെയും തൊഴിലാളികൾക്ക് 12 മണിക്കൂറും അതിലധികവും പണിയെടുക്കേണ്ടിവരുന്നു. നമ്മുടെ സംസ്ഥാനത്ത് സർക്കാർ വകുപ്പായി പ്രവർത്തിച്ച് പിന്നീട് കോർപ്പറേഷൻ ആക്കി മാറ്റിയ കെഎസ്ആർടിസിയെ തകർക്കാനും തൊഴിൽ നിയമങ്ങൾക്കു പുറത്ത് തൊഴിലാളികളെ ചൂഷണം ചെയ്യാനുമായി അതിനുള്ളിൽ തന്നെ സ്വിഫ്റ്റ് എന്ന കമ്പനിയെ സർക്കാർ കൊണ്ടുവന്നു. അവിടെ 12 മണിക്കൂറാണ് തൊഴിൽ സമയം. അതിൽ തന്നെയുള്ള ഒരു വിഭാഗം അതിരാവിലെ സ്റ്റേഷനിൽ വന്ന് തങ്ങളുടെ ഊഴം കാത്തിരിക്കുന്നു. ഡ്യൂട്ടി അനുവദിച്ചു കിട്ടുന്നതുവരെ. ഡ്യൂട്ടി ആരംഭിക്കുന്നതു മുതലാണ് തൊഴിൽസമയം കണക്കാക്കുക. വാഹനത്തിലും നിരത്തിലും സഞ്ചരിക്കുന്ന മനുഷ്യജീവനെ അപകടപ്പെടുത്തിയേക്കാവുന്ന ഒരു ദൗത്യം നിർവഹിക്കുന്നവരെയാണ് ഈ വിധത്തിൽ ചൂഷണത്തിന് വിധേയമാക്കുന്നത്. യാതൊരു നിയമപരിരക്ഷയും തൊഴിലവകാശങ്ങളും ഇല്ലാതാക്കി സർക്കാർ തന്നെ സ്വന്തം തൊഴിലാളികളെ ചൂഷണം ചെയ്ത് സ്വകാര്യമേഖലയ്ക്ക് മാതൃക കാട്ടുകയാണിവിടെ. തൊഴിലിടങ്ങളിൽ താമസസൗകര്യങ്ങൾ ഏർപ്പെടുത്താത്തതിനാൽ ദീർഘസമയം യാത്ര ചെയ്താണ് മിക്ക തൊഴിലാളികളും പണിക്കെത്തുക. ആ സമയം കൂടെ തൊഴിൽ സമയത്തിൽ ഉൾപ്പെടുത്തിയാൽ ജീവിക്കാൻ പിന്നെ അവശേഷിക്കുന്നതെന്തുണ്ട്. സർവ്വതൊഴിൽ മേഖലകളിലും ഇത്തരത്തിൽ തൊഴിൽ സമയം വർദ്ധിപ്പിച്ച് ചൂഷണം ചെയ്യുന്നതിന്റെ കണക്കവതരിപ്പിക്കാനാകും. വിസ്താരഭയത്താൽ അതിന് മുതിരുന്നില്ല.

സമ്പത്ത് സൃഷ്ടിക്കുന്ന ഏക മനുഷ്യശക്തിയായ തൊഴിലാളികൾക്ക് സ്വന്തം ശാരീരിക മാനസിക ആരോഗ്യം നിലനിർത്തി അധ്വാനത്തിൽ പങ്കെടുക്കാവുന്ന തൊഴിൽ സമയം 8 മണിക്കൂർ ആയിരിക്കവേ അത് 12 മണിക്കൂറിലേക്ക് വർദ്ധിപ്പിച്ചെടുക്കാൻ ലോകമെങ്ങുമുള്ള മുതലാളി വർഗ്ഗം ശ്രമിക്കുന്നതിന്റെ കാരണമെന്താണ്? പരമാവധി ചൂഷണം ഉറപ്പാക്കി അവരെ മൂന്നുഷിഫ്റ്റിൽനിന്ന് രണ്ടുഷിഫ്റ്റിലേയ്ക്ക് കുറയ്ക്കുക എന്നതാണ്. 24 മണിക്കൂറും പ്രവർത്തിക്കുന്ന തൊഴിൽ സ്ഥാപനങ്ങളിൽ എട്ടുമണിക്കൂർ എന്നാൽ മൂന്ന് ഷിഫ്റ്റ് പ്രവർത്തിക്കേണ്ടിവരും, 12 മണിക്കൂറാണെങ്കിൽ 2 ഷിഫ്റ്റ് മതിയാകും. മൂന്നിലൊന്ന് തൊഴിൽ സേനയെ കുറയ്ക്കാനാവും. ഇതാണ് അവരുടെ ലക്ഷ്യം. അതായത്, ഇന്ത്യയിലാകമാനം എട്ടുമണിക്കൂർ തൊഴിൽ സമയം എന്ന് നിഷ്കർഷിക്കുകയാണെങ്കിൽ ഇന്ത്യയിലെ 60 കോടി വരുന്ന തൊഴിൽ സേനയിൽ എത്ര അധികം പുതിയ തൊഴിൽ സൃഷ്ടിക്കാമെന്നും തൊഴിലില്ലായ്മ എത്രമാത്രം കുറയ്ക്കാമെന്നും ആലോചിക്കുക.

ഈ സാഹചര്യത്തിൽ തൊഴിലാളികളുടെ പ്രവൃത്തി സമയം എട്ടുമണിക്കൂറായി കുറയ്ക്കണമെന്ന ഡിമാന്റിന്, മെയ്ദിന പോരാട്ടങ്ങൾക്ക് ഒന്നര നൂറ്റാണ്ടിനിപ്പുറവും എത്രയധികം പ്രാധാന്യമുണ്ടെന്ന് തൊഴിലാളി വർഗ്ഗമാകെ ചിന്തിക്കേണ്ടതുണ്ട്. നമ്മുടെ പ്രക്ഷോഭങ്ങളുടെ ഒരു പ്രധാന പോർമുഖം ഇതാവണം. ■

# സാമൂഹ്യവിരുദ്ധ ഇടപാടുകളുടെ കാര്യസ്ഥന്മാരായ പുത്തൻകൂറ്റ് ധനികരെ ഇടതുകുപ്പായമണിയിക്കുന്ന സിപിഐ(എം)

(3–ാം പേജിൽ നിന്ന്)

ശിയിലും. സ്വർണ്ണക്കടത്തും അതുമായി ബന്ധപ്പെട്ട് കൊലപാതകമടക്കമുള്ള ഗുരുതര കുറ്റകൃത്യങ്ങളും ആ ഓഫീസിന്റെ മറയിൽ ആസൂത്രണം ചെയ്യുന്നു എന്ന ആരോപണമുയരുമ്പോഴും ശക്തമായ പ്രതിരോധമോ, വ്യക്തമായ തിരുത്തൽനടപടികളോ, പേരിനുപോലും അന്വേഷണമോ ഉണ്ടാകുന്നില്ല. മുഖ്യമന്ത്രിയുടെ മകളുടെ പേരിലുള്ള എക്സാലോജിക് കമ്പനിയുമായി ബന്ധപ്പെട്ട മാസപ്പടി ആരോപണം സംബന്ധിച്ച അന്വേഷണങ്ങളും എങ്ങനെ പോകുന്നുവെന്ന് നമ്മൾ കാണുന്നുണ്ട്.

സംസ്ഥാനത്തെ പദ്ധതി നിർവ്വഹണം ഇന്ന് നിയന്ത്രിക്കുന്നത് ധനകാര്യവകുപ്പല്ല, കിഫ്ബിയാണ്. കിഫ്ബിയുടെ തലപ്പത്തുള്ളത് മുഖ്യമന്ത്രിയുടെ മുഖ്യ പ്രിൻസിപ്പൽ സെക്രട്ടറി സ്ഥാനം കൂടി ക്യാബിനറ്റ് റാങ്കോടെ വഹിക്കുന്ന മുൻ ചീഫ് സെക്രട്ടറി കെ.എം.എബ്രഹാമാണ്. പഴയ എൽഡിഎഫ് സർക്കാരുകളിൽ പാർട്ടി ഭരിക്കുന്ന വകുപ്പുകളുടെ നിയന്ത്രണം പാർട്ടി സംസ്ഥാനനേതൃത്വത്തിനായിരുന്നു എന്നത് പരസ്യമായ രഹസ്യമാണ്. എന്നാൽ പിണറായി വിജയൻ സർക്കാരിൽ പാർട്ടിയല്ല, മുഖ്യമന്ത്രിയുടെ ഓഫീസാണ് എല്ലാ വകുപ്പുകളും നിയന്ത്രിക്കുന്നത്. പല വകുപ്പുകളിലും മന്ത്രിമാർ റബ്ബർസ്റ്റാമ്പുകൾ മാത്രമാകുന്നു. വകുപ്പ് മേധാവികളായ ഐഎഎസുകാരിലൂടെ മുഖ്യമന്ത്രിയുടെ ഓഫീസ് കാര്യങ്ങൾ നിയന്ത്രിക്കുന്നു. മുഖ്യമന്ത്രിയുടെ ഓഫീസിനെ നയിക്കുന്ന കുറച്ച് ഉപദേശകരും, സർവ്വീസിലുള്ളവരും വിരമിച്ചവരുമായ കുറച്ച് ഉദ്യോഗസ്ഥരും പിന്നെ പൊളിറ്റിക്കൽ സെക്രട്ടറിയും ഉൾപ്പെടുന്ന അധികാരകേന്ദ്രമാണ് സംസ്ഥാന ഭരണത്തെ ആകമാനം നയിക്കുന്നത്. മൂലധനതാൽപ്പര്യം മാത്രം മുൻനിർത്തിക്കൊണ്ട് ആഗോളവൽക്കരണ–നവലിബറൽ നയങ്ങളുടെ സമഗ്രനടത്തിപ്പ് ഉറപ്പാക്കാനുള്ളതാണ് ഈ അധികാരകേന്ദ്രം. സർക്കാരിനെ നയിക്കുന്ന പാർട്ടി ഏതാണെങ്കിലും നയങ്ങളുടെ കടുകിട മാറാത്ത തുടർച്ച ഉറപ്പാക്കുന്നതും ഈ അധികാരകേന്ദ്രമാണ്.

പിണറായി വിജയന്റെ കഴിഞ്ഞ തവണത്തെയും ഇത്തവണത്തെയും സർക്കാരുകളുടെ കാലയളവുകളിൽ ഉണ്ടായ എല്ലാ വിവാദ ഇടപാടുകളും ചെന്നുനിന്നത് മുഖ്യമന്ത്രിയുടെ ഓഫീസിലാണ്. ജനാധിപത്യാതീത ശക്തിയായി പ്രധാനമന്ത്രിയുടെയും മുഖ്യമന്ത്രിയുടെയുമൊക്കെ ഓഫീസ് മാറുന്നതാണ് ചങ്ങാത്ത മുതലാളിത്തത്തിന്റെ ഇക്കാലത്ത് ഇന്ത്യയിൽ നമ്മൾ കാണുന്നത്. അതു തന്നെയാണ് സിപിഐ(എം) നേതൃത്വത്തിൽ ഭരണം നടക്കുന്ന കേരളത്തിലും സംഭവിക്കുന്നത്. ഇപ്പോൾ അൻവർ എംഎൽഎയുടെ ആരോപണങ്ങൾ, സ്വർണ്ണം പൊട്ടിക്കലുൾപ്പടെ, ചെന്നെത്തിനിൽക്കുന്നതും മുഖ്യമന്ത്രിയുടെ ഓഫീസിലാണ്.

## തഴച്ചുവളരുന്ന ക്രിമിനൽ മൂലധനം, കുടപിടിക്കുന്ന കേന്ദ്ര–സംസ്ഥാന സർക്കാരുകൾ

അന്താരാഷ്ട്ര സ്വർണ്ണക്കള്ളക്കടത്തിന്റെ ശൃംഖലയിലേക്ക് കേരളവും കണ്ണിചേർക്കപ്പെട്ടിട്ടുണ്ടെന്നത് പരസ്യമായ രഹസ്യമാണ്. ആഫ്രിക്കയിൽനിന്ന് അനധികൃതമായി ഖനനം ചെയ്യപ്പെടുന്ന സ്വർണ്ണം ഗൾഫ് വഴി ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെത്തിക്കുന്ന കള്ളക്കടത്ത് ശൃംഖല പ്രവർത്തിക്കുന്നുണ്ടെന്നത് അന്താരാഷ്ട്രമാധ്യമങ്ങളടക്കം റിപ്പോർട്ട് ചെയ്ത കാര്യമാണ്.

## ഇടത് ലേബലിലെ അധോലോക വാഴ്ച

ഗൾഫിൽനിന്നും കേരളത്തിലേക്കുള്ള സ്വർണ്ണക്കടത്താകട്ടെ, എത്രയോ കാലമായി യാഥാർത്ഥ്യവുമാണ്. ചെറിയ തോതിലുള്ള കടത്തിനു പകരം സ്വർണ്ണക്കള്ളക്കടത്തിന്റെയും അതുമായി ബന്ധപ്പെട്ട പണമിടപാടുകളുടെയും ഹബ്ബായി കേരളം മാറി. പിണറായി വിജയൻ കേരളത്തിന്റെ മുഖ്യമന്ത്രിസ്ഥാനം ഏറ്റെടുത്തശേഷം ഇതിന് വളരെ ആക്കം കൂടിയതായാണ് റിപ്പോർട്ടുകൾ. ഒന്നാം പിണറായി സർക്കാരിനെ പിടിച്ചുകുലുക്കിയ സ്വർണ്ണക്കടത്തുകേസും ഇതിൽ മുഖ്യമന്ത്രിയുടെ ഓഫീസിലേക്കു വരെയെത്തിയ അന്വേഷണവും ഓർക്കുക. നയതന്ത്ര ചാനലുകൾ ഉപയോഗിച്ചുവരെ സ്വർണ്ണം കടത്തിയതായി കണ്ടെത്തിയിരുന്നു. ശിവശങ്കർ അഴിക്കകത്തായതോടെ അന്വേഷണം നിലച്ചു. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് എന്ന ഇഡിക്ക് പല്ലും നഖവും നൽകിയ പിഎംഎൽഎ നിയമം കള്ളക്കടത്തും അതുമായി ബന്ധപ്പെട്ട് കള്ളപ്പണം വെളുപ്പിക്കലും അന്വേഷിക്കാനും നടപടിയെടുക്കാനുമാണ്. എന്നാൽ ഇത്തരത്തിൽ, രാജ്യത്തെ തന്നെ ഏറ്റവും പ്രമാദമായ കേസായി ഉയർന്നുവന്നിട്ടും, അതിൽ രാജ്യസുരക്ഷയുമായി ബന്ധപ്പെട്ട ഘടകങ്ങളുണ്ടായിട്ടും ഇഡിയോ കേന്ദ്രസർക്കാരിന്റെ മറ്റ് ഏജൻസികളോ ഇതിൽ അന്വേഷണം മുന്നോട്ടുകൊണ്ടുപോവുകയോ നടപടികളെടുക്കുകയോ ചെയ്തോ? വീണ്ടും വീണ്ടും സ്വർണ്ണക്കടത്ത് പിടിക്കുന്ന കേസുകൾ റിപ്പോർട്ട് ചെയ്യുന്നു. ആരെല്ലാമാണിതിന്റെ ഗുണഭോക്താക്കൾ? എവിടെയെല്ലാമാണീ തുകകൾ നിക്ഷേപിക്കപ്പെടുന്നത്? അന്വേഷിക്കേണ്ടത് കേവലം സംസ്ഥാന പൊലീസ് മാത്രമല്ല. രാജ്യത്തിന്റെ സാമ്പത്തിക ഘടനയെത്തന്നെ അട്ടിമറിക്കുന്ന ഈ വിഷയത്തിൽ എത്ര ഉദാസീനമായ നിലപാടാണ് കേന്ദ്രസർക്കാർ കൈക്കൊള്ളുന്നത്. താരതമ്യേന ഇതിലുമെത്രയോ ആഘാതം കുറഞ്ഞ കേസുകളിലാണ് മറ്റു സംസ്ഥാനങ്ങളിൽ മുഖ്യമന്ത്രിമാരടക്കം അഴിക്കുള്ളിലായത്. എന്നാൽ പ്രതിപക്ഷം ഭരിക്കുന്ന മറ്റു സംസ്ഥാനങ്ങളിൽ ഉറഞ്ഞുതുള്ളുന്ന ഇഡി, അന്വേഷണം പിണറായി വിജയനിലേക്കെത്തുമ്പോൾ വാലുചുരുട്ടി പിൻവാങ്ങുന്നു. വീണ വിജയന്റെ സ്ഥാപനം ഉൾപ്പെട്ട സിഎംആർഎൽ മാസപ്പടി കേസിലും,കള്ളപ്പണം വെളുപ്പിക്കൽ ആരോപണമുണ്ടായിരിക്കെ ഇഡിയുടെ മുട്ടിടിക്കുന്നത് നമ്മൾ കാണുന്നുണ്ട്.

കേരളത്തിൽ പിടിമുറുക്കിയിരിക്കുന്ന ക്രിമിനൽ സ്വഭാവമുള്ള മൂലധനവും അത് സൃഷ്ടിക്കുന്ന പ്രതിസന്ധികളും നമ്മൾ ചർച്ച ചെയ്യേണ്ടതുണ്ട്. അത് സ്വർണ്ണക്കടത്തിലോ മറ്റ് കള്ളക്കടത്തിലോ മാത്രം ഒതുങ്ങുന്നതല്ല. വിവിധ മാഫിയകളുടെ പിടിയിലാണിന്ന് കേരളം എന്നു പറഞ്ഞാൽ അതിശയോക്തിയില്ല. കേരളത്തിന്റെ മലകൾ തുരന്നും തകർത്തും യാതൊരു ദാക്ഷിണ്യവുമില്ലാതെ പാറപൊട്ടിച്ച് കടത്തുന്ന ക്വാറി–ക്രഷർ യൂണിറ്റുകൾ എത്രയോ ഇടങ്ങളിൽ സാധാരണക്കാരുടെ സ്വൈരജീവിതത്തിന് ഭീഷണിയാണിന്ന്. ദുരിതമനുഭവിക്കുന്ന സാധാരണക്കാർക്കൊപ്പമല്ല, അവരുടെ ജീവനും സ്വത്തിനും ഭീഷണിയായ ക്വാറിമാഫിയയ്ക്കൊപ്പമാണ് ഭരണകൂടം. വയനാട് അടക്കമുള്ള ദുരന്തങ്ങൾ ആവർത്തിച്ചിട്ടും യാതൊരു മാറ്റവും ഇതിൽ കാണുന്നില്ല. കേരളമെമ്പാടും പിടിമുറുക്കി, സാധാരണക്കാരന് ഒരു തുണ്ട് ഭൂമിപോലും വാങ്ങാനാകാത്ത സ്ഥിതി സൃഷ്ടിക്കുകയും ഭൂമി തട്ടിയെടുക്കുകയും ചെയ്യുന്ന റിയൽ എസ്റ്റേറ്റ് സംഘങ്ങളും പ്രവർത്തിക്കുന്നു. ആലപ്പുഴയിലെ തോട്ടപ്പള്ളിയിൽ മാഫിയ സ്വഭാവത്തിൽ തന്നെയാണ് കരിമണൽ ഖനനം നടത്തുന്നത്. കെഎംഎംഎല്ലിന്റെയും പ്രളയ പ്രതിരോധത്തിന്റെയുമൊക്കെ പേരു പറഞ്ഞാണ് ആ പ്രദേശത്തെ ഇല്ലാതാക്കുംവിധം മണൽ കടത്തുന്നത്.

നമ്മുടെ കുട്ടികളെപ്പോലും ഇരകളാക്കിക്കൊണ്ട്, കേരളീയ യുവതയെ അടിമകളാക്കി ലഹരിമാഫിയ തഴയ്ക്കുകയാണ്. സ്വർണ്ണം പോലെതന്നെ ലഹരിക്കടത്തിന്റെയും ഹബ്ബായി കേരളം മാറുകയാണെന്നാണ് റിപ്പോർട്ടുകൾ. സിന്തറ്റിക് ലഹരിയെന്ന അതിമാരക പദാർത്ഥങ്ങൾ ഗ്രാമങ്ങളിൽപ്പോലും സുലഭമാകുന്നു. മറുവശത്ത്, സ്ത്രീകളെയും കുട്ടികളെയുംപോലും ലഹരിയിലേക്ക് കൈപിടിച്ചു നടത്താൻ പാകത്തിൽ മദ്യം കുത്തിയൊഴുക്കി സംസ്ഥാന സർക്കാർ തന്നെ ലഹരിവ്യാപനത്തിന് അടിത്തറയൊരുക്കുന്നു. എല്ലാ മാനദണ്ഡങ്ങളും കാറ്റിൽപ്പറത്തി നിർല്ലോഭമായി ബാർ ലൈസൻസുകൾ അനുവദിച്ചതും ബെവ്കോ വിൽപ്പനശാലകൾ വർധിപ്പിച്ചതും പിണറായി വിജയൻ സർക്കാരാണ്.

തൊഴിൽനിയമങ്ങൾ കാറ്റിൽപ്പറത്തി അങ്ങേയറ്റം തൊഴിൽചൂഷണം നടമാടുന്ന തരത്തിലാണ് കേരളത്തിൽ പുത്തൻ മൂലധനസംരംഭങ്ങൾപലതുംപ്രവർത്തിക്കുന്നത്. നിയമപരമായും അല്ലാതെയും പ്രവർത്തിക്കുന്ന പണമിടപാട് സ്ഥാപനങ്ങൾ വേറേ. മൂലധനത്തിന് ക്രിമിനൽ സ്വഭാവമേറുന്നു. ക്രിമിനൽ രീതിയിൽ സമാഹരിക്കപ്പെടുന്ന മൂലധനം നിക്ഷേപമായി മാറി, കോർപ്പറേറ്റ് മൂലധനമായി പരിവർത്തനപ്പെടുന്നത് സമീപകാല യാഥാർത്ഥ്യമാണ്. അത് ഏതുവിധേനയും കൂടുതൽ വളരാനും വികസിക്കാനും ഭരണകൂടത്തിന്റെ ചങ്ങാത്തവും തണലും ഉപയോഗപ്പെടുത്തി, വഴിവിട്ടതും ജനാധിപത്യവിരുദ്ധവും തൊഴിലാളിവിരുദ്ധവുമായ മാർഗ്ഗങ്ങളടക്കം സ്വീകരിക്കുന്നു.

## പൊലീസ് നിയന്ത്രണം സംഘപരിവാറിനോ?

പി.വി.അൻവറിന്റെ ആരോപണങ്ങൾ ഇപ്പോൾ മറനീക്കി പുറത്തു കൊണ്ടുവന്നിരിക്കുന്ന ഒരു വസ്തുത, പിണറായി വിജയൻ സർക്കാരിൽ സംഘപരിവാറിനുള്ള സ്വാധീനമാണ്. പ്രത്യേകിച്ചും പൊലീസിൽ. എഡിജിപി അജിത് കുമാർ ആർഎസ്എസ് നേതാക്കളെ സന്ദർശിച്ച് ചർച്ച നടത്തിയത് കേവലം യാദൃച്ഛികമായ സംഗതിയല്ല. ശബരിമല വിവാദത്തിൽ മുതലെടുക്കാൻ ബിജെപിക്കും സംഘപരിവാറിനും പൊലീസ് അവസരമൊരുക്കിക്കൊടുത്തിട്ടുണ്ട്. തിരഞ്ഞെടുപ്പുകാലത്ത് തൃശ്ശൂർ പൂരത്തിൽ പൊലീസ് കുഴപ്പമുണ്ടാക്കിയത് അങ്ങേയറ്റം ദുരൂഹമാണ്. അതിനെക്കുറിച്ച് നടന്ന പോലീസ് അന്വേഷണത്തിന്റെ റിപ്പോർട്ട് 4 മാസം പിന്നിട്ടിട്ടും പുറത്തുവിട്ടിട്ടില്ല. പൂരം കലക്കൽ കേവലം അധികാരദുർവിനിയോഗം മാത്രമായിരുന്നില്ല, ആസൂത്രിതമായി അരങ്ങേറിയതാണെന്ന് ഇപ്പോൾ ഭരണകക്ഷി എംഎൽഎ തന്നെ സാക്ഷ്യപ്പെടുത്തുന്നു. അതിന്റെ ഗുണഭോക്താവാരായിരുന്നു എന്നും നമുക്കറിയാം. പൊലീസിൽ ഇന്ന് സിപിഐ(എം)ന്റെ പ്രാദേശികനേതാക്കളെക്കാൾ സ്വാധീനം പലയിടത്തും ബിജെപി നേതാക്കൾക്കുണ്ടെന്ന് അവർക്കുതന്നെയറിയാം. സംസ്ഥാന പൊലീസിന്റെ തലപ്പത്തുനിന്ന് പിണറായി സർക്കാരിന് അനഭിമതരായ ഉദ്യോഗസ്ഥർ യോഗ്യതയുണ്ടായിട്ടും മാറ്റിനിർത്തപ്പെട്ടപ്പോഴും ബിജെപി കേന്ദ്രനേതൃത്വത്തിന് താത്പര്യമുള്ളവർ അവരോധിക്കപ്പെടുന്നുണ്ട്. വിരമിച്ചശേഷം ബിജെപി പാളയത്തിൽ ചേരുന്ന ഉന്നത ഉദ്യോഗസ്ഥരെയും നമ്മൾ കാണുന്നു. സിപിഐ(എം)നോട് അനുഭാവം പ്രകടിപ്പിക്കുന്ന സ്വാമി സന്ദീപാനന്ദഗിരിയുടെ ആശ്രമത്തിലെ തീവെപ്പുകേസിൽ ആർഎസ്എസ് ബന്ധമുള്ള പ്രതികളെ സംരക്ഷിക്കാൻ പൊലീസ് നടത്തുന്ന കളികൾ ഇപ്പോൾ പി.വി.അൻവറും വെളിപ്പെടുത്തിയിട്ടുണ്ട്. ഈ കേസ് അന്വേഷിച്ച ഡിവൈഎസ്പി ലോക്സഭ തിരഞ്ഞെടുപ്പിൽ ബിജെപിയുടെ ബൂത്ത് ഏജന്റായി പ്രവർത്തിച്ചു എന്ന ഗുരുതര ആരോപണവും അൻവർ ഉന്നയിച്ചു. അതിനും എത്രയോ മുമ്പ്, കേരള പൊലീസിലെ ആർഎസ്എസ് സെല്ലുകളെക്കുറിച്ച് പരാമർശിച്ചത് സിപിഐയുടെ ദേശീയ നേതാവായ ആനി രാജയായിരുന്നു.

കേന്ദ്രസർക്കാരിന്റെ നോമിനിയായതിനാലാണ് രമൺ ശ്രീവാസ്തവയെപ്പോലെ കുപ്രസിദ്ധനായ മുൻ പൊലീസ് ഉദ്യോഗസ്ഥൻ പിണറായി വിജയന്റെ ഉപദേശകനായി, ചീഫ് സെക്രട്ടറി റാങ്കിൽ നിയമിതനായത്. അദ്ദേഹത്തെയെന്നല്ല, ലോക്നാഥ് ബെഹ്റ മുതലുള്ള ഏവരെയും സന്തോഷപൂർവ്വം പിണറായി ഭരണം ഉന്നതങ്ങളിൽ കുടിയിരുത്തുന്നത് കേന്ദ്ര–സംസ്ഥാന സർക്കാരുകൾ തമ്മിലുള്ള സമവായത്തിന്റെ അടിസ്ഥാനത്തിലാണ്. ഇവരുടെ ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൂറു ശതമാനവും പിണറായി സർക്കാരിന് സ്വീകാര്യമാണ്. യുഎപിഎ ചുമത്തൽ, മാവോവേട്ടയുടെ പേരിലുള്ള ഏറ്റുമുട്ടൽ കൊലപാതകങ്ങൾ, ഗുണ്ടാവിളയാട്ടം, മാധ്യമവേട്ട, സമൂഹമാധ്യമ നിയന്ത്രണ നിയമങ്ങൾ തുടങ്ങി ഇരുസർക്കാരുകളുടെയും പോലീസ് നയങ്ങളിൽ കാണുന്ന അസാധാരണമായ സമവായം ഇപ്രകാരം വന്നതാണ്.

അൻവറിന്റെ ആരോപണങ്ങൾ നിഷേധിക്കാൻ സിപിഐ(എം)എം നേതൃത്വമോ സർക്കാരോ തയ്യാറായിട്ടില്ല എന്നതും ഗൗരവം വർദ്ധിപ്പിക്കുന്നു. നിഷേധിച്ചില്ല എന്നു മാത്രമല്ല, എഡിജിപി ആർഎസ്എസ് മേധാവിയുമായി ചർച്ച നടത്തിയതിനെ യാതൊരു ഉളുപ്പുമില്ലാതെ സിപിഐ(എം)ന്റെ പ്രധാനനേതാക്കൾ ന്യായീകരിക്കുന്നു. സ്പീക്കർ എ.എൻ.ഷംസീറാകട്ടെ, ആർഎസ്എസ് ഒരു പ്രധാന സംഘടനയാണെന്നുവരെ പറഞ്ഞാണ് എഡിജിപിയുടെ സന്ദർശനത്തെ ന്യായീകരിച്ചത്. കേരള പൊലീസിലെ ആർഎസ്എസ് ഇടപെടലിൽ ഒരു പ്രശ്നവും ഇക്കൂട്ടർ കാണുന്നില്ലെന്നതാണ് ഏറ്റവും കൗതുകകരം. ബിജെപി നേതാവ് പ്രകാശ് ജാവദേക്കറുമായി ഇടതുമുന്നണി കൺവീനറായിരുന്ന ഇ.പി.ജയരാജൻ നടത്തിയ കൂടിക്കാഴ്ച്ചയും ഇവിടെ കൂട്ടിവായിക്കണം. അപ്പോൾ

(ശേഷം 5–ാം പേജിൽ)

# ഉദാത്തമായ മാർക്സിസ്റ്റ് – ലെനിനിസ്റ്റ് ദർശനത്തിന് സിപിഐ(എം) തീരാകളങ്കം ചാർത്തുന്നു

*(4–ാം പേജിൽനിന്ന്)*

യഥാർത്ഥത്തിൽ ഇവരുടെ രാഷ്ട്രീയം എന്തിനെ പ്രതിനിധാനം ചെയ്യുന്നുവെന്ന് ഇടത് അനുഭാവികളടക്കമുള്ള സാധാരണ ജനങ്ങൾ ആലോചിക്കേണ്ടിയിരിക്കുന്നു.

### അൻവറിന്റെ വെളിപ്പെടുത്തലുകൾ വിലപേശലുകൾ മാത്രം

ആരാണ് പി.വി.അൻവർ? നീതിയുടെ പക്ഷത്തുനിന്ന് പോരാട്ടം നയിച്ച വീരകഥകളുടെ ചരിത്രമൊന്നും ഇദ്ദേഹത്തിനില്ല. എംഎൽഎയും കുടുംബവും 31.26 ഏക്കർ മിച്ചഭൂമി കേരള ഭൂപരിഷ്കരണ നിയമത്തിനുവിരുദ്ധമായി കൈവശംവച്ചിട്ടുണ്ടെന്ന് താമരശ്ശേരി ലാന്റ് ബോർഡ് റിപ്പോർട്ട് നൽകിയിരുന്നത് കേരളം മറന്നിട്ടില്ല. കൈവശംവച്ച മിച്ചഭൂമിയെ സംബന്ധിച്ച് എംഎൽഎ വ്യാജരേഖകൾ ചമച്ച് ലാന്റ് യൂസ് ബോർഡിനു നൽകിയെന്നും റിപ്പോർട്ടിലുണ്ട്. പരിസ്ഥിതി നിയമം ലംഘിച്ച് നദിയുടെ പ്രവാഹത്തെ തടഞ്ഞുകൊണ്ട് ഇദ്ദേഹം പണിത തടയണ പൊളിച്ചുമാറ്റാൻ ഹൈക്കോടതി ഉത്തരവിട്ടിട്ടുണ്ട്. ഇദ്ദേഹം നടത്തിയിട്ടുള്ള പരിസ്ഥിതി നിയമലംഘനങ്ങളുടെ തൽസ്ഥിതി മനസ്സിലാക്കാൻ 2019ൽ അവിടെ സന്ദർശിക്കാൻ പോയ എം.എൻ.കാരശ്ശേരി മാഷിന്റെ നേതൃത്വത്തിലുള്ള പരിസ്ഥതി പ്രവർത്തകരുടെ സംഘത്തെ തടയുകയും കൈയേറ്റം ചെയ്യുകയും അവരുടെ ഫോൺ പിടിച്ചുവാങ്ങുകയും വാട്ടർ പാർക്കിന്റെ ദൃശ്യങ്ങൾ നശിപ്പിക്കുകയും ചെയ്തിരുന്നു. ഈ സംഘടിത ആക്രമണത്തിന് പോലീസിന്റെ എല്ലാ ഒത്താശയും ഉണ്ടായിരുന്നു. ഇദ്ദേഹം കൊലപാതകക്കേസിൽ വിചാരണ നേരിടുന്ന ആളുമാണ്. നിയമവിരുദ്ധമായി മറ്റുള്ളവരുടെ ഫോൺ ചോർത്തിയിട്ടുണ്ടെന്ന് സ്വയം സാക്ഷ്യപ്പെടുത്തിയ ആളുമാണ്.

അതിനാൽ ഇദ്ദേഹം നയിക്കുന്നത് അഴിമതിവിരുദ്ധ പോരാട്ടമൊന്നുമല്ല. എംഎൽഎ എന്ന നിലയിലും പണത്തിന്റെ മുഷ്കിലും ഭരണതലത്തിൽ തന്റെ എല്ലാത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കും ഒത്താശ ലഭിച്ചിരുന്ന ആളുമായിരുന്നു അദ്ദേഹം. ഈ ഒത്താശകൾക്ക് എവിടെയോ തടസ്സം വന്നപ്പോൾ, ചിലരുടെ അധോലോകനടപടികൾ പരസ്യമാക്കി അദ്ദേഹം വിലപേശുകയാണ്. സ്വന്തം താല്പര്യം സംരക്ഷിച്ചെടുക്കുന്നതിൽ അൻവറിനു വന്ന എന്തെങ്കിലും തടസ്സമോ പാർട്ടിയെയും ഭരണത്തെയും നിയന്ത്രിക്കുന്ന ഒരു വിഭാഗത്തിന്റെ നീരസമോ ഒക്കെയാകാം ഈ പെട്ടെന്നുള്ള പടയൊരുക്കത്തിനു കാരണം എന്നാണ് ന്യായമായും കരുതാവുന്നത്.

എന്നാൽ, ഈ വിലപേശലിന്റെ മുമ്പിൽ നിരായുധമായി, കീഴടങ്ങി നിൽക്കേണ്ട അപമാനകരമായ ഗതികേട് എന്തുകൊണ്ട് മുഖ്യമന്ത്രിക്കും കൂട്ടർക്കും ഉണ്ടായി? ഓരോരുത്തരുടെയും ഇരുണ്ട കൃത്യങ്ങളെക്കുറിച്ചുള്ള വിവരങ്ങളെല്ലാം മറ്റുള്ളവരുടെ കയ്യിലുണ്ട്. ഈ ഭരണത്തിന്റെ പിന്നിൽ ഇന്നോളം നടന്നിട്ടുള്ള എണ്ണമറ്റ മാഫിയാ പ്രവർത്തനങ്ങളിലെ പങ്കാളിയും സാക്ഷിയുമായ പി.വി.അൻവറെ ശത്രുപക്ഷത്തേക്ക് തള്ളിവിടാതിരിക്കാനുള്ള തത്രപ്പാടാണ് നാം കാണുന്നത്. മറ്റുള്ളവരുടെ ഫോൺ ചോർത്തി എന്ന് സ്വയം സാക്ഷ്യപ്പെടുത്തുന്ന എംഎൽഎക്കെതിരെ ഒരു എഫ്ഐആർ പോലും ഇടാൻ കഴിയാത്തതും ഒരു ഫലവുമുണ്ടാക്കാത്ത അന്വേഷണം പ്രഖ്യാപിച്ച് കാര്യങ്ങൾ ഒതുക്കിത്തീർക്കാനുള്ള ശ്രമങ്ങൾ നടത്തുന്നതും അതിനാലാണ്. മുഖ്യമന്ത്രിയുടെ ഓഫീസ് തന്നെ സ്വർണ്ണക്കടത്തും ഡോളർ കടത്തും ഉൾപ്പടെയുള്ള അധോലോകഇടപാടുകളുടെ കേന്ദ്രമാണെന്ന ആരോപണം നേരത്തെ ഉയരുകയും അന്വേഷണം നേരിടുകയും ചെയ്യുന്ന ഘട്ടത്തിലാണ്, ഇവയെല്ലാം കുടപിടിക്കുകയും കേസുകൾ ഒതുക്കിത്തീർക്കാൻ ഉപജാപം നടത്തുകയുമാണ് മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ പോലീസിലെ ഒരു ക്രിമിനൽ സംഘം ചെയ്യുന്നത് എന്ന അൻവറിന്റെ ആരോപണം പുറത്തുവന്നിട്ടുള്ളത്. അവയെ സംബന്ധിച്ച കൂടുതൽ വെളിപ്പെടുത്തലുകളെ മുഖ്യമന്ത്രിയും കൂട്ടരും ഭയപ്പെടുന്നു. അതിനാലാണ് ഈ ദയനീയമായ കീഴടങ്ങൽ.

**ഇടത് ലേബലിലെ അധോലോക വാഴ്ച**

### ഇടതുമേലങ്കിയണിയിച്ച് മുതലാളിത്തദാസർക്ക് സ്ഥാനമാനങ്ങൾ; മനം മടുത്ത് അനുഭാവികളും ജനങ്ങളും

ഒരു കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗങ്ങളാകുന്നത് ആരാണ്? എന്താണ് അവരുടെ യോഗ്യത? ഏറ്റവും ചുരുങ്ങിയത്, തൊഴിലാളിവർഗ്ഗം ചൂഷണമനുഭവിക്കുകയാണെന്നും, ചൂഷകരായ മുതലാളിവർഗ്ഗത്തെ ഭരണകൂടാധികാരത്തിൽനിന്നും തൂത്തെറിഞ്ഞ് തൊഴിലാളിവർഗ്ഗഭരണകൂടം സ്ഥാപിക്കുവാനുള്ള വിപ്ലവപ്രവർത്തനത്തിൽ അണിചേരണമെന്നുമുള്ള ഉറച്ച ബോധ്യമെങ്കിലുമുള്ളയാളായിരിക്കണം. സിപിഐ(എം) അങ്ങനെയുള്ള വിപ്ലവബോധ്യമുള്ള സംഘടനയല്ലെങ്കിൽപോലും, ചൂഷണത്തിന് അന്ത്യമുണ്ടാകണം എന്ന് ആത്മാർത്ഥമായി ആഗ്രഹിച്ച് പ്രവർത്തിക്കുന്ന ഒട്ടനേകം പേർ അവർക്കൊപ്പമുണ്ട്. എന്നാൽ കഴിഞ്ഞ ഒന്നു രണ്ടു ദശകങ്ങളായി നമ്മൾ കാണുന്നതെന്താണ്? ഇടതുപക്ഷ രാഷ്ട്രീയത്തോട് യാതൊരു ബന്ധവുമില്ലാത്തവരെയും, തികഞ്ഞ ബൂർഷ്വാ സ്വഭാവമുള്ളവരെയുമാണ് ചുവപ്പുപരവതാനി വിരിച്ച് സിപിഐ(എം) ആനയിക്കുന്നതും താക്കോൽ സ്ഥാനങ്ങളിൽ അവരോധിക്കുന്നതും. കോൺഗ്രസിൽനിന്നും മുസ്ലീം ലീഗിൽനിന്നും ബിജെപിയിൽനിന്നുമൊക്കെ കൂറുമാറിയെത്തുന്നവർ ഒറ്റരാത്രി കൊണ്ട് 'സഖാക്കളാകുന്നു', പ്രധാനസ്ഥാനങ്ങളിലെത്തുന്നു.

പി.വി.അൻവറിനെത്തന്നെ പരിശോധിക്കുക. എന്ത് ഇടതുപക്ഷരാഷ്ട്രീയമാണ് അദ്ദേഹത്തിന്റെ കൈമുതൽ? കോൺഗ്രസിനൊപ്പം സഞ്ചരിച്ചയാൾ റിബലായി, പിന്നീട് ഇടതു സ്വതന്ത്ര എംഎൽഎ ആയി. പരിസ്ഥിതിയെയും തൊഴിലാളികളെയും പരമാവധി ചൂഷണം ചെയ്യുമെന്നും, സമ്പത്തുണ്ടാക്കാനായി നിയമവിധേയമല്ലാതെ പോലും ഏതറ്റംവരെയും പോകുമെന്നും പലവുരു തെളിയിച്ച തികഞ്ഞ മുതലാളിത്ത പ്രതിനിധികൾ സിപിഐ(എം)ന്റെ ലേബലിൽ സഖാവ് ചമയുമ്പോൾ തടയാനും തിരുത്താനും ആ പാർട്ടിയുടെ നേതൃത്വത്തിന് കഴിയുന്നില്ല. ഇതൊരു അൻവറിൽ മാത്രം ഒതുങ്ങുന്നില്ല. ഹേമ കമ്മിറ്റി റിപ്പോർട്ട് പുറത്തുവന്നതിനു ശേഷം ആരോപണവിധേയനാവുകയും സ്ത്രീപീഡന പരാതിയിൽ പ്രതിസ്ഥാനത്തു വരികയുംചെയ്ത എം.മുകേഷ് സിപിഐ(എം)ന്റെ ചിഹ്നത്തിൽ മത്സരിച്ചു ജയിച്ച എംഎൽഎയാണ്. കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിലും പാർട്ടി സ്ഥാനാർത്ഥിയായിരുന്നു. എന്ത് ഇടതുപക്ഷ മൂല്യമാണ് ഇദ്ദേഹം നാളിതുവരെ പ്രദർശിപ്പിച്ചിട്ടുള്ളത്? കെ.കെ.ശൈലജയ്ക്കുപകരം ആരോഗ്യമന്ത്രിയായ വീണ ജോർജ്ജ് ഇന്ന് പത്തനംതിട്ടയിൽ പാർട്ടിയുടെ ഉന്നതനേതാവായിക്കഴിഞ്ഞിരിക്കുന്നു. ക്രിമിനൽ പശ്ചാത്തലമുണ്ടായിട്ടുപോലും ബിജെപിയിൽനിന്നു വന്നവരെ ആർഭാടപൂർവ്വം പാർട്ടി അംഗത്വം കൊടുത്ത് ആഘോഷമാക്കാൻ ചുക്കാൻ പിടിച്ചത് നിലവിൽ ജില്ലാക്കമ്മിറ്റി അംഗമായ വീണ ജോർജ്ജാണ്. മന്ത്രിയുടെ ഭർത്താവ് നടത്തുന്ന അനധികൃത ഇടപെടലുകൾക്കെതിരെ പരാതിയുന്നയിച്ച പാർട്ടിയുടെ പ്രാദേശിക നേതാക്കൾക്ക് കിട്ടിയത് താക്കീതാണ്. 2009ലെ നവകേരളയാത്രയിൽ പിണറായി വിജയന്റെ വലംകൈയായി നിൽക്കുകയും ഒന്നാം പിണറായി മന്ത്രിസഭയിൽ അംഗമാവുകയും ഇപ്പോഴും എംഎൽഎയായി തുടരുകയും ചെയ്യുന്ന കെ.ടി.ജലീലിന് എന്ത് ഇടതുരാഷ്ട്രീയമാണ് ഉള്ളത്? യൂത്ത്കോൺഗ്രസ്സിന്റെ സംസ്ഥാനവൈസ് പ്രസിഡന്റ് ആയിരുന്ന പി.വി.ശ്രീനിജൻ കോൺഗ്രസ്സിൽനിന്ന് പുറത്താക്കപ്പെട്ടത് വരവിൽകവിഞ്ഞ സ്വത്ത് സമ്പാദനത്തിൽ വിജിലൻസ് അന്വേഷണം നേരിട്ടപ്പോഴാണ്. വി.എസ്.അച്ചുതാനന്ദന്റെ നേരിട്ടുള്ള ഇടപെടലിലൂടെയായിരുന്നു സുപ്രീം കോടതി മുൻചീഫ് ജസ്റ്റിസ് കെ.ജി.ബാലകൃഷ്ണന്റെ മരുമകൻകൂടെയായ ശ്രീനിജനെതിരെ വിജിലൻസ് അന്വേഷണം ആരംഭിച്ചത്. റിയൽ എസ്റ്റേറ്റ് ഇടപാടുകളുടെ സംശയനിഴലിൽ നിൽക്കുന്ന ഇതേ ശ്രീനിജനെയാണ് ചുവപ്പുപരവതാനി വിരിച്ച് ആനയിച്ച് സിപിഐ(എം) ടിക്കറ്റിൽ നിയമസഭാംഗം ആക്കിയിരിക്കുന്നത്. ഇങ്ങനെ, യാതൊരുവിധ സമരപാരമ്പര്യമോ പാർട്ടിപ്രവർത്തനമോ ഇല്ലാതെയും, മറ്റു പാർട്ടികളിൽ നിന്ന് കൂറുമാറി വന്നുമൊക്കെ സിപിഐ(എം)ന്റെ നിർണ്ണായക സ്ഥാനങ്ങളിരിക്കുന്ന അനേകംപേരെ ചൂണ്ടിക്കാണിക്കാനുണ്ട്. ഇവിടെ പരിശോധിക്കേണ്ടത്, ഇവരൊക്കെ ഇന്നും പുലർത്തുന്ന അടിസ്ഥാന രാഷ്ട്രീയമനോഭാവമെന്താണെന്നതും ഇവരുടെ വ്യക്തിജീവിതത്തിലും പൊതുജീവിതത്തിലും ഏതു വർഗ്ഗത്തിന്റെ കാഴ്ച്ചപ്പാടിനെ പ്രതിഫലിപ്പിക്കുന്നു എന്നതുമാണ്. അങ്ങനെ വിലയിരുത്തിയാൽ, അടിമുടി അന്യവർഗ്ഗ വീക്ഷണവും താത്പര്യങ്ങളും ശൈലിയും സംസ്കാരവും മാത്രം കൈമുതലായുള്ളവരാണ് ഇവരെല്ലാം എന്നത് നിസ്സംശയമാണ്. ഇവരെ മാറ്റിനിർത്താം. സിപിഐ(എം)ന്റെ നേതൃത്വത്തിലിരിക്കുന്നവരുടെ ജീവിതവീക്ഷണവും ശൈലിയും ഇന്ന് ഏതു വർഗ്ഗത്തിന്റേതാണ്? അത് തൊഴിലാളിവർഗ്ഗത്തിന്റേതല്ല എന്നതിൽനിന്നാണ് എല്ലാ അപചയവും ഉരുത്തിരിയുന്നത്. മാർക്സിസം എന്ന മഹനീയ ദർശനത്തെത്തന്നെ തള്ളിപ്പറഞ്ഞ്, തൊഴിലാളിവർഗ്ഗവിപ്ലവമൊന്നും ഇന്ത്യയിൽ സാധ്യമല്ല എന്നൊക്കെ യാതൊരു ഉളുപ്പുമില്ലാതെ വിളിച്ചുകൂവുന്ന ഉന്നതനേതൃത്വത്തിന് എങ്ങനെയും അധികാരവും സമ്പത്തും നിലനിർത്തണം എന്നതിൽ കവിഞ്ഞ് യാതൊരു പരിഗണനയുമില്ല. മനുഷ്യവിമോചനത്തിന്റെ വിപ്ലവസ്വപ്നങ്ങളുമായി ഈ പാർട്ടിയിൽ അണിചേർന്ന് ഇന്നും വളരെ ആത്മാർത്ഥമായി ഒപ്പം നിൽക്കുന്ന ഇടതുപക്ഷ പ്രവർത്തകർക്ക് അങ്ങേയറ്റം നിരാശയല്ലേ ഇത് നൽകുന്നത്? അതിലുപരി, കമ്മ്യൂണിസത്തോടും ഇടതുപക്ഷ ചിന്തകളോടും അങ്ങേയറ്റം ആദരവും പ്രതീക്ഷയും വെച്ചുപുലർത്തിയിരുന്ന ഈ നാട്ടിലെ സാധാരണക്കാരും ബുദ്ധിജീവികളും നിഷ്പക്ഷമതികളുമെല്ലാം ഏറെ മനസ്സുമടുത്തിരിക്കുന്നു. മാത്രമോ, ഇടതുപക്ഷമെന്നോ കമ്മ്യൂണിസമെന്നോ കേട്ടാൽ തന്നെ വെറുക്കുന്ന അവസ്ഥയിലേക്ക് ഈ നാട്ടിലെ സാധാരണക്കാരെ തള്ളിവിടുകയാണ് ഇന്നത്തെ സിപിഐ(എം)ന്റെയും പിണറായി വിജയൻ സർക്കാരിന്റെയും പ്രവർത്തനമെന്നത് എത്ര ആപൽക്കരമാണ്. അതുകൊണ്ടുതന്നെ, ഇടതുപക്ഷത്തെ വഞ്ചിച്ച് സംഘപരിവാറിനെ പാലൂട്ടുന്ന ഈ വർഗ്ഗവഞ്ചകരുടെ കാപട്യം ഓരോ ഇടതുവിശ്വാസിയും കൂടുതൽ തിരിച്ചറിയേണ്ടതുണ്ട്.

### കമ്മ്യൂണിസം എന്ന മഹത്തായ പ്രത്യയശാസ്ത്രത്തിന്റെ മഹിമ ഉയർത്തിപ്പിടിക്കുക

സിപിഐ(എം)ന്റെയും ഇടതുഭരണത്തിന്റെയും ഈ അധഃപതനം ഇപ്പോഴത്തെ ചില നേതാക്കളുടെ കുറ്റമോ കുറവോ കൊണ്ട് മാത്രം സംഭവിക്കുന്നതല്ല. കാലാന്തരത്തിൽ സംഭവിക്കുന്ന അപചയവുമല്ല. അടിസ്ഥാനപരമായിത്തന്നെ മാർക്സിസ്റ്റ് ദർശനം സ്വാംശീകരിക്കുന്നതിലും സ്വജീവിതത്തിലടക്കം അത് പകർത്തുന്നതിലും സിപിഐ, സിപിഐ(എം) പാർട്ടികൾക്കുണ്ടായ പരാജയത്തിന്റെ സ്വാഭാവിക പരിണതിയാണിത്. വ്യക്തികൾ മാറുന്നതുകൊണ്ടോ പരിഷ്കരണനടപടികൾകൊണ്ടോ ഇത്തരം അപചയങ്ങൾ പരിഹരിക്കാനാകില്ല. 1948ൽ തന്നെ, കമ്മ്യൂണിസ്റ്റ് എന്ന പേരിൽ അന്ന് നിലനിന്നിരുന്ന പ്രസ്ഥാനങ്ങളെ ശാസ്ത്രീയമായി വിലയിരുത്തിക്കൊണ്ട് എസ്‌യുസിഐ(സി)യുടെ സ്ഥാപക ജനറൽ സെക്രട്ടറിയും സമുന്നത മാർക്സിസ്റ്റ് ആചാര്യനുമായ സഖാവ് ശിബ്ദാസ് ഘോഷ് മുന്നോട്ടുവച്ച വിലയിരുത്തൽ എത്ര പ്രവചനതുല്യമായിരുന്നുവന്ന് കാലം തെളിയിക്കുകയാണ്.

സഖാവ് ശിബ്ദാസ് ഘോഷിന്റെ പാഠങ്ങൾ ആഴത്തിൽ പഠിക്കുവാനുള്ള പരിശ്രമമാണ് ഇന്ന് കാലം ഓരോ ഇടതുപക്ഷവിശ്വാസിയോടും ആവശ്യപ്പെടുന്നത്. കപട മാർക്സിസ്റ്റുകളുടെ പ്രവൃത്തികളിലൂടെയല്ല മാർക്സിസം എന്ന മഹത്തായ ദർശനത്തെ നാം വിലയിരുത്തേണ്ടത്. ഇപ്പോൾ കാണുന്ന അപചയം മാർക്സിസത്തിന്റെയോ കമ്മ്യൂണിസത്തിന്റെയോ അപചയമോ പരിമിതിയോ പരാജയമോ അല്ല. മുതലാളിവർഗ്ഗ താത്പര്യങ്ങൾമാത്രം ചിന്തയിലും വ്യക്തിജീവിതത്തിലും പേറുന്നവർ, പുറമേ എന്തൊക്കെ പ്രസംഗിച്ചാലും, സ്വയം ഇടതെന്ന് വിളിച്ച് വിപ്ലവവാഗ്ധോരണി മുഴക്കിയാലും, ആത്യന്തികമായി പ്രതിഫലിപ്പിക്കുക ദുഷിച്ച മുതലാളിത്തത്തിന്റെ മൂല്യങ്ങളും സംസ്കാരവും മാത്രമാകുമെന്നതാണ് വസ്തുത. ഇത് തിരിച്ചറിഞ്ഞുകൊണ്ട്, മാർക്സിസം എന്ന ശാസ്ത്രത്തെ ശരിയായി ഉൾക്കൊള്ളുവാനും ജീവിതത്തിന്റെ സമസ്തവശങ്ങളിലും അത് പകർത്തുവാനുമുള്ള ആന്തരികസമരം കൂടി ധീരമായി ഏറ്റെടുക്കണമെന്ന് ഓരോ ഇടതുപക്ഷ വിശ്വാസിയോടും അധ്വാനിച്ചു ജീവിക്കുന്ന ഓരോരുത്തരോടും വിനീതമായി ഞങ്ങൾ അഭ്യർത്ഥിക്കുകയാണ്. ■

## സെപ്തംബർ 9 മാവോ സെ തുങ് അനുസ്മരണ ദിനം

# മഹാനായ മാവോ സെ തുങിന്റെ മാതൃകാപരമായ ജീവിതസമരവും അമൂല്യമായ പാഠങ്ങളും



**മാർക്സിസം-ലെനിനിസത്തിന്റെ പ്രാമാണികനും ചൈനീസ് വിപ്ലവത്തിന്റെ ശില്പിയുമായ മഹാനായ മാവോ സെ തുങ് വിടപറഞ്ഞിട്ട് 48 വർഷം.**

മഹാനായ സ്റ്റാലിന്റെ നിര്യാണത്തിനശേഷം സോവിയറ്റ് യൂണിയനിൽ സംഭവിച്ചതുപോലുള്ള കാര്യങ്ങൾ ചൈനയിലും സംഭവിച്ചു. തിരുത്തൽവാദികളും കാലുമാറ്റക്കാരും മുതലാളിത്ത പാതക്കാരുമൊക്കെ സംഘംചേർന്ന് പ്രതിവിപ്ലവ നീക്കങ്ങൾ ആരംഭിച്ചു. മഹാനായ മാവോയുടെ പാഠങ്ങളിൽനിന്ന് വ്യതിചലിച്ചുകൊണ്ടും അദ്ദേഹത്തിന്റെ ആധികാരികതയെ തന്ത്രപൂർവ്വം അട്ടിമറിച്ചുകൊണ്ടും "സോഷ്യലിസത്തിന്റെ ചൈനീസ് മാതൃക" എന്ന വശ്യമായ മുദ്രാവാക്യം ഉയർത്തിക്കൊണ്ടുമായിരുന്നു ഈ പ്രക്രിയ ആരംഭിച്ചത്. 2004ൽ പ്രതിവിപ്ലവം പൂർത്തിയായി. മാവോയുടെ നേതൃത്വത്തിൽ നടന്ന ബൃഹത്തും കഠിനവുമായ പോരാട്ടത്തിലൂടെയാണ്, ചൈനയെ യുദ്ധപ്രഭുക്കളുടെയും വിദേശ സാമ്രാജ്യത്വ ശക്തികളുടെയും ജന്മിമാരുടെയും മർദ്ദകഭരണത്തിൽനിന്ന മോചിപ്പിച്ച് കരുത്തുറ്റ സോഷ്യലിസ്റ്റ് വ്യവസ്ഥയിലേയ്ക്ക് പരിവർത്തനം ചെയ്തത്. എന്നാൽ ഈ നേട്ടങ്ങളെല്ലാം തകിടംമറിച്ച പ്രതിവിപ്ലവം ചൈനയെ മുതലാളിത്ത വാഴ്ചയിലെത്തിക്കുകയും ഇന്നത് ഭീഷണമായൊരു സാമ്രാജ്യത്വ ശക്തിയായി മാറുകയും ചെയ്തിരിക്കുന്നു.

എന്നാൽ, പിന്തിരിപ്പൻമാർ എത്രതന്നെ ശ്രമിച്ചിട്ടും മാവോയെ അപകീർത്തിപ്പെടുത്താനുള്ള ഏതൊരു ശ്രമത്തെയും ചൈനീസ് ജനത നിരാകരിക്കുകയും അദ്ദേഹത്തെ അങ്ങേയറ്റം ആദരിക്കുകയും ചെയ്യുന്നു. മാവോയുടെ സ്മൃതികുടീരത്തിൽ (മുസോളിയം) ഇന്നും ലക്ഷക്കണക്കിനാളുകളാണ് നിത്യവും സന്ദർശനം നടത്തുന്നത്. ജനങ്ങൾ മാവോയെ ആദരപൂർവ്വം സ്മരിക്കുന്നത് ഇപ്പോഴത്തെ നേതൃത്വത്തിന് ഒട്ടും ഇഷ്ടപ്പെടുന്നില്ല. ലോകമെമ്പാടുമുള്ള യഥാർത്ഥ വിപ്ലവകാരികൾ മാവോയെ ആദരിക്കുന്നു. മാർക്സ്-ഏംഗൽസ്-ലെനിൻ-സ്റ്റാലിൻ-മാവോ എന്നിവരുടെ അർഹനായ പിന്തുടർച്ചക്കാരനും ഈ യുഗത്തിലെ സമുന്നത മാർക്സിസ്റ്റ് ചിന്തകനുമായ സഖാവ് ശിബ്ദാസ്ഘോഷ് സ്ഥാപിച്ച് വളർത്തിയെടുത്ത നമ്മുടെ പാർട്ടി എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്)യും സഖാവ് മാവോ സെ തുങിനെ ആദരപൂർവ്വം പിന്തുടരുന്നു. സാമ്രാജ്യത്വ-മുതലാളിത്ത ചൂഷണം ദിനംതോറും അസഹനീയമായിക്കൊണ്ടിരിക്കുകയാണ്. സമൂഹത്തെ വിപ്ലവകരമായി പരിവർത്തിപ്പിച്ചുകൊണ്ട് ഈ നിർദ്ദയമായ മുതലാളിത്ത-സാമ്രാജ്യത്വ ചൂഷണത്തിൽനിന്ന് ജനങ്ങളെ മോചിപ്പിക്കാനുള്ള പോരാട്ടത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് മാവോയുടെ മാതൃകായോഗ്യമായ ജീവിതസമരവും പാഠങ്ങളും എന്നും ദീപ്തമായ വഴികാട്ടിയായിരിക്കും.

### കുട്ടിക്കാലംമുതലേ സത്യത്തെ മുറുകെപ്പിടിക്കുന്ന ജീവിതം

മധ്യ ചൈനയിലെ ഷാഷൻ ഹുനാൻ പ്രവിശ്യയിലെ ഒരു സമ്പന്ന കർഷക കുടുംബത്തിലാണ് 1893ൽ മാവോ ജനിച്ചത്. കുട്ടിക്കാലംമുതലേ അനീതിക്കെതിരെ ധീരമായ നിലപാടെടുക്കുന്ന പ്രകൃതമായിരുന്നു അദ്ദേഹത്തിന്റേത്. ബോധ്യപ്പെട്ട സത്യത്തിൽനിന്ന് മാവോയെ പിന്തിരിപ്പിക്കാൻ ശകാരത്തിനോ സമ്മർദ്ദത്തിനോ ശാരീരിക പീഡനത്തിനുപോലുമോ കഴിയുമായിരുന്നില്ല. ഒരു കാര്യം തെറ്റെന്ന് ബോധ്യപ്പെട്ടാൽ അത് തിരുത്താൻ അദ്ദേഹത്തിന് ഒരു മടിയും ഉണ്ടായിരുന്നില്ല. യുക്തിക്ക് നിരക്കാത്തതൊന്നും അദ്ദേഹം സ്വീകരിച്ചില്ല. കർഷകരുടെ കൊടിയ ദുരിതങ്ങൾ അദ്ദേഹത്തെ വല്ലാതെ വേദനിപ്പിച്ചു. എന്നാൽ അവയുടെ കാരണങ്ങൾ കണ്ടെത്താൻ ശ്രമിക്കുമ്പോൾ കൺഫ്യൂഷിയസിന്റെ ചിന്തകൾ അദ്ദേഹത്തിന് അസ്വീകാര്യമായിരുന്നു. വൈവിദ്ധ്യമാർന്ന ജീവിതാനുഭവങ്ങളുടെ മൂശയിൽ സ്ഫുടം ചെയ്തെടുക്കപ്പെട്ടതായിരുന്നു ആ വ്യക്തിത്വം. ക്രമേണ രാഷ്ട്രീയ പക്വത കൈവരിച്ചുകൊണ്ട് ഇരുപതുകളിലെത്തിയപ്പോൾ ആ യുവാവ് മാനവികതയുടെയും ദേശീയതയുടെയും ആശയങ്ങളിൽ ആകൃഷ്ടനായി. "അന്ന് ഒരു ആത്മീയവാദി ആയിരുന്നു" എന്ന് അദ്ദേഹം സമ്മതിച്ചിട്ടുണ്ട്. *(റെഡ് സ്റ്റാർ ഓവർ ചൈന-എഡ്ഗാർ സ്നോ)*

### കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ചൈന (സിപിസി)യുടെ രൂപീകരണം

1917ലെ റഷ്യൻ വിപ്ലവത്തിനുശേഷം മാർക്സിസം-ലെനിനിസത്തിന്റെ സത്യദീക്ഷയും വിശുദ്ധിയും, അനേകം ബുദ്ധിജീവികളെയും വിദ്യാസമ്പന്നരെയും സുമനസ്സുകളെയുമൊക്കെ ആകർഷിക്കുകയും അവരുടെ ജീവിതത്തിൽ ആ തത്വചിന്ത വഴികാട്ടുകയും ചെയ്തു. പലയിടത്തും കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകരിക്കാൻ ആളുകൾ മുന്നോട്ടുവന്നു. ചൈനയിൽ ഇത്തരത്തിലുള്ള നിരവധി സംഘങ്ങളുണ്ടായിരുന്നു. അതിലൊന്നിൽ അംഗമായിരുന്നു മാവോയും. ഇവയുടെ മുൻകൈയിലാണ് സിപിസി രൂപീകൃതമാകുന്നത്. 1921 ജൂലൈ 1ന്, 12 തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ പങ്കെടുത്ത ഒന്നാം പാർട്ടി കോൺഗ്രസ് സിപിസിക്ക് അടിത്തറയിട്ടു. ഷാങ്ഹായിൽ നടന്ന പാർട്ടി കോൺഗ്രസ്സ് പാർട്ടിയുടെ ഭരണഘടനയ്ക്ക് രൂപംനൽകുകയും കേന്ദ്രമുഖപത്രത്തെ സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു. 12 പ്രതിനിധികളിലൊരാൾ മാവോ ആയിരുന്നു. 1923ൽ കൂടിയ മൂന്നാം പാർട്ടികോൺഗ്രസ്സിൽ പാർട്ടിനേതൃത്വത്തിന്റെ ചില തെറ്റായ നിലപാടുകളെ മാവോ വിമർശിച്ചു. ചൈനീസ് ജനാധിപത്യത്തിന്റെയും ദേശീയ പ്രസ്ഥാനത്തിന്റെയും നേതാവായിരുന്ന ഡോ. സൺ യാത് സെന്നിനെ കുറിച്ചുള്ള വിലയിരുത്തലിലും സാമ്രാജ്യത്വത്തെയും യുദ്ധപ്രഭുക്കളെയും സംബന്ധിച്ച വിലയിരുത്തലിലും നേതൃത്വത്തിന് സംഭവിച്ച പിശക് ചൂണ്ടിക്കാണിച്ചുകൊണ്ട് ശരിയായ കാഴ്ചപ്പാട് മാവോ മുന്നോട്ടുവച്ചു. കേന്ദ്രകമ്മിറ്റിയിലേയ്ക്ക് മാവോയും തിരഞ്ഞെടുക്കപ്പെട്ടു.

എന്നാൽ പാർട്ടി ഒരു ഏകീകൃത സ്വഭാവം കൈവരിച്ചിരുന്നില്ല. നയപരവും തന്ത്രപരവുമായ കാര്യങ്ങളിൽ വലിയ അഭിപ്രായവ്യത്യാസങ്ങൾ നിലനിന്നു. വിപ്ലവത്തെ മുൻനിർത്തി സിപിസി ആവിഷ്കരിക്കേണ്ട അടവുകളെ സംബന്ധിച്ച് മൂന്നാം കമ്മ്യൂണിസ്റ്റ് ഇന്റർനാഷണലിന്റെ (കോമിന്റേൺ) നിർവ്വാഹക സമിതിയും മഹാനായ സ്റ്റാലിനും നിരന്തരം മാർഗ്ഗനിർദ്ദേശങ്ങൾ നൽകിക്കൊണ്ടിരുന്നു. എന്നാൽ സിപിസി നേതൃത്വം അതൊന്നും വേണ്ടവണ്ണം ചെവിക്കൊണ്ടില്ല. പാർട്ടിക്കുള്ളിൽ വലത്, ഇടത് വ്യതിയാനങ്ങൾ നിലനിന്നു. ഇവയ്ക്കെതിരെ മാവോ നിരന്തരം പ്രത്യയശാസ്ത്ര സമരം നടത്തിയിരുന്നു. ചൈനീസ് സമൂഹത്തിലെ വർഗ ബന്ധങ്ങളെക്കുറിച്ചും വർഗ വിന്യാസങ്ങളെക്കുറിച്ചും മാർക്സിസം-ലെനിനിസത്തിന് നിരക്കുന്ന ശരിയായ ധാരണ അദ്ദേഹം അവതരിപ്പിച്ചു. 'ചൈനീസ് സമൂഹത്തിലെ വർഗങ്ങളെ സംബന്ധിച്ച വിശകലനം' എന്ന ലഘുലേഖ അദ്ദേഹം 1926ൽ പ്രസിദ്ധീകരിച്ചു. ബന്ധുക്കളെയും ശത്രുക്കളെയും കൃത്യമായി വേർതിരിച്ച് കാണിക്കുന്ന ആ കൃതി ഇപ്രകാരം പറയുന്നു: "സാമ്രാജ്യത്വവുമായി ചങ്ങാത്തംകൂടുന്ന യുദ്ധപ്രഭുക്കൾ, ഉദ്യോഗസ്ഥ പ്രമാണിമാർ, ദല്ലാൾ വിഭാഗങ്ങൾ, വൻകിട ഭൂപ്രഭുക്കൾ, പിന്തിരിപ്പൻ ബുദ്ധിജീവികൾ എന്നിവരാണ് നമ്മുടെ ശത്രുക്കൾ. അർദ്ധ-തൊഴിലാളിവർഗത്തിൽപ്പെട്ടവരും ചെറുകിട മുതലാളിമാരും നമ്മുടെ മിത്രങ്ങളാണ്. ചാഞ്ചാട്ട സ്വഭാവം കാണിക്കുന്ന ഇടത്തരക്കാരിൽ ഇടതുപക്ഷക്കാർ നമ്മുടെ മിത്രങ്ങളും വലതുപക്ഷക്കാർ ശത്രുക്കളും ആയേക്കാം. എന്നാൽ ഇക്കാര്യത്തിൽ നമ്മൾ സത്വര ശ്രദ്ധ പുലർത്തുകയും നമ്മുടെ അണികളിൽ അവർ ആശയക്കുഴപ്പം ഉണ്ടാക്കാതെ നോക്കുകയും വേണം." എന്നിരിക്കിലും ജനറൽ സെക്രട്ടറി ചെൻ തു ഷിയുവിന്റെ നേതൃത്വത്തിൽ പാർട്ടി നേതൃത്വത്തിൽ ഒരു വിഭാഗം മാവോയെ ഒതുക്കാൻ നിരന്തരം ശ്രമിച്ചുകൊണ്ടിരുന്നു.

### ദേശീയ ഗവണ്മെന്റ് എന്ന പേരിൽ ചിയാങ് കൈഷേക് രൂപീകരിച്ച സർക്കാർ

ഇതിനിടയിൽ സുപ്രധാനമായൊരു സംഭവമുണ്ടായി. കുപ്രസിദ്ധ യുദ്ധപ്രഭുക്കളെ നേരിടുന്നതിനായി കോമിന്റേണിന്റെ നിർദ്ദേശപ്രകാരം സിപിസിയും കുമിന്താങ് പാർട്ടിയും ചേർന്ന് ഒരു ഐക്യമുന്നണി ഉണ്ടാക്കി. മാവോ അന്ന് ഹുനാൻ കമ്മിറ്റിയുടെ സെക്രട്ടറിയാണ്. 1925ൽ വിഖ്യാതമായ വടക്കൻ പര്യവേക്ഷണം (വിമോചിത പ്രദേശങ്ങൾ സൃഷ്ടിച്ച് മുന്നേറിയ പോരാട്ടം) ആരംഭിച്ചു. നിരവധി പ്രദേശങ്ങൾ യുദ്ധപ്രഭുക്കളിൽനിന്ന് പിടിച്ചെടുത്തു. 1927ലാണ് ഇത് അവസാനിച്ചത്. ഇതിനിടയിൽ ഡോ.സൺ യാത് സെൻ മരിക്കുകയും കുമിന്താങിന്റെ നേതൃത്വം വഞ്ചകനായ ചിയാങ് കൈഷേകിന്റെ കൈകളിലാകുകയും ചെയ്തിരുന്നു. ചൈനയിലെ മുതലാളി വർഗത്തിനുള്ളിലെ വൈരുദ്ധ്യങ്ങൾ ശരിയായി മനസ്സിലാക്കിയ മാവോ അതിന്റെ ചാഞ്ചാട്ട സ്വഭാവം പ്രകടമാക്കുന്ന ചിയാങ്ങിന്റെ നയം 1926ൽതന്നെ ഇപ്രകാരം ചൂണ്ടിക്കാണിച്ചു: "മുതലാളിവർഗത്തിലെ മധ്യവർഗത്തിന്, പ്രധാനമായും ദേശീയ മുതലാളി വർഗത്തിന് ചൈനീസ് വിപ്ലവത്തോട് സ്ഥിരതയാർന്ന ഒരു മനോഭാവമില്ല...*(തിരഞ്ഞെടുത്ത കൃതികൾ, വോള്യം-1)* ഇത് തീർത്തും ശരിയാണെന്ന് പിന്നീട് തെളിയിക്കപ്പെട്ടു. 1927 ഏപ്രിലിൽ, അനേകം തൊഴിലാളികളുടെ ചോര വീണ് കുതിർന്ന വടക്കൻ മേഖലയിൽ ചിയാങ് ഏകപക്ഷീയമായി ഒരു ദേശീയ ഗവണ്മെന്റ് പ്രഖ്യാപിച്ചു. 1928ൽ ആറാം പാർട്ടി കോൺഗ്രസ്സ് ചേർന്നെങ്കിലും സാഹചര്യത്തെ വസ്തുനിഷ്ഠമായി വിലയിരുത്താനായില്ല. ജനാധിപത്യ വിപ്ലവത്തിന്റെ സമഗ്രത, മധ്യവർത്തിയായ വർഗങ്ങളുടെ പങ്ക്, പിന്തിരിപ്പൻ ശക്തികൾക്കിടയിലെ വൈരുദ്ധ്യം എന്നിവയൊന്നും ശരിയായി വിശകലനം ചെയ്യപ്പെട്ടില്ല. മാവോ ആ സമ്മേളനത്തിൽ പങ്കെടുത്തിരുന്നില്ലെങ്കിലും അദ്ദേഹം കേന്ദ്രകമ്മിറ്റിയിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടു.

1927ൽ ചെൻ തു ഷിയു പാർട്ടി നേതൃത്വത്തിൽനിന്ന് പുറത്താക്കപ്പെടുകയും ലിലിസാൻ സിപിസി ജനറൽ സെക്രട്ടറി ആവുകയും ചെയ്തു. ചെൻ തുവിന്റെ വലതുപക്ഷ വ്യതിയാനത്തിന്റെ സ്ഥാനത്ത് ലിലി ലിസാനിന്റെ ഇടതുപക്ഷ സാഹസികത രംഗപ്രവേശം ചെയ്തു. രണ്ടും മാർക്സിസം-ലെനിനിസത്തിന് നിരക്കുന്നതായിരുന്നില്ല. ഇടതു വ്യതിയാനത്തിൽനിന്ന് പാർട്ടിയെ രക്ഷിക്കാൻ മാവോ തീവ്രമായ പ്രത്യയശാസ്ത്ര സമരം ആരംഭിച്ചു. "ചൈനീസ് കമ്മ്യൂണിസ്റ്റുകൾ കർഷകരുടെ വിപ്ലവ പ്രക്ഷോഭത്തിന്റെ മുൻനിരയിലുണ്ടാകണമെന്നും വിപ്ലവസംഘങ്ങളും കമ്മിറ്റികളും രൂപീകരിക്കുന്നതെങ്ങനെയെന്ന് അവരെ പഠിപ്പിക്കണ"മെന്നുമുള്ള സ്റ്റാലിന്റെ മാർഗനിർദ്ദേശം *(തിരഞ്ഞെടുത്ത കൃതികൾ, വോള്യം-9)* മാവോ പിന്തുടർന്നു.

1928നും 30നുമിടയ്ക്ക് കർഷകരുടെ ശക്ത

(ശേഷം 7-ാം പേജിൽ)

# വിപ്ലവ പ്രത്യയശാസ്ത്രത്തിന്റെ പ്രാമാണികത ഉദ്ഘോഷിച്ച ഐതിഹാസികമായ ലോംഗ് മാർച്ച്

*(6–ാം പേജിൽ നിന്ന്)*

മായ ഒരു സായുധസംഘത്തിന് രൂപം നൽകിക്കൊണ്ട് ദക്ഷിണചൈനയുടെ വിപുലമായൊരു പ്രദേശം വിമോചിപ്പിച്ചെടുക്കാൻ മാവോയ്ക്ക് കഴിഞ്ഞു. ഈ സംഘടനാ സംവിധാനം യഥാർത്ഥത്തിൽ ഗ്രാമീണ ചൈനയിലെ കർഷകരുടെ സമാന്തരമായ ഒരു ബദൽ രാഷ്ട്രീയാധികാരമായി മാറി. എന്നാൽ ലിലി സാൻ നേതൃത്വത്തിന് ഇത് രുചിച്ചില്ല. അനുവാദമില്ലാതെ കർഷകസമരം സംഘടിപ്പിക്കുന്നുവെന്നാരോപിച്ച് അവർ മാവോയെ പൊളിറ്റ്ബ്യൂറോയിൽനിന്നും കേന്ദ്രകമ്മിറ്റിയിൽനിന്നും പുറത്താക്കി. മാവോ എപ്പോഴും പാർട്ടി അച്ചടക്കം പാലിക്കുകയും പാർട്ടി തീരുമാനം അംഗീകരിക്കുകയും ചെയ്തു. എന്നാൽ അടിസ്ഥാന വിഷയങ്ങളിൽ മാർക്സിയൻ ശാസ്ത്രം അനുശാസിക്കുംവിധം സത്യം സ്ഥാപിച്ചെടുക്കാനുള്ള പ്രത്യയശാസ്ത്ര സമരം അദ്ദേഹം ഒരിക്കലും ഉപേക്ഷിച്ചില്ല. പല സംഭവവികാസങ്ങൾക്കുമൊടുവിൽ 1935ൽ നടന്ന പാർട്ടി കോൺഗ്രസ്സിൽ പ്രത്യയശാസ്ത്ര, സംഘടനാരംഗങ്ങളിലെ മാവോയുടെ ആധികാരികത അംഗീകരിക്കപ്പെടുകയും അദ്ദേഹം പാർട്ടിയുടെ ഏറ്റവും ഉയർന്ന നേതാവായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. അന്നുമുതൽ ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കുള്ളിൽ 'ബോൾഷെവീകരണം' എന്ന പ്രക്രിയ ആരംഭിക്കുകയും സിപിസി ഒരു ശരിയായ കമ്മ്യൂണിസ്റ്റ് പാർട്ടിയായി വികസിച്ചുവരികയും ചെയ്തു. പ്രക്ഷോഭങ്ങൾക്ക് നടുവിലായിരിക്കുമ്പോഴും പ്രത്യയശാസ്ത്ര പ്രശ്നങ്ങൾക്ക് ശരിയായ ഉത്തരം നൽകുന്നതിൽ അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു. 'എന്തുകൊണ്ട് ചൈനയിലെ ചുവപ്പൻ അധികാരം നിലനിൽക്കണം'(1928), 'ഒരു തീപ്പൊരിക്ക് ഒരു കാട്ടുതീ ഉണ്ടാക്കാൻ കഴിയും'(1930) എന്നീ ലേഖനങ്ങളിലൂടെ ചൈനീസ് വിപ്ലവത്തിന്റെ സാരാംശത്തെക്കുറിച്ചും വിമോചിത പ്രദേശങ്ങളുടെ നിലനിൽപ് സംബന്ധിച്ചുമൊക്കെ ഉയർന്ന ചോദ്യങ്ങൾക്ക് മാവോ കൃത്യമായ ഉത്തരം നൽകി. 'വൈരുദ്ധ്യത്തെപ്പറ്റി', 'വൈരുദ്ധ്യാത്മക ഭൗതികവാദം', 'പ്രയോഗത്തെപ്പറ്റി', 'ഉദാരതാവാദത്തെപ്പറ്റി', 'പ്രവർത്തന ശൈലിയുടെ ശുദ്ധീകരണം' എന്നീ കൃതികളൊക്കെ മാർക്സിസം–ലെനിനിസത്തിന് മാവോ നൽകിയ ഈടുറ്റ സംഭാവനകളാണ്.

## ഐതിഹാസികമായ ലോംഗ് മാർച്ച്

മാവോയുടെ നേതൃത്വത്തിൽ നടന്ന ലോംഗ് മാർച്ച് ചരിത്രത്തിൽ സമാനതകളില്ലാത്തതും തൊഴിലാളിവർഗ വിപ്ലവ മുന്നേറ്റത്തിലെ ഒരു നാഴികക്കല്ലുമാണ്. 1934 ഒക്ടോബർ 16ന് റെഡ് ആർമി പിന്തിരിപ്പൻ ശത്രു സൈന്യത്തിന്റെ വലയം ഭേദിക്കുകയും തെക്കുപടിഞ്ഞാറൻ ആസ്ഥാനത്തുനിന്ന് ഐതിഹാസികമായ പോരാട്ടം ആരംഭിക്കുകയും ചെയ്തു. 368 ദിവസം നീണ്ടുനിന്ന ലോംഗ് മാർച്ച് 8000 മൈൽ (12,500കി.മീ.) കാൽനടയായി പിന്നിട്ടു. ദക്ഷിണ ചൈനയിലെ കിയാംഗ്സിയിൽനിന്ന് ഉത്തര ചൈനയിലെ ദുർഘട മലമ്പ്രദേശമായ ഷെൻസിവരെ അത് നീണ്ടുകിടക്കുന്നു. 24 നദികളും 18 മഞ്ഞുമൂടിയ മലനിരകളും താണ്ടി, ആയുധങ്ങളും അവശ്യവസ്തുക്കളും കുതിരവണ്ടികളിലും തലച്ചുമടായുമാണ് കൊണ്ടുപോയത്. മാർച്ചിന് ഏകദേശം 50 മൈൽ നീളമുണ്ടായിരുന്നു.

യുദ്ധപ്രഭുക്കളുടെയും കുമിന്താങ്ങിന്റെയും സേനകളെ നേരിട്ടുകൊണ്ട് മുന്നേറിയ ലോംഗ് മാർച്ച് 62 പട്ടണങ്ങളും അനേകം ഗ്രാമങ്ങളും വിമോചിപ്പിച്ചു. അമ്പതിനായിരത്തിലേറെ വിപ്ലവ സൈനികരാണ് ഈ ഐതിഹാസിക യുദ്ധത്തിൽ രക്തസാക്ഷികളായത്. അവശേഷിച്ചവർ കടുത്ത വേദനയോടെ, തികഞ്ഞ ആദരവോടെ അവർക്ക് അന്ത്യാഭിവാദ്യം നൽകി. ഒരു സംഭവം പറയാം. ചുവപ്പുസേന താവു എന്ന വമ്പൻ നദിക്കരയിലെത്തിയപ്പോൾ മറുകരയിൽ ശക്തമായി നിലയുറപ്പിച്ചിരിക്കുന്ന കുമിന്താങ് സേന. പിന്നിൽ പാഞ്ഞടുക്കുന്ന ശത്രു സൈന്യം. ഭയാനകമായ ആ നിമിഷത്തിൽ ജീവൻ തൃണവൽഗണിച്ച് നദി കടക്കാൻ റെഡ് ആർമി തീരുമാനിച്ചു. ശത്രു സൈന്യം സ്തബ്ധരായി. റെഡ് ആർമിയുടെ ധീരതയ്ക്കുമുന്നിൽ സൈനികമായി മാത്രമല്ല ധാർമികമായും കുമിന്താങ് സേന പരാജയം ഏറ്റുവാങ്ങുകയായിരുന്നു. അവരിൽ പലരും റെഡ് ആർമിയിൽ ചേരുകയും ചെയ്തു. പട്ടിണി, ബോംബാക്രമണങ്ങൾ, നിരന്തരമായ ഏറ്റുമുട്ടലുകൾ എല്ലാം നേരിട്ട് ഒടുവിൽ 1935 ഒക്ടോബറിൽ ചൈനയിലെ വൻമതിലിനു മുന്നിൽ മാവോ അവശേഷിച്ച സൈനികരെ അണിനിരത്തി.




അനേകം കഷ്ടനഷ്ടങ്ങളും നിരവധി സഖാക്കളുടെ ജീവഹാനിയുമൊക്കെ ഉണ്ടായെങ്കിലും ലോംഗ് മാർച്ച് സിപിസിയെ സംഘടനാപരമായി ഏറെ ശക്തിപ്പെടുത്തി. വിപ്ലവ മുന്നേറ്റത്തിന്റെ സന്ദേശം ചൈനയെമ്പാടും പരന്നു. ശത്രുവിനെ അങ്കലാപ്പിലാക്കി. 14 വർഷങ്ങൾക്കുശേഷം വിപ്ലവത്തിന്റെ വിജയം അത് ഉറപ്പാക്കുകയും ചെയ്തു. മാവോയെ എല്ലാ നേതാക്കളുടെയും നേതാവായി സ്ഥാപിച്ചെടുക്കാൻ ലോംഗ് മാർച്ച് ഉപകരിച്ചു. മാവോ പറയുന്നു: "ലോംഗ് മാർച്ച് ചരിത്രത്തിൽ മുമ്പൊരിക്കലും ഉണ്ടാകാത്ത സംഭവമാണ്. അത് ഒരാശയത്തിന്റെ പ്രാമാണികത ഉദ്ഘോഷിച്ചു. വമ്പിച്ചൊരു പ്രചാരണശക്തി കെട്ടഴിച്ചുവിട്ടു. പുതിയൊരു സമൂഹത്തിന് ബീജാവാപം ചെയ്തു. ചരിത്രത്തിലെവിടെയാണ് നമ്മുടേതുപോലൊരു ലോംഗ് മാർച്ച് നടന്നിട്ടുള്ളത്? 12 മാസക്കാലം നമ്മൾ ശത്രുസൈന്യങ്ങളുടെ നിരന്തര വ്യോമ നിരീക്ഷണത്തിനും ബോംബാക്രമണത്തിനും ഇരയായിക്കൊണ്ടിരുന്നു. കരയിലാകട്ടെ വമ്പൻ ശത്രുസേനകളുമായിട്ടുള്ള ഏറ്റുമുട്ടൽ. അവർ പലപ്പോഴും നമ്മെ വളഞ്ഞു, പിന്തുടർന്നു, നിരന്തരം ആക്രമിച്ചു. നമ്മൾ അഭിമുഖീകരിച്ചത് പറഞ്ഞറിയിക്കാനാകാത്ത യാതനകളും വിപത്തുകളുമാണ്. എന്നിട്ടും നമ്മൾ രണ്ടുകാലിൽ നടന്ന് പതിനൊന്ന് പ്രോവിൻസുകൾ പിന്നിട്ട് ഇത്ര ദൂരം താണ്ടി. വമ്പിച്ചൊരു പ്രചാരണോപാധി കൂടിയായിരുന്നു അത്. വിമോചനത്തിലേയ്ക്കുള്ള ഒരേയൊരു പാത റെഡ് ആർമിയുടേതാണെന്ന് ഇരുപത് കോടി ആളുകളോട് ലോംഗ് മാർച്ച് വിളംബരം ചെയ്തു. ലോംഗ് മാർച്ച് ഇല്ലായിരുന്നുവെങ്കിൽ, റെഡ് ആർമിയാൽ സാക്ഷാത്ക്കരിക്കപ്പെടുന്ന ആ മഹത്തായ സത്യം എങ്ങനെയാണ് ഇത്ര വേഗം ഇത്രയധികം ആളുകൾ മനസ്സിലാക്കുക? ആരാണ് ലോംഗ് മാർച്ചിനെ വിജയത്തിലെത്തിച്ചത്? കമ്മ്യൂണിസ്റ്റ് പാർട്ടിതന്നെ..." *(ജാപ്പനീസ് സാമ്രാജ്യത്വത്തിനെതിരായ അടവുകളെപ്പറ്റി, തിരഞ്ഞെടുത്ത കൃതികൾ, വോള്യം-1)*

ലോംഗ് മാർച്ച് സംഘടിപ്പിക്കുന്നതിലും അത് വിജയത്തിലെത്തിക്കുന്നതിലും മാവോ പ്രദർശിപ്പിച്ചത് അത്യുന്നതമായ വിപ്ലവ ധീരതയാണ്. ഒരു സംഭവം പറയാം. മാവോയും ഭാര്യയും ഒളിത്താവളം വിട്ട് പലായനം ചെയ്യുമ്പോൾ ആദ്യ സന്താനമായ പെൺകുഞ്ഞിനെ ഒരു കർഷകസ്ത്രീയെ ഏൽപിച്ച് പോകേണ്ടിവന്നു. പിന്നീടുണ്ടായ ആൺകുട്ടിക്ക് രണ്ടു വയസ്സായപ്പോൾ മാവോയുടെ സഹോദരന്റെ ഭാര്യയെ ഏൽപിച്ചു. അയാൾ 6 മാസത്തിനുള്ളിൽ യുദ്ധത്തിൽ കൊല്ലപ്പെട്ടേക്കാമെന്ന് മാവോയ്ക്ക് അറിയാമായിരുന്നു. കുട്ടി എവിടെയാണെന്ന രഹസ്യവും അദ്ദേഹത്തോടൊപ്പം മണ്ണടിയുകയാണുണ്ടായത്. മകൻ എവിടെയാണെന്ന് സ്വന്തംഭാര്യയോടുപോലും അദ്ദേഹം പറഞ്ഞിരുന്നില്ല. മാവോയുടെ വിപ്ലവത്തോടുള്ള കൂറും അവൈയക്തികമായ സമീപനവും വിളിച്ചോതുന്ന സംഭവങ്ങളിലൊന്നാണിത്.

വിപ്ലവം വിജയം വരിച്ച് 1949ൽ മാവോ ടിയാൻ–അൻ–മെൻ സ്ക്വയറിൽ വമ്പിച്ച ജനാവലിയെ അഭിസംബോധന ചെയ്യവെ, ലോംഗ് മാർച്ചിലും മറ്റു വിപ്ലവ സമരങ്ങളിലും ജീവാർപ്പണം ചെയ്ത അനേകം സഖാക്കളെ സ്മരിച്ചപ്പോൾ അദ്ദേഹത്തിന്റെ കവിളുകളിലൂടെ കണ്ണുനീർ ഒഴുകി. മാവോയുടെ ഹൃദയനൈർമല്യവും സഖാക്കളോടുള്ള വൈകാരികബന്ധവും ഏതൊരു വിപ്ലവ നേതാവിനെയുംപോലെതന്നെ അങ്ങേയറ്റം ആഴമാർന്നതായിരുന്നു.

## ജപ്പാന്റെ അധിനിവേശം

റെഡ് ആർമിക്കെതിരായ ആഭ്യന്തര യുദ്ധം തുടരുന്നതിനായി പടിഞ്ഞാറൻ സാമ്രാജ്യത്വ ശക്തികളുടെ സഹായം സ്വീകരിച്ച ചിയാങ് ഭരണം അവർക്ക് സമ്പൂർണമായും വിധേയമായിരിക്കുന്നു എന്ന് നിരീക്ഷിച്ച ജപ്പാൻ സാമ്രാജ്യത്വം, 1931 സെപ്തംബർ 18ന് വടക്കുകിഴക്കൻ ചൈനയ്ക്കുമേൽ വൻതോതിലുള്ള കടന്നുകയറ്റം ആരംഭിച്ചു. ഇതിനെ ചെറുക്കാൻ തയ്യാറാകാതിരുന്ന ചിയാങ് ഭരണം വടക്കുകിഴക്കൻ ചൈന ആകെയും വടക്കൻ ചൈനയുടെ കുറെ ഭാഗവും എളുപ്പത്തിൽ ജപ്പാന്റെ നിയന്ത്രണത്തിലാകുന്നതിന് വഴിയൊരുക്കി.

എന്നാൽ ചൈനയുടെ രാഷ്ട്രീയ രംഗത്ത് ജാപ്പനീസ് കടന്നുകയറ്റം വൻതോതിലുള്ള മാറ്റങ്ങൾക്കിടയാക്കി. "ജാപ്പനീസ് സാമ്രാജ്യത്വത്തിനെതിരായ അടവുകൾ" എന്ന തന്റെ ലേഖനത്തിൽ മാവോ സെ തുങ് ഈ അധിനിവേശത്തെ നേരിടുന്നതിനാവശ്യമായ മാർഗനിർദ്ദേശങ്ങൾ ഇങ്ങനെ അവതരിപ്പിച്ചു: "ഏതാണ്ട് നൂറ് വർഷക്കാലമായി ചൈന പല സാമ്രാജ്യത്വ രാജ്യങ്ങളുടെയും ഒരു അർദ്ധ കോളനിയായി തുടരുകയാണ്. സാമ്രാജ്യത്വത്തിനെതിരായ ചൈനീസ് ജനതയുടെ ചെറുത്തുനിൽപിന്റെയും സാമ്രാജ്യത്വ ശക്തികൾക്കിടയിലെ സംഘർഷങ്ങളുടെയും ഫലമായി ഒരു അർദ്ധ സ്വതന്ത്ര അവസ്ഥ ചൈനയ്ക്ക് കൈവന്നിട്ടുണ്ട്...(ഇപ്പോൾ) ജാപ്പനീസ് സാമ്രാജ്യത്വം ആഗ്രഹിക്കുന്നത് ചൈനയെ ഒരു കോളനി ആക്കാനാണ്... എന്നാൽ തൊഴിലാളികളും കർഷകരുമെല്ലാം ചെറുത്തുനിൽപ് ആവശ്യപ്പെടുന്നു.

പെറ്റി ബൂർഷ്വാസിയും ചെറുത്തുനിൽപാണ് ആഗ്രഹിക്കുന്നത്. ദേശീയ ബൂർഷ്വാസി സങ്കീർണമായ ഒരു പ്രശ്നമാണ് അവതരിപ്പിക്കുന്നത്. 1924–27ലെ വിപ്ലവത്തിൽ ഈ വർഗം പങ്കെടുത്തു. എന്നാൽ വിപ്ലവം കണ്ട് ഭയന്ന ഇക്കൂട്ടർ ജനങ്ങളുടെ ശത്രുവായ ചിയാങ്ങിനൊപ്പം ചേർന്നു. ഇന്നത്തെ സ്ഥിതിയിൽ ഇവർക്ക് എന്തെങ്കിലും മാറ്റമുണ്ടാകുമോ എന്നതാണ് പ്രശ്നം. ഉണ്ടാകുമെന്നാണ് നമ്മൾ വിചാരിക്കുന്നത്. ദേശീയ ബൂർഷ്വാസി ഭൂപ്രഭു വർഗത്തെയോ ദല്ലാൾ ബൂർഷ്വാസിയെയോ പോലെയല്ല. അവർ തമ്മിൽ വ്യത്യാസമുണ്ട്. ദേശീയ ബൂർഷ്വാസി ഭൂപ്രഭു വർഗത്തിന്റെ അത്രയും ജന്മിത്ത സ്വഭാവമുള്ളതോ ദല്ലാൾ ബൂർഷ്വാസിയുടെ അത്രയും ദല്ലാൾ സ്വഭാവമുള്ളതോ അല്ല. ചൈന ഒരു കോളനി ആയേക്കാം എന്ന ഭീഷണി നേരിടുന്ന ഇന്നത്തെ സാഹചര്യത്തിൽ ഈ വിഭാഗങ്ങളുടെ മനോഭാവത്തിൽ ഒരു മാറ്റത്തിന് സാദ്ധ്യതയുണ്ട്. ഈ മാറ്റം അവരുടെ ചാഞ്ചാട്ട സ്വാഭാവത്തിലൂടെ പ്രകടമാകുന്നുണ്ട്. ഒരു വശത്ത് സാമ്രാജ്യത്വത്തോടുള്ള എതിർപ്പ്, മറുവശത്ത് വിപ്ലവത്തോടുള്ള ഭയം. ഇത് രണ്ടിനുമിടയിൽ ആടിക്കളിക്കുകയാണവർ...വർഗബന്ധങ്ങളുടെ കാര്യം പറഞ്ഞാൽ മാറിയ സാഹചര്യം ചൈനയുടെ വർഗബന്ധങ്ങളിലും മാറ്റം വരുത്തിയിട്ടുണ്ടെന്ന് വ്യക്തമാണ്. ദേശീയ വിപ്ലവത്തിന്റെ ചേരിയെ അത് ശക്തിപ്പെടുത്തുകയും പ്രതിവിപ്ലവചേരിയെ ദുർബലപ്പെടുത്തുകയും ചെയ്തിരിക്കുന്നു എന്ന് ചുരുക്കിപ്പറയാം... പാർട്ടിയുടെ അടിസ്ഥാന തന്ത്രത്തെ സംബന്ധിച്ച കർത്തവ്യമെന്താണ്? വിശാലാടിസ്ഥാനത്തിലുള്ള ഒരു വിപ്ലവ ഐക്യമുന്നണി ദേശീയതലത്തിൽ രൂപീകരിക്കുക എന്നതുതന്നെയാണത്. വിപ്ലവ സാഹചര്യം മാറുമ്പോൾ വിപ്ലവത്തിന്റെ തന്ത്രത്തിലും വിപ്ലവനേതൃത്വത്തിന്റെ സമീപനത്തിലും അതിനനുസരിച്ചുള്ള മാറ്റമുണ്ടാകണം.

ഇതുവരെ വൻകിട ഭൂപ്രഭുക്കളും ദല്ലാൾ വിഭാഗങ്ങളും ചേർന്നുള്ള ആഭ്യന്തര പ്രതിവിപ്ലവ ശക്തികൾ ജനകീയ വിപ്ലവ ശക്തികളേക്കാൾ ശക്തമായിരുന്നു. ജാപ്പനീസ് സാമ്രാജ്യത്വത്തെയും ചൈനയിലെ പ്രതിവിപ്ലവ ശക്തികളെയും തുരത്തിയാൻ ചെറിയ ശക്തികൾക്ക് സാദ്ധ്യമല്ല. അതുകൊണ്ടുതന്നെ നമ്മൾ വലിയ ശക്തി സമാഹരിക്കേണ്ടതുണ്ട്. ചൈനയിൽ ഇന്ന് പ്രതിവിപ്ലവ ശക്തികൾ മുമ്പത്തേക്കാൾ ദുർബലരും വിപ്ലവശക്തികൾ കരുത്തരും ആയിട്ടുണ്ട്...ദേശീയ തലത്തിൽ വിശാലമായ ഐക്യമുന്നണി രൂപീകരിക്കണമെങ്കിൽ വിപ്ലവ, പ്രതിവിപ്ലവ ശക്തികളുടെ വർഗ വിന്യാസത്തിൽ വരുന്ന മാറ്റങ്ങൾ കൃത്യമായി മനസ്സിലാക്കേണ്ടതുണ്ട്. ഇരുകൂട്ടരുടെയും ശക്തിയും ദൗർബല്യവും കണക്കിലെടുത്തില്ലെങ്കിൽ വിശാലമായ ദേശീയ ഐക്യമുന്നണിയുടെ ആവശ്യകത നമുക്ക് മനസ്സിലാകില്ല. വിശാല ജനവിഭാഗങ്ങളുമായി ബന്ധം സ്ഥാപിക്കുന്നതിലുള്ള വൈമുഖ്യത്തിൽനിന്ന് പുറത്തുകടക്കാനും ആകില്ല. ഐക്യമുന്നണിയെ ഉപാധിയാക്കിക്കൊണ്ട് ജനലക്ഷങ്ങളെ അണിനിരത്തുകയും വിപ്ലവത്തോട് സൗഹൃദം പുലർത്തുന്ന മുഴുവൻ ശക്തികളെയും സമാഹരിക്കുകയും ചെയ്തുകൊണ്ട് മുഖ്യലക്ഷ്യത്തിലേയ്ക്ക് മുന്നേറാനും, ജാപ്പനീസ് സാമ്രാജ്യത്വത്തിനും അവരുടെ വാലാട്ടികളായ ചൈനീസ് വഞ്ചകർക്കും പ്രഹരമേൽപിക്കാനും കഴിയില്ല..."

*(ശേഷം 8–ാം പേജിൽ)*

# മാർക്സിസ്റ്റ് ദർശനം പ്രയോഗിച്ചുകൊണ്ട് മാവോ സെ തുങ് ചൈനീസ് വിപ്ലവത്തിന്റെ അടവും തന്ത്രവും വസ്തുനിഷ്ഠമായി നിർണ്ണയിച്ചു

(7–ാം പേജിൽ നിന്ന്)

*(ജാപ്പനീസ് സാമ്രാജ്യത്വത്തിനെതിരായ അടവുകൾ, തിരഞ്ഞെടുത്ത കൃതികൾ, വോള്യം-1)*

1937 ജൂലൈ 7ന് ജാപ്പനീസ് അധിനിവേശ സേന ലൂക്കോച്ചി യാവോയിലുള്ള ചൈനീസ് സൈനികത്താവളം ആക്രമിച്ചു. ബീജിംഗിന് 10 കി.മീ. തെക്കുപടിഞ്ഞാറായിട്ടാണ് ഇത് സ്ഥിതിചെയ്യുന്നത്. ജൂലൈ 8ന് ചെയർമാൻ മാവോയുടെ നേതൃത്വത്തിൽ സിപിസി പുറത്തിറക്കിയ മാനിഫെസ്റ്റോ ഈ അധിനിവേശത്തെ ചെറുക്കാൻ ജനങ്ങളോട് ഇപ്രകാരം ആഹ്വാനം ചെയ്തു: "ദേശവാസികളേ! വടക്കൻ ചൈന അപകടത്തിൽ പെട്ടിരിക്കുകയാണ്! ചൈന ആകെത്തന്നെ വലിയ വിപത്തിനെ നേരിടുന്നു. രാജ്യം ഒറ്റക്കെട്ടായിനിന്ന് ചെറുത്തുനിൽക്കുക മാത്രമേ ഇനി പോംവഴിയുള്ളൂ. അടിയന്തരവും നിശ്ചയദാർഢ്യത്തോടെയുള്ളതുമായ ചെറുത്തുനിൽപ് ജപ്പാന്റെ അധിനിവേശ സേനയ്ക്കെതിരെ നടത്തണമെന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. ഏത് അടിയന്തര സാഹചര്യത്തെയും നേരിടാനുള്ള തയ്യാറെടുപ്പുകൾ ഉടനടി നടത്തണം. അധിനിവേശകരോട് യാചിച്ചുകിട്ടുന്ന അടിമത്തത്തിൽ സമാധാനമായി കഴിയാമെന്ന ചിന്താഗതി രാജ്യത്ത് ഒരാളും വച്ചുപുലർത്തരുത്... ചിയാങ് കൈഷേക്കിന്റെ പ്രഖ്യാപനത്തെ ഞങ്ങൾ ശക്തമായി പിന്തുണയ്ക്കുന്നു. ക്വമിന്താങ്ങിന്റെ പ്രവർത്തകരോടും മുഴുവൻ ജനങ്ങളോടുമൊപ്പം നിന്ന് മാതൃരാജ്യത്തിന്റെ രക്ഷയ്ക്കായി അവസാനതുള്ളി രക്തംവരെ പൊരുതാൻ ഞങ്ങൾ തയ്യാർ. ഇതിന് തയ്യാറല്ലാത്ത എല്ലാവരോടും ഞങ്ങൾക്ക് വിയോജിപ്പാണ്..."

റെഡ് ആർമിയുമായി കൈകോർക്കാൻ തുടക്കത്തിൽ ചിയാങ് തയ്യാറായിരുന്നില്ല എന്ന കാര്യം ഓർക്കണം. സൈനിക നേതൃത്വത്തിലൊരു വിഭാഗവും മറ്റു നേതാക്കളും അദ്ദേഹത്തെ നിർബന്ധിതനാക്കുകയായിരുന്നു. കൃത്യമായി പറഞ്ഞാൽ മാവോയുടെ അടുത്തേയ്ക്ക് ചിയാങിനെ പിടിച്ചുകൊണ്ടു വരികയായിരുന്നു. ജാപ്പനീസ് അധിനിവേശത്തെ തുരത്താനായി റെഡ് ആർമിയുമായി സഖ്യമുണ്ടാക്കുന്നതിന് അനുമതി നൽകാൻ അദ്ദേഹം അങ്ങനെ നിർബന്ധിതനായി. രാജ്യവ്യാപകമായി നടന്ന ജപ്പാൻവിരുദ്ധ പ്രക്ഷോഭത്തിന്റെ സ്വാധീനം മൂലമാണ് ചൈനീസ് സേന ചെറുത്തുനിൽപിന് തയ്യാറായത്. സംയുക്ത സേനയെ നയിക്കാൻ ചിയാങ്ങിനെ മാവോ അനുവദിച്ചെങ്കിലും പല തരത്തിലുള്ള വൈരുദ്ധ്യങ്ങൾ ബുദ്ധിപൂർവ്വം കൈകാര്യ ചെയ്തും സാഹചര്യത്തിലെ മാറ്റങ്ങൾ കൃത്യമായി വിലയിരുത്തിയും റെഡ് ആർമി അതിന്റെ മേധാവിത്വം സ്ഥാപിച്ചെടുക്കുകതന്നെ ചെയ്തു. ജപ്പാനെതിരായ ചൈനീസ് ജനതയുടെ 8 വർഷം നീണ്ട ധീരോദാത്തമായ ചെറുത്തുനിൽപുയുദ്ധത്തിന് തുടക്കം കുറിച്ചത് ഇപ്രകാരമായിരുന്നു.

ഐക്യമുന്നണിയുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന പലതരത്തിലുള്ള ആശയക്കുഴപ്പങ്ങളെ ദൂരീകരിച്ചുകൊണ്ടും വ്യത്യസ്ത പ്രവണതകളെ വിശകലനം ചെയ്തുകൊണ്ടും, ആവശ്യമായ സന്ദർഭങ്ങളിൽ ഐക്യമുന്നണി രൂപീകരിക്കേണ്ടത് എന്തുകൊണ്ടെന്നും അതുസംബന്ധിച്ച് ശരിയായ ധാരണ എന്തായിരിക്കണമെന്നും 1940ൽ മാവോ ഇപ്രകാരം വിശദീകരിച്ചു: "ജപ്പാൻവിരുദ്ധ പോരാട്ടത്തിനായുള്ള ഐക്യമുന്നണിയുടെ കാലത്ത് ഐക്യത്തിലെത്താനുള്ള മാർഗം സമരവും, ഐക്യം സമരത്തിന്റെ ലക്ഷ്യവുമാണ്. സമരത്തിലൂടെ കൈവരിക്കുന്ന ഐക്യം നിലനിൽക്കും. വിധേയത്വത്തിലൂടെ കൈവരുന്ന ഐക്യം തകർന്നുപോകും. പാർട്ടി സഖാക്കൾ ക്രമേണ ഈ സത്യം മനസ്സിലാക്കി. ഇനിയും ഇത് മനസ്സിലാകാത്തവരുണ്ട്. സമരം ഐക്യമുന്നണിയിൽ വിള്ളലുണ്ടാക്കുമെന്ന് ചിലർ കരുതുന്നു. മറ്റു ചിലരാകട്ടെ യാതൊരു നിയന്ത്രണവുമില്ലാത്ത സമരത്തിനുവേണ്ടി നിലകൊള്ളുന്നു... ഇതെല്ലാം തിരുത്തപ്പെടേണ്ടതുണ്ട്." *(ജപ്പാൻവിരുദ്ധ ഐക്യമുന്നണിയുടെ അടവുകൾ സംബന്ധിച്ച പ്രശ്നങ്ങൾ, തിരഞ്ഞെടുത്ത കൃതികൾ, വോള്യം-2)*

**സെപ്തംബർ 9**
**മാവോ സെ തുങ്**
**അനുസ്മരണ ദിനം**



## ചൈനയുടെ സാമ്പത്തിക-രാഷ്ട്രീയ-സാമൂഹ്യ സാഹചര്യത്തെ സംബന്ധിച്ച ശരിയായ വിലയിരുത്തൽ

ചൈനയുടെ മൂർത്ത സാഹചര്യത്തിൽ മാർക്സിസം-ലെനിനിസമെന്ന ശാസ്ത്രം പ്രയോഗിച്ചു കൊണ്ട് മാവോ വിശദീകരിച്ചു: "ചൈന ഒരു സ്വതന്ത്ര ജനാധിപത്യ രാഷ്ട്രമല്ല; അർദ്ധ ഫ്യൂഡൽ- അർദ്ധ കൊളോണിയൽ രാജ്യമാണ്. ചൈനയിൽ ആഭ്യന്തര ജനാധിപത്യമില്ല, ജന്മിത്ത ചൂഷണ വ്യവസ്ഥയാണുള്ളത്. ചൈന ദേശീയ സ്വാതന്ത്ര്യം നേടിയിട്ടില്ല, സാമ്രാജ്യത്വശക്തികളുടെ ചൂഷണത്തിന് ഇരയായിട്ടുള്ള രാജ്യമാണ്.*(തിരഞ്ഞെടുത്ത കൃതികൾ, വോള്യം-2)*

ദേശീയ ബൂർഷ്വാ വ്യവസ്ഥ ജീർണവും മരണാസന്നവുമായഘട്ടത്തിലെത്തിയിരിക്കുന്നു. മുതലാളിത്തവിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവത്തെക്കുറിച്ചുള്ള ഭീതി അതിനെ സദാ വേട്ടയാടിക്കൊണ്ടിരിക്കുന്നു. അത് ജന്മിത്തവുമായി ഒത്തുതീർപ്പിലെത്തുകയും പരിഷ്കരണവാദപരമായ നിലപാട് സ്വീകരിക്കുകയും ചെയ്തിരിക്കുന്നു. അതുകൊണ്ടുതന്നെ ദേശീയ ബൂർഷ്വാസിയാൽ നയിക്കപ്പെടുന്ന ദേശീയ സ്വാതന്ത്ര്യ സമരങ്ങൾക്ക് പൂർണ വിജയം കൈവരിക്കുക സാദ്ധ്യമല്ല. മുതലാളിത്തം സാമ്രാജ്യത്വ ഘട്ടത്തിലെത്തിയതുമൂലം അതിന്റെ സ്വഭാവത്തിലുണ്ടായിരിക്കുന്ന ഈ സവിശേഷതകൾ വിശദീകരിച്ചത് ലെനിനിസമാണ്. സാമൂഹ്യവിപ്ലവങ്ങൾ വിജയത്തിലെത്താൻ ഇനി അത് തൊഴിലാളിവർഗത്താൽ നയിക്കപ്പെടണമെന്നും ലെനിനിസം സമർത്ഥിക്കുന്നു. ഈ വിപ്ലവങ്ങളുടെ സ്വഭാവം നിർണയിക്കുന്നത് ഓരോ രാജ്യത്തെയും സവിശേഷ സാഹചര്യങ്ങളായിരിക്കും. ലെനിനിസത്തിന്റെ ഈ പാഠമുൾക്കൊണ്ട് മാവോ വിശദീകരിക്കുന്നു: "ചൈനയിലെ ബൂർഷ്വാ ജനാധിപത്യ വിപ്ലവം ഒരു പുതിയ തരത്തിലുള്ളതായിരിക്കും. വിപ്ലവശക്തികളുടെ വർഗവിന്യാസം കണക്കിലെടുത്താൽ അത് ലോക തൊഴിലാളിവർഗ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ ഭാഗമായിരിക്കും... ഒരു അർദ്ധ കൊളോണിയൽ രാജ്യമായ ചൈനയിലെ വിപ്ലവമെന്ന നിലയിൽ, സാമൂഹിക സ്വഭാവത്തിൽ, ആദ്യഘട്ടത്തിൽ അത് അടിസ്ഥാനപരമായി ബൂർഷ്വാ ജനാധിപത്യ വിപ്ലവമായിരിക്കുമെങ്കിലും, മുതലാളിവർഗം നയിച്ച പഴയ വിപ്ലവങ്ങളുടെ ഗണത്തിൽപെടുന്ന ഒന്നായിരിക്കില്ല; തൊഴിലാളിവർഗത്താൽ നയിക്കപ്പെടുന്ന ഒരു പുതിയതരം വിപ്ലവമായിരിക്കുമത്." *(തിരഞ്ഞെടുത്ത കൃതികൾ, വോള്യം-2)*

ദേശീയ സ്വാതന്ത്ര്യ സമരമെന്ന പേരിൽ ചിയാങ് കൈഷേക് നയിച്ച സമരം, ലെനിന്റെ ഈ പാഠം ശരിയെന്ന് തെളിയിക്കുകയും മാവോ അത് പിന്തുടർന്നുവെന്ന് ബോദ്ധ്യപ്പെടുത്തുകയും ചെയ്തു. ദേശീയ ബൂർഷ്വാസിതന്നെ "ദേശീയ താൽപര്യം" കശാപ്പ് ചെയ്യുന്നതിനാണ് ചൈന അന്ന് സാക്ഷ്യം വഹിച്ചത്. മാവോയാകട്ടെ, ശരിയായ വിശകലനത്തിലൂടെ വിപ്ലവഘട്ടം, വിപ്ലവത്തിന്റെ തന്ത്രവും അടവും എന്നിവയൊക്കെ കൃത്യമായി വിശദീകരിച്ചു.

മാവോ വിശദീകരിക്കുന്നു: "ചൈനയിൽ ഉപയോഗിക്കാൻ പാകത്തിൽ ഒരു പാർലമെന്റോ തൊഴിലാളി പണിമുടക്കങ്ങൾ നടത്താൻ നിയമപരമായ അവകാശമോ ഉണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ വിപ്ലവം തുടങ്ങുന്നതിനുമുമ്പ് നിയമാനുസൃത സമരങ്ങളുടെ ഘട്ടത്തിലൂടെ കടന്നുപോകുക എന്നതായിരുന്നില്ല യഥാർത്ഥത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കർത്തവ്യം. ആദ്യം പട്ടണങ്ങൾ പിടിച്ചെടുത്തിട്ട് ഗ്രാമങ്ങളിലേയ്ക്ക് തിരിയുക എന്നതുമായിരുന്നില്ല ചെയ്യേണ്ടിയിരുന്നത്. മുതലാളിത്ത രാജ്യങ്ങളും ചൈനയും തമ്മിലുള്ള വ്യത്യാസം വെളിവാക്കുന്ന കാര്യങ്ങളാണിതെല്ലാം."*(തിരഞ്ഞെടുത്ത കൃതികൾ, വോള്യം-2)*

ചൈനീസ്മാതൃക അന്ധമായി അനുകരിക്കുന്നതിന് എതിരെയും മാവോ മുന്നറിയിപ്പ് നൽകി: "ഗ്രാമങ്ങളിൽ അടിത്തറ സൃഷ്ടിച്ചുകൊണ്ട് പട്ടണങ്ങളെ വളയുകയും തുടർന്ന് അവ പിടിച്ചെടുക്കുകയും ചെയ്യുക എന്ന ചൈനീസ് വിപ്ലവ പദ്ധതിയിൽനിന്ന് നിങ്ങൾക്ക് പാഠങ്ങൾ ഉൾക്കൊള്ളാം. എന്നാൽ നിങ്ങളുടെ രാജ്യത്ത് ഇത് ഇതേപടി പ്രായോഗികമാകണമെന്നില്ല. ചൈനയുടെ വിപ്ലവാനുഭവങ്ങൾ യാന്ത്രികമായി പറിച്ചുനടരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഒരു രാജ്യത്തെയും വിപ്ലവത്തെ വരട്ടുവാദപരമായി അനുകരിക്കരുത്, അതിൽനിന്ന് പാഠങ്ങൾ ഉൾക്കൊള്ളുകയേ ചെയ്യാവൂ."*(തിരഞ്ഞെടുത്ത കൃതികൾ, വോള്യം-5)*

നിയമപരമായ പോരാട്ടങ്ങൾക്ക്, അതായത് ജനാധിപത്യ സമരങ്ങൾക്ക് സാദ്ധ്യത ഇല്ലാതിരുന്നതിനാൽ ചൈനയുടെ മോചനത്തിനായി ഗറില്ലാ യുദ്ധതന്ത്രത്തിനും വിമോചിത മേഖലകൾ സൃഷ്ടിക്കുന്നതിനും മാവോ ഊന്നൽ നൽകി. സായുധപോരാട്ടത്തിന്റെ മാർഗമായി അവ സ്വീകരിച്ചു. എന്നാൽ അതോടൊപ്പം ഇപ്രകാരം മുന്നറിയിപ്പും നൽകി: "ഗറില്ലാ പ്രവർത്തനം തനതായ ഒരു യുദ്ധതന്ത്രമായി കാണരുത്. ആകമാനമുള്ള യുദ്ധതന്ത്രത്തിലെ ഒരു നീക്കം, വിപ്ലവസമരത്തിലെ ഒരു രീതി മാത്രമാണത്..." *(തിരഞ്ഞെടുത്ത കൃതികൾ, വോള്യം-4)* തുടർന്ന് അദ്ദേഹം വ്യക്തമാക്കി: "ഇന്നത്തെ ആധുനിക വാർത്താവിനിമയ സൗകര്യങ്ങളുടെയും സാങ്കേതിക വികാസത്തിന്റെയും കാലത്ത്, കുറെ നിഷേധികൾ കറങ്ങിനടന്ന് ആക്രമണങ്ങൾ നടത്തി വിപ്ലവം വിജയിപ്പിക്കാം എന്നു കരുതുന്നത് മൗഢ്യമായിരിക്കും"*(തിരഞ്ഞെടുത്ത കൃതികൾ, വോള്യം-11)*

ഒരിക്കൽ മാവോ പറഞ്ഞു: "രാഷ്ട്രീയാധികാരം തോക്കിൻകുഴലിലൂടെയാണ് വരിക... ജന്മിത്ത വ്യവസ്ഥയിൽ ചിതറിക്കിടക്കുന്ന ഒരു രാജ്യത്ത് കൂടുതൽ ആയുധങ്ങൾ ഉള്ളവർക്ക് കൂടുതൽ അധികാരവും ഉണ്ടായിരിക്കും. അത്തരമൊരു സാഹചര്യത്തിലകപ്പെട്ടാൽ തൊഴിലാളിവർഗ പാർട്ടി ഈ വിഷയത്തിന്റെ മർമം ഗ്രഹിക്കുകതന്നെ വേണം... സായുധ പോരാട്ടം നടത്താതെ തൊഴിലാളിവർഗത്തിനോ കമ്മ്യൂണിസ്റ്റ് പാർട്ടിക്കോ ചൈനയിൽ ഒരു നിലനിൽപും ഉണ്ടാകില്ല, ഒരു വിപ്ലവ കടമയും അതിന് പൂർത്തീകരിക്കാനും ആകില്ല."*(തിരഞ്ഞെടുത്ത കൃതികൾ, വോള്യം-2)*

തന്റെ വാക്കുകൾ തെറ്റായി വ്യാഖ്യാനിക്കാതിരിക്കാൻ മാവോതന്നെ ഇപ്രകാരം വ്യക്തമാക്കി: " 'ആയുധമാണ് എല്ലാം നിർണയിക്കുന്നത്' എന്ന സിദ്ധാന്തം യാന്ത്രിക സമീപനത്തിൽനിന്ന് വരുന്നതാണ്. യുദ്ധത്തിൽ ആയുധത്തിന് പ്രാധാന്യമുണ്ട്, എന്നാലത് നിർണായക ഘടകമല്ല. വസ്തുക്കളല്ല, ജനങ്ങളാണ് നിർണായകമായിട്ടുള്ളത്. ബലപരീക്ഷണം ഒരു സൈന്യത്തിന്റെയോ സാമ്പത്തിക ശക്തിയുടെയോ മാത്രമല്ല, മാനവികവും ധാർമികവുമായ ശക്തിയുടേതുകൂടിയാണ്."*(തിരഞ്ഞെടുത്ത കൃതികൾ, വോള്യം-2)* തുടർന്നുള്ള 20 വർഷം കൊണ്ട് ചൈനീസ് വിപ്ലവം കൈവരിച്ച വിജയം മാവോയുടെ വിശകലനങ്ങൾ തീർത്തും ശരിയായിരുന്നു എന്ന് സ്ഥാപിക്കുന്നതായിരുന്നു.



(തുടരും)



# ബംഗ്ലാദേശ്
## സ്വേച്ഛാധിപത്യത്തിനെതിരെ അണപൊട്ടിയ ജനരോഷം

*ഫോറം ഓഫ് ദ സോഷ്യലിസ്റ്റ് പാർട്ടി ഓഫ് ബംഗ്ലാദേശിന്റെ കേന്ദ്ര എക്സിക്യൂട്ടീവ് അംഗങ്ങളായ സഖാക്കൾ ഡോ.ജയ്ദീപ് ഭട്ടാചാര്യയും റഷീദ് ശഹ്രിക്കറും ചേർന്ന് തയ്യാറാക്കിയ ലേഖനമാണിത്. ബംഗ്ലാദേശിൽ യഥാർത്ഥത്തിൽ നടക്കുന്നത് എന്താണ് എന്നതിലേക്ക് ഇത് വെളിച്ചംവീശുന്നു.*

**ക**ഴിഞ്ഞ ആഗസ്റ്റ് 5ന് ഉച്ചയ്ക്ക്, ആയിരക്കണക്കിന് ജനങ്ങൾ 'ഗണഭവനി'ലേക്ക് ഇരച്ചുകയറിത്തുടങ്ങിയപ്പോൾതന്നെ, ഷെയ്ഖ് ഹസീന രാജിവെച്ചിരുന്നു. രാജ്യം വിടാനാകാതെ അവർ ബംഗ്ലാദേശിൽനിന്നും ഒളിച്ചോടി. സാമൂഹ്യമാധ്യമങ്ങളിലാകമാനം സ്വാതന്ത്ര്യം എന്ന വാക്ക് മുഴങ്ങി.

അടിച്ചമർത്തപ്പെട്ട ഒരു ജനതയെ സംബന്ധിച്ചിടത്തോളം സ്വാതന്ത്ര്യത്തെക്കാൾ മഹത്തായതായി ഒന്നുമില്ല. 1971ലാണ് ബംഗ്ലാദേശ് ഒരു സ്വതന്ത്ര രാഷ്ട്രമാകുന്നത്. പടിഞ്ഞാറൻ പാക്കിസ്ഥാനിലെ ഭരണാധികാരികളുടെ ദുർഭരണവും വിവേചനവും നിർത്തലാക്കാനുള്ള ഒരു പോരാട്ടത്തിന്റെ പരിസമാപ്തിയായിരുന്നു അത്. ശരിയാണ്, 1971ൽ ഞങ്ങൾക്ക് സ്വന്തമായി ഒരു രാജ്യം ലഭിച്ചു. എന്നാൽ, സ്വാതന്ത്ര്യത്തിന്റെ പൂർണ്ണമായ അർത്ഥത്തിൽ ഞങ്ങൾ അപ്പോഴും സ്വതന്ത്രരായിരുന്നില്ല. 'ഒരു പൂവിനെ രക്ഷിക്കാൻ', 'ചിരിക്കുന്ന ഒരു മുഖത്തിനു വേണ്ടി' ബംഗ്ലാദേശിലെ ജനങ്ങൾ വിമോചന യുദ്ധത്തിൽ പങ്കെടുത്തു. രാജ്യം പാക്കിസ്ഥാനിൽ നിന്നും സ്വതന്ത്രമായി, ബംഗ്ലാദേശ് എന്ന പേരുള്ള ഒരു പ്രദേശം ഞങ്ങൾക്ക് ലഭിക്കുകയും ചെയ്തു. എന്നാൽ, സ്വതന്ത്ര ബംഗ്ലാദേശിൽ ആയിരക്കണക്കിന് പൂമൊട്ടുകൾ കൊഴിഞ്ഞു പോയി; ചിരിച്ചുകൊണ്ടിരുന്ന മുഖങ്ങൾ അപ്രത്യക്ഷമായി. ഒരു പുതിയ പോരാട്ടത്തിന്റെ പ്രാരംഭമായിരുന്നു അത്. സ്വേച്ഛാധിപത്യപരമായ ഗവൺമെന്റിനെതിരെയുള്ള സമരം. ജനറൽ ഇർഷാദിനെ അധികാരത്തിൽ നിന്നും നീക്കി. എന്നിട്ടും യഥാർത്ഥ സ്വാതന്ത്ര്യം എന്ന സ്വപ്നം അവശേഷിച്ചു. ജനങ്ങൾക്ക് കപട വാഗ്ദാനങ്ങൾ നൽകിയ ഒരു പാർട്ടിക്കുപകരം സമാനമായ മറ്റൊരു പാർട്ടി അധികാരത്തിലേറി. ഭരണവർഗ്ഗത്തിന്റെ ശരിയായ സ്വഭാവം തിരിച്ചറിയാതെപോയ സാധാരണ ജനങ്ങൾ വീണ്ടും വീണ്ടും വഞ്ചിക്കപ്പെട്ടു കൊണ്ടിരുന്നു.

ഈ രണ്ട് പാർട്ടികളുടെയും മാറിമാറിയുള്ള ഭരണത്തിന് കീഴിലും ഞങ്ങൾക്ക് സ്വാതന്ത്ര്യം ലഭിച്ചില്ല. എന്നാൽ, ഇതിന് മുൻപുണ്ടായിരുന്ന എല്ലാ സ്വേച്ഛാധിപത്യ ഭരണത്തെയും നിഷ്പ്രഭമാക്കുന്നതായിരുന്നു കഴിഞ്ഞ 16 വർഷത്തെ അവാമി ലീഗിന്റെ അടിച്ചമർത്തൽ ഭരണം. പാക്കിസ്ഥാൻ ഞങ്ങളെ ഭരിച്ചിരുന്ന ആ കറുത്ത കാലത്തെ ഓർമ്മിപ്പിക്കുന്നതായിരുന്നു ഇക്കാലയളവ്. 1971ന് മുൻപ്, രാത്രിയുടെ മറവിൽ പട്ടാള വാനുകൾ വന്ന് പ്രതിപക്ഷ നേതാക്കളെ പിടിച്ചുകൊണ്ടുപോകുമായിരുന്നു. ഷെയ്ഖ് ഹസീനയുടെ ഭരണത്തിന് കീഴിലും ഇതായിരുന്നു അവസ്ഥ. അങ്ങനെ പിടിച്ചുകൊണ്ടുപോയവരുടെ കുടുംബം പിറ്റേന്ന് പോലീസിനെ സമീപിച്ചാൽ, അറസ്റ്റിന് രേഖകൾ ഉണ്ടാകുമായിരുന്നില്ല. എവിടെ പോകണമെന്നും ആരെ സമീപിക്കണമെന്നും അറിയാതെ ഉറ്റവരും ഉടയവരും അലഞ്ഞു. ചിലരെ പിന്നീട് തിരിച്ചു കിട്ടി. മറ്റുള്ള ഹതഭാഗ്യർ അർദ്ധമൃതാവസ്ഥയിൽ തെരുവുകളിൽ ഉപേക്ഷിക്കപ്പെട്ടു. ഇത്തരം സംഭവങ്ങൾ ഹസീനയുടെ ഭരണകാലത്ത് വളരെ സാധാരണമായിരുന്നു. ഇതിൽ ചിലരെ പിന്നീട് കണ്ടെത്തിയത് 'കണ്ണാടി വീട്' എന്നറിയപ്പെടുന്ന ഒരു രഹസ്യ സങ്കേതത്തിൽ നിന്നാണ്. വെളിച്ചം കടന്നുചെല്ലാത്ത ഇടമായിരുന്നു അത്; മുറികൾ എല്ലാം ഇരുണ്ടു കിടക്കുന്നു. മൃഗങ്ങൾ പോലും കഴിക്കാത്ത ഭക്ഷണമാണ് അവർക്ക് നൽകിയിരുന്നത്. ആ മുറികളിൽ അവർ നിരന്തരം മൂന്നാംമുറകൾക്ക് വിധേയരായി. പത്തുവർഷത്തിലേറെയായി അവിടെ തടവിലാക്കപ്പെട്ടവർ വരെയുണ്ടായിരുന്നു.

ഗവൺമെന്റിന്റെ കരിമ്പട്ടികയിൽപ്പെടാൻ നിങ്ങൾ ഒരു വലിയ നേതാവാകണം എന്നില്ലായിരുന്നു. ഗവൺമെന്റിനെതിരെ കാർട്ടൂൺ വരച്ചതിനാണ് ഒരു കൗമാരക്കാരൻ അറസ്റ്റ് ചെയ്യപ്പെട്ടത്. ഗവൺമെന്റ് വിരുദ്ധ ലഘുലേഖകൾ ഫെയ്സ്ബുക്കിൽ പങ്കുവെച്ചതിന് അറസ്റ്റ് ചെയ്യപ്പെട്ട മുഷ്താഖ്, ജയിലിൽ വച്ച് കൊല്ലപ്പെട്ടു, ഇതെല്ലാം ഉള്ളുലയ്ക്കുന്ന സംഭവസാക്ഷ്യങ്ങളാണ്. ഒറ്റപ്പെട്ട അപവാദങ്ങളല്ല. ഗവൺമെന്റിനെ വിമർശിക്കുന്ന എഴുത്തും കാർട്ടൂണുകളും രാജ്യത്ത് ഏറെക്കുറെ നിരോധിക്കപ്പെട്ടിരുന്നു. രാജ്യം മുഴുവനും ഒരു കൊലക്കളമായി മാറി. ജനങ്ങൾക്കിടയിൽ ഊറിക്കൂടിയ രോഷം വിദ്യാർത്ഥികളുടെ വൻപ്രതിഷേധമായി അണപൊട്ടിയൊഴുകി. അതുകൊണ്ടാണ് അവാമി ലീഗിന്റെ പതനത്തിന് ശേഷം "ഞങ്ങൾ സ്വതന്ത്രരായി" എന്ന് ജനങ്ങൾ പറയുന്നത്.

### ക്വാട്ടാവിരുദ്ധ സമരത്തിൽനിന്ന് ബഹുജനപ്രക്ഷോഭത്തിലേക്ക്

ബംഗ്ലാദേശ് സ്വാതന്ത്ര്യസമര സേനാനികളുടെ അനന്തരാവകാശികൾക്ക് 30% ജോലി സംവരണം പുനഃസ്ഥാപിച്ചതിനെതിരെയുള്ള സമരം ആയിട്ടാണ് ഇത് ആരംഭിച്ചത്. ബംഗ്ലാദേശിലെ സ്വാതന്ത്ര്യസമര സേനാനികളോട് ജനങ്ങൾക്ക് ബഹുമാനവും മതിപ്പുമുണ്ട്. രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി രക്തം ചൊരിയുകയും ജീവൻ ബലിയർപ്പിക്കുകയും ചെയ്തവരാണ് അവർ. എന്നാൽ സ്വാതന്ത്ര്യത്തിന് അമ്പതാണ്ടുകൾക്കു ശേഷവും അവരുടെ മക്കൾക്ക് മാത്രമല്ല പേരക്കുട്ടികൾക്ക് അടക്കം ഇത്തരമൊരു പ്രത്യേക അവകാശം കൊടുക്കുന്നതിന്റെ സാംഗത്യം എന്താണ്? ഇതടക്കം മൊത്തം തൊഴിലിന്റെ 56 ശതമാനവും സംവരണം ചെയ്യപ്പെട്ടിരിക്കുന്നു. കടുത്ത തൊഴിലില്ലായ്മയാണ് ബംഗ്ലാദേശിൽ എന്നോർക്കണം. മൂന്ന് കോടിയോളം ജനങ്ങൾക്ക് തൊഴിലില്ല. സർക്കാരിന്റെ കണക്കനുസരിച്ച് തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ എണ്ണം എട്ടു ലക്ഷത്തോളമാണ്. എന്നാൽ, യഥാർത്ഥത്തിൽ ഇതിന്റെ എത്രയോ മടങ്ങ് അധികമാണ് തൊഴിലില്ലായ്മ എന്ന് വിദഗ്ധർ പറയുന്നു. ബംഗ്ലാദേശ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെവലപ്മെന്റ് സ്റ്റഡീസിന്റെ ഒരു പഠനപ്രകാരം, ദേശീയ സർവകലാശാലകളിൽ നിന്ന് ബിരുദവും ബിരുദാനന്തര ബിരുദവും കഴിഞ്ഞ് പുറത്തിറങ്ങുന്നതിൽ പകുതിപേർക്കും തൊഴിലില്ല. വലിയൊരു വിഭാഗം വിദ്യാർത്ഥികൾ പഠനം പൂർത്തിയാക്കി ഓരോ വർഷവും തൊഴിൽ കമ്പോളത്തിലേക്ക് അണിചേരുന്നു. തൊഴിലാകട്ടെ വളരെ പരിമിതവും. ഗവൺമെന്റ് ജോലികളിൽ നിയമനം ഏതാണ്ട് മരവിപ്പിച്ചിരിക്കുകയാണ്. പുതിയ തൊഴിലുകൾ ഒന്നും സൃഷ്ടിക്കപ്പെടുന്നില്ല. വിദ്യാസമ്പന്നരായ ഒട്ടനവധി ചെറുപ്പക്കാരാണ് തൊഴിൽ ലഭിക്കാതെ നിരാശരായി ആത്മഹത്യ ചെയ്യുന്നത്. രക്ഷിതാക്കൾക്ക് കുട്ടികളെ പഠിപ്പിക്കാനായി തങ്ങളുടെ സമ്പാദ്യം മുഴുവൻ ചെലവഴിക്കേണ്ടിവരുന്നു. ട്യൂഷൻ പോലെയുള്ള പണികളിൽനിന്നും മറ്റും കിട്ടുന്ന ചുരുങ്ങിയ വരുമാനംകൊണ്ട് അരിഷ്ടിച്ച് ജീവിക്കാനാണ് ഈ വിദ്യാർത്ഥികളുടെ വിധി. രാത്രികൾ അവർ ഏതെങ്കിലും ബാൽക്കണികളിലോ ഹാളുകളിലോ പള്ളിയിലോ ഒക്കെയായി തള്ളിനീക്കുന്നു. എങ്ങനെയെങ്കിലും കഷ്ടപ്പെട്ട് പഠിച്ച് പരീക്ഷ പാസായി വരുമ്പോൾ തൊഴിലില്ല; തൊഴിൽ ലഭിക്കുമോ എന്ന് തന്നെ നിശ്ചയമില്ല. ഈ അനിശ്ചിതത്വം വിദ്യാർത്ഥികളെയും ചെറുപ്പക്കാരെയും നിരന്തരം വേട്ടയാടുന്നു. ഈ മുറിവിന് മുകളിൽ മുളക് തേക്കുന്നതുപോലെയാണ് അഴിമതിയും കൈക്കൂലിയും സ്വജനപക്ഷപാതവും ചോദ്യപേപ്പർ ചോർത്തലുമെല്ലാം സംഭവിക്കുന്നത്. വർഷങ്ങളായി അവർ അനുഭവിച്ചുകൊണ്ടിരിക്കുന്ന അടിച്ചമർത്തലിനും വിവേചനത്തിനുമൊപ്പം ക്ലിനിന്മേൽ കുരു എന്നപോലെ തൊഴിലില്ലായ്മയും അതീവരൂക്ഷമാണ്. അവരുടെ അമർഷം പൊട്ടിത്തെറിക്കുന്ന പ്രതിഷേധമായി തെരുവുകളിലേക്ക് വ്യാപിക്കുകയായിരുന്നു.

ക്വാട്ടാസമ്പ്രദായത്തിനെതിരെ 2018ൽ നടന്ന പ്രക്ഷോഭത്തിന്റെ ഫലമായി അത് മുഴുവനായി നിർത്തലാക്കാൻ അവാമി ലീഗ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആ ഉത്തരവിനെയാണ് കഴിഞ്ഞ ജൂൺ അഞ്ചിന് ഹൈക്കോടതി തള്ളിക്കളഞ്ഞത്. ഇതേതുടർന്ന് ധാക്ക യൂണിവേഴ്സിറ്റിയിലെയും ജഹാംഗീർ യൂണിവേഴ്സിറ്റിയിലെയും നിരവധി വിദ്യാർത്ഥികൾ പ്രതിഷേധം പ്രകടിപ്പിച്ചു. ഹൈക്കോടതി വിധി റദ്ദാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രതിഷേധ പരിപാടികൾ നടന്നുവരികയായിരുന്നു. തങ്ങളുടെ ആവശ്യങ്ങൾ ജൂണിൽതന്നെ അംഗീകരിക്കണമെന്ന് പ്രതിഷേധിക്കുന്ന വിദ്യാർത്ഥികൾ ആവശ്യപ്പെട്ടിരുന്നെങ്കിലും നടപടിയൊന്നും ഉണ്ടായില്ല. ജൂലൈ ഒന്നിന് ഈദ് അവധി കഴിഞ്ഞ് സർവകലാശാലകൾ തുറന്നതോടെ പ്രതിഷേധ പരിപാടികൾ പുനരാരംഭിച്ചു. ബംഗ്ലാദേശിലെ എല്ലാ പ്രമുഖ സർവ്വകലാശാലകളിലെയും വിദ്യാർത്ഥികൾ തെരുവുകളിൽ സംഘടിക്കാൻ തുടങ്ങി. അധികം താമസിയാതെ തന്നെ വിദ്യാർത്ഥികൾ ഒന്നാകെ അവർക്കു പിന്നിൽ അണിനിരന്നു. ഹൈക്കോടതി വിധിയ്ക്കെതിരെ വന്ന അപ്പീൽ ജൂലൈ നാലിന് തന്നെ വാദം കേട്ടെങ്കിലും വിധി സ്റ്റേ ചെയ്യാൻ അപ്പീൽ കോടതി വിസമ്മതിച്ചു. നിരാശരായ വിദ്യാർഥികൾ ധാക്കയിലെ ഷാബാഗ് റോഡ് ഉപരോധിച്ചു. ഈ പ്രതിഷേധം രാജ്യം മുഴുവൻ പടർന്നു. പലയിടത്തും റോഡ് ഗതാഗതം തടസ്സപ്പെട്ടു. ജൂലൈ അഞ്ചിന് വിദ്യാർഥികൾ രാജ്യവ്യാപകമായി സമരത്തിന് ആഹ്വാനം ചെയ്തു. 'ബംഗ്ലാ ബ്ലോക്കേഡ്' പ്രതിഷേധം ജൂലൈ 6ന് ആരംഭിച്ചു.

ജൂലൈ 10ന്, നേരിട്ടുള്ള നിയമനങ്ങളിൽ സംവരണം നടപ്പിലാക്കുന്നതിന് നാലാഴ്ചത്തേക്ക് സ്റ്റേ ചെയ്തുകൊണ്ട് അപ്പീൽ കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചു. ആഗസ്റ്റ് 7ന് വാദം തുടർന്ന് കേൾക്കാൻ നിശ്ചയിക്കുകയും ചെയ്തു. എന്നാൽ എല്ലാ വിഭാഗം ഗവൺമെന്റ് ജോലികളിലും ക്വാട്ടാസമ്പ്രദായം പരിഷ്കരിക്കണമെന്നും ഗവൺമെന്റ് അതിനാവശ്യമായ നിയമനിർമാണം നടത്തണമെന്നുമുള്ള ആവശ്യത്തിൽ വിദ്യാർത്ഥികൾ ഉറച്ചുനിന്നു. ഗവൺമെന്റ് ആണ് ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത്, കോടതിയല്ല എന്നായിരുന്നു വിദ്യാർത്ഥികളുടെ നിലപാട്. ക്വാട്ടാസമ്പ്രദായം നിർത്തലാക്കുന്നതുവരെ സമരം തുടരാൻ അവർ തീരുമാനിച്ചു. എന്നാൽ ഗവൺമെന്റ് ഇക്കാര്യത്തിൽ മൗനം പാലിക്കുകയാണ് ചെയ്തത്. സമരം അവസാനിപ്പിക്കാൻ അവർ വിദ്യാർത്ഥികൾക്കുമേൽ സമ്മർദ്ദം ചെലുത്തി. എന്നാൽ അവരുമായി ചർച്ചകൾക്ക് യാതൊരു മുൻകൈയും എടുത്തതുമില്ല. ഭരണകക്ഷിയുടെ ജനറൽ സെക്രട്ടറിയായ ഉബൈദുൽ ഖാദർ പറഞ്ഞത് 'പ്രതിഷേധക്കാർ സുപ്രീം കോടതിയോടാണ് കരുത്ത് പ്രകടിപ്പിക്കുന്നത്' എന്നാണ്. വിദ്യാർത്ഥികൾ പരിധിവിടുന്നു എന്ന് ആഭ്യന്തരമന്ത്രി അസാദുസ്സമാൻ ഖാൻ പ്രസ്താവിച്ചു.

ഭരണകക്ഷി നേതാക്കളുടെയും മന്ത്രിമാരുടെയും ഭീഷണികളെ വകവയ്ക്കാതെ ആവശ്യങ്ങൾ നേടിയെടുക്കുന്നതുവരെ സമരം തുടരാനും ഗതാഗതം തടയാനുമുള്ള ഉറച്ച നിലപാടാണ് വിദ്യാർത്ഥികൾ കൈക്കൊണ്ടത്. ജൂലൈ 14ന് ഈ ആവശ്യങ്ങൾ അടങ്ങിയ ഒരു നിവേദനം പ്രസിഡന്റിന് സമർപ്പിച്ചു. അതേ ദിവസം തന്നെ ഗണഭവനിൽ നടന്ന പത്രസമ്മേളനത്തിൽ ഷെയ്ഖ് ഹസീന പറഞ്ഞു: "സംവരണ വിഷയത്തിൽ എനിക്കൊന്നും ചെയ്യാനാവില്ല... കോടതിവിധിയിൽ എക്സിക്യൂട്ടീവിന് പങ്കില്ല. ഈ വിഷയം തീരുമാനിക്കേ

(ശേഷം 10–ാം പേജിൽ)

ബംഗ്ലാദേശ് പ്രക്ഷോഭം

# പൊട്ടിത്തെറിച്ചത് കാലങ്ങളായി ഉറഞ്ഞുകൂടിയ ജനങ്ങളുടെ അമർഷം

(9-ാം പേജിൽ നിന്ന്)

ണ്ടത് കോടതി തന്നെയാണ്.” അതേ പത്രസമ്മേളനത്തിൽ അവർ ചോദിച്ചു: “സ്വാതന്ത്ര്യസമരസേനാനികളുടെ പേരക്കുട്ടികൾക്കല്ലാതെ പിന്നെ രസാകർമാരുടെ (രാജ്യദ്രോഹികളുടെ) പേരക്കുട്ടികൾക്കാണോ ജോലി കൊടുക്കേണ്ടത്?” ഈ പ്രസ്താവനയിലൂടെ അവർ സമരം ചെയ്യുന്ന വിദ്യാർത്ഥികളെ ഒന്നടങ്കം അപമാനിച്ചു. ബംഗ്ലാദേശ് വിമോചന സമരത്തിന്റെ ആവേശം മനസ്സിൽ പേറുന്ന പുതിയ തലമുറയ്ക്ക് അവരെ രസാകർമാരുമായി തുലനംചെയ്തത് തീർത്തും അപമാനകരമായിരുന്നു. വിമോചന സമരകാലത്ത് ബംഗ്ലാദേശിലെ ലക്ഷക്കണക്കിന് ജനങ്ങളെ കൊന്നൊടുക്കിയ, ഏറ്റവും വെറുക്കപ്പെട്ട രാജ്യദ്രോഹികളാണ് രസാകർമാർ. പ്രതിഷേധിക്കുന്ന വിദ്യാർത്ഥികളുടെ ആത്മാഭിമാനത്തിനാണ് മുറിവേറ്റത്. ഈ അപമാനത്തിന് മറുപടി പറയാനായി അന്ന രാത്രിതന്നെ ധാക്ക സർവകലാശാലയിലെ വിദ്യാർത്ഥികൾ രാജ്യതലസ്ഥാനത്തിലൂടെ പ്രകടനം നടത്തി: “അമികെ തുമി കെ, രസാകർ രസാകർ/കീ ബോലേച്ചെ കീ ബോലേച്ചെ, ശൊയ്ത്തചാർ, ശൊയ്ത്തചാർ”(നമ്മളാര്, നിങ്ങളാര്, രസാകർ രസാകർ/എന്നാരുപറയുന്നു, ഏകാധിപതികൾ!) എന്നവർ വിളിച്ചുപറഞ്ഞു. “ചെയ്തിലം അധികാർ, ഗൊയേ ഗലാം രസാകർ”(അവകാശങ്ങൾ ചോദിച്ചവരെ രാജ്യദ്രോഹിയെന്ന് വിളിക്കുന്നു) എന്നും മുദ്രാവാക്യങ്ങൾ മുഴങ്ങി. ഈ മുദ്രാവാക്യങ്ങൾ അർത്ഥരാത്രിയിൽ തലസ്ഥാന നഗരിയെ പ്രകമ്പനം കൊള്ളിച്ചു. പെൺകുട്ടികളും വലിയതോതിൽ ഈ പ്രതിഷേധത്തിൽ അണിനിരന്നു.

ഷേയ്ക്ക്ഹസീനയുടെകുത്തുവാക്കിനെതിരെ തുടങ്ങിയ പ്രതിഷേധം പിന്നീട് സംവരണ വിഷയത്തിൽ ഒതുങ്ങി നിന്നില്ല. ഹസീനയുടെ ഏകാധിപത്യ ഭരണത്തിനെതിരെ വർഷങ്ങളായി ഉറഞ്ഞുകൂടിയ അമർഷം ഈ പ്രതിഷേധത്തിലൂടെ അണപൊട്ടി ഒഴുകി. ആ രാത്രി തന്നെ പ്രതിഷേധത്തിന്റെ സ്ഫുലിംഗങ്ങൾ മറ്റു സർവ്വകലാശാലകളിലേക്കും പടർന്നു. പലസ്ഥലങ്ങളിലും അവാമി ലീഗിന്റെ വിദ്യാർത്ഥി വിഭാഗമായ ഛാത്ര ലീഗ് പ്രതിഷേധക്കാരെ ആക്രമിച്ചു. “പ്രതിഷേധക്കാർക്ക് ചുട്ട മറുപടി നൽകാൻ ഛാത്ര ലീഗ് തയ്യാറാണ്”എന്ന് അടുത്ത ദിവസം ഉച്ചയ്ക്ക് ഉബൈദുൽ ഖാദർ (അവാമീ ലീഗിന്റെ ജനറൽ സെക്രട്ടറി) പ്രസ്താവനയിറക്കുകയും ചെയ്തു. ഈ പ്രസ്താവന വന്ന് മണിക്കൂറുകൾക്കകം ഛാത്ര ലീഗ് വാടക ഗുണ്ടകളെ വെച്ച് ധാക്ക സർവകലാശാലയിലെ പ്രതിഷേധക്കാരെ ക്രൂരമായി ആക്രമിച്ചു. പെൺകുട്ടികളെപ്പോലും വെറുതെ വിട്ടില്ല. മുന്നൂറിൽപരം വിദ്യാർത്ഥികൾക്ക് പരിക്കേറ്റു. അവരെ ചികിത്സക്കായി ധാക്ക മെഡിക്കൽ കോളേജിൽ എത്തിച്ചപ്പോൾ അവിടെവെച്ചും ആക്രമണം ഉണ്ടായി. മുറിവേറ്റ് ചികിത്സയിലിരുന്ന വിദ്യാർത്ഥികളെ പോലും ആക്രമിച്ചുകൊണ്ട് ഛാത്രലീഗ് തങ്ങളുടെ രാക്ഷസീയ മുഖം വെളിവാക്കി.



ജൂലൈ 15ന് രംഗാപൂരിൽ നടന്ന പ്രതിഷേധ പ്രകടനത്തിന് നേരെ പോലീസ് വെടിയുതിർത്തു. റോകിയ യൂണിവേഴ്സിറ്റി വിദ്യാർത്ഥിയായ അബുസയീദ് രക്തസാക്ഷിത്വം വരിച്ചു. അതേ ദിവസം തന്നെ മറ്റിടങ്ങളിലും ആറുപേർ കൂടി കൊല്ലപ്പെട്ടു. തുടർന്ന് രാജ്യമൊട്ടാകെ ഇളകി മറിഞ്ഞു. മുഴുവൻ ജനങ്ങളും സമരത്തിൽ അണിനിരന്നു. സമൂഹത്തിന്റെ എല്ലാ തുറയിലുംപെട്ട ജനങ്ങൾ തെരുവിലേക്ക് ഒഴുകി. പൂർണ്ണമായും “ഗതാഗതം സ്തംഭിപ്പിക്കാനും” “സമ്പൂർണ്ണമായി അടച്ചുപൂട്ടാനു”മുള്ള ആഹ്വാനത്തെ തുടർന്ന് രാജ്യം മൊത്തം നിശ്ചലമായി. ജനങ്ങളുടെ പ്രക്ഷോഭത്തെ ഉരുക്കുമുഷ്ടികൊണ്ട് അടിച്ചമർത്താനാണ് ഫാസിസ്റ്റ് അവാമി ലീഗ് ശ്രമിച്ചത്. ഗവൺമെന്റിന്റെ മൊത്തം മർദ്ദകസംവിധാനത്തെയും അവാമി ലീഗിന്റെ ഗുണ്ടകളെയും അവർ ജനങ്ങൾക്കുമേൽ കയറൂരി വിട്ടു. പോലീസും സൈനിക, അർദ്ധ സൈനിക വിഭാഗങ്ങളും അവാമി ലീഗിന്റെയും യുവലീഗിന്റെയും ഛാത്ര ലീഗിന്റെയും ഗുണ്ടാപ്പടയും ചേർന്ന് ഇതിനകം 200ഓളം വിദ്യാർത്ഥികളെയും ജനങ്ങളെയും കൊന്നുകഴിഞ്ഞു. ചില പത്രറിപ്പോർട്ടുകൾ പ്രകാരം കൊല്ലപ്പെട്ടവരുടെ സംഖ്യ ഇതിലും എത്രയോ കൂടുതലാണ്. അൻപതിൽ അധികം ആളുകൾക്ക് ബുള്ളറ്റ് കൊണ്ട് കാഴ്ച നഷ്ടപ്പെട്ടിട്ടുണ്ട്. 6000ത്തിൽ അധികംപേർക്ക് പരിക്കേറ്റിട്ടുണ്ട്. 11,000ത്തിൽപരം സമരക്കാരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ധാക്കയിലും പരിസരപ്രദേശങ്ങളിലും റെയ്ഡ് ചെയ്ത് കൂട്ട അറസ്റ്റ് തന്നെ അവാമി ലീഗ് നടത്തി. എന്നാൽ പോലീസ്, അവാമി ലീഗ് ഗുണ്ടാസംവിധാനം തുടങ്ങിയവയെ ഉപയോഗിച്ച് പ്രതിഷേധം അടിച്ചമർത്താൻ ആകുന്നില്ലെന്ന് കണ്ടതോടെ അവർ കർഫ്യൂ പ്രഖ്യാപിച്ച് തെരുവുകളിൽ പട്ടാളത്തെ വിന്യസിച്ചു. ഇന്റർനെറ്റ് പരിപൂർണ്ണമായി ബ്ലോക്ക് ചെയ്യുകയും മറ്റു മൊബൈൽ സേവനങ്ങൾ ഭാഗികമായി തടസ്സപ്പെടുത്തുകയും ചെയ്തു. സോഷ്യൽ മീഡിയ ആപ്പുകളായ വാട്സ്ആപ്പും ഫെയ്സ്ബുക്കും അടച്ചുപൂട്ടി. തങ്ങളുടേതായ ആഹ്വാനങ്ങൾ മാത്രം പ്രചരിപ്പിക്കാൻ ടെലിവിഷനും മറ്റു മാധ്യമങ്ങളും ഉപയോഗിച്ചു. എന്നാൽ ഇതുകൊണ്ടൊന്നും സത്യം മൂടിവെയ്ക്കാൻ സാധിച്ചില്ല. എല്ലാ സീമകളും ലംഘിച്ചുകൊണ്ട് പോലീസ് ജനങ്ങളെ കൊന്നൊടുക്കുന്നതിന്റെ ദൃശ്യങ്ങൾ പലവിധേനയും ജനങ്ങളിലേക്കെത്തി. അത് കണ്ട എല്ലാവരും ഞെട്ടിത്തരിച്ചു. പലർക്കും വെടിയുണ്ടകൊണ്ടത് നെഞ്ചത്തും തലയിലും തന്നെയായിരുന്നു. ബാൽക്കണികളിൽ നിന്നിരുന്ന കുഞ്ഞുങ്ങൾക്കുനേരെ പോലും വെടിയുതിർത്തു. പോലീസിന്റെ ഈ നരനായാട്ടിൽ കൊല്ലപ്പെട്ടവരിൽ 32 കുട്ടികളുമുണ്ട്.

വിമോചന സമരത്തിന് ശേഷം ബംഗ്ലാ തെരുവുകളിൽ ഇത്രയും ചോര ഒഴുകുന്നത് ഇപ്പോഴാണ്. പാക്കിസ്ഥാനെതിരെ നടന്ന വിമോചന സമരത്തിന്റെ നാളുകളിലും പിന്നീട് ബംഗ്ലാദേശിന് സ്വാതന്ത്ര്യം ലഭിച്ചതിന് ശേഷവും ജനങ്ങൾ പലപ്പോഴും തീക്ഷ്ണമായ പ്രക്ഷോഭങ്ങളുടെയും സമരങ്ങളുടെയും ഭാഗമായിരുന്നു. ഭാഷാപ്രക്ഷോഭവും 1969ലെയും 1990ലെയും ബഹുജന മുന്നേറ്റങ്ങളും ഈ നാടിനെ ഇളക്കിമറിച്ചിട്ടുണ്ട്. പീഡനങ്ങളും ചൂഷണവും അടിച്ചമർത്തലും ഒന്നും ഈ ജനതയ്ക്ക് പുത്തരിയല്ല. എന്നാൽ അക്കാലത്തും തെരുവുകളിൽ ഇങ്ങനെ രക്തം തളംകെട്ടി നിന്നിരുന്നില്ല. ശവശരീരങ്ങളിങ്ങനെ കുമ്പാരമായി കുന്നുകൂടിയിരുന്നില്ല. ഇക്കാര്യത്തിൽ മുൻകാലങ്ങളിലെ എല്ലാ സ്വേച്ഛാധിപതികളുടെയും ക്രൂരതകളെ മറികടക്കുന്ന തരത്തിലുള്ള മൃഗീയതയാണ് അവാമി ലീഗ് ഈ നാളുകളിൽ പ്രദർശിപ്പിച്ചത്. എന്നാൽ ഇതുകൊണ്ടൊന്നും പ്രക്ഷോഭത്തിന്റെ വേലിയേറ്റത്തിന് തടയിടാൻ സാധിച്ചില്ല. വിദ്യാർത്ഥികളുടെയും ജനങ്ങളുടെയും ഒടുങ്ങാത്ത പ്രക്ഷോഭവീര്യത്തിന് തെല്ലുപോലും മങ്ങലേൽപ്പിക്കാൻ അവാമി ലീഗിന് സാധിച്ചില്ല. പ്രതിഷേധത്തിന്റെ അഗ്നിജ്വാല ആളിക്കത്തിക്കാനേ ഈ അടിച്ചമർത്തൽ ശ്രമങ്ങൾ ഉപകരിച്ചുള്ളു.

## പ്രതിഷേധാഗ്നി പടരുന്നു

ക്വാട്ടാവിരുദ്ധ സമരത്തിന്റെ തീപ്പൊരി അങ്ങനെ ബംഗ്ലാദേശിനെ ഒന്നാകെ ഗ്രസിച്ച ഒരു വലിയ കാട്ടുതീയായി മാറി. ഈ സമയമായപ്പോഴേക്കും ഇത് വെറും സംവരണവിരുദ്ധ പ്രക്ഷോഭത്തിൽ നിന്നും എത്രയോ മാറിയിരുന്നു. ഇത് വിദ്യാർത്ഥികളുടെ മാത്രം സമരവും ആയിരുന്നില്ല. വിദ്യാർത്ഥി പ്രക്ഷോഭത്തെ അടിച്ചമർത്താൻ വേണ്ടി അവാമി ലീഗ് കൈക്കൊണ്ട അനിയന്ത്രിതമായ വെടിവെപ്പും കൊലപാതകങ്ങളും രാജ്യത്തെ ആകമാനം തട്ടിയുണർത്തി. തുടക്കത്തിലെ ഞെട്ടലും ആശയക്കുഴപ്പവും നൊമ്പരവും വിട്ടുമാറിയപ്പോൾ ഈ കൂട്ടക്കുരുതിക്കെതിരെ നീതി ആവശ്യപ്പെട്ടുകൊണ്ട് ഒരു വൻ ജനകീയ മുന്നേറ്റം തന്നെ രൂപംകൊണ്ടു. ദിവസം ചെല്ലുന്തോറും അത് കരുത്താർജിച്ചു. മറുവശത്ത്, പ്രക്ഷോഭത്തിന്റെ സമ്മർദ്ദത്താൽ, അടിയന്തിരമായി കോടതിവഴിക്വാട്ടാസമ്പ്രദായം പരിഷ്കരിക്കാനുള്ള വിജ്ഞാപനം പുറപ്പെടുവിക്കാൻ സർക്കാർ നിർബന്ധിതമായി. എന്നാൽ അതേസമയം തന്നെ ജനങ്ങളെ കബളിപ്പിക്കാനുള്ള പൈശാചികമായ തന്ത്രങ്ങളും മെനഞ്ഞെടുക്കുകയായിരുന്നു അവർ. രഹസ്യമായി പ്രക്ഷോഭകാരികളെ കൊലചെയ്തു. പ്രക്ഷോഭത്തിന്റെ നേതാക്കന്മാരെ ആശുപത്രികളിൽ നിന്നടക്കം തട്ടിക്കൊണ്ടുപോയി പീഡിപ്പിച്ച് ജനങ്ങളെ കബളിപ്പിക്കുന്ന തരത്തിലുള്ള പ്രസ്താവനകളിൽ ബലമായി ഒപ്പിടീച്ചു.

വിദ്യാർത്ഥി പ്രക്ഷോഭത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചു കൊണ്ടാണ് തുടക്കത്തിൽ ബഹുജനങ്ങൾ ഈ പ്രക്ഷോഭത്തിൽ അണിനിരന്നിരുന്നത്. വർഷങ്ങളായി അവാമി ലീഗിനെതിരെ ജനങ്ങൾക്കുള്ളിൽ ഉറഞ്ഞുകൂടിയിരുന്ന അമർഷവും അവരെ ഈ പ്രക്ഷോഭത്തിലേക്ക് തള്ളിവിട്ടു. കഴിഞ്ഞ 15 വർഷക്കാലത്തെ അവാമി ലീഗിന്റെ ഫാസിസ്റ്റ് ഭരണത്തിലുണ്ടായ അന്യായമായ തടങ്കലുകളും കസ്റ്റഡി പീഡനങ്ങളും കള്ളക്കേസുകളും പ്രതിഷേധിക്കാനുള്ള എല്ലാ അവസരങ്ങളെയും ഇല്ലാതാക്കിയിരുന്നു. കഴിഞ്ഞ മൂന്ന് തിരഞ്ഞെടുപ്പുകളിലും(2014, 2018, 2024) ജനങ്ങൾക്ക് വോട്ട് ചെയ്യാൻ സാധിച്ചിരുന്നില്ല. തിരഞ്ഞെടുപ്പ് മൊത്തത്തിൽ അവാമി ലീഗിനുവേണ്ടി തട്ടിക്കൂട്ടി ഉണ്ടാക്കിയ ഒരു നാടകമായിരുന്നു. വ്യാപകമായ അട്ടിമറിയിലൂടെ അവർ അധികാരത്തിൽ തുടർന്നു. പണക്കൊഴുപ്പും പേശീബലവും ഔദ്യോഗിക സംവിധാനങ്ങളും ഉപയോഗിച്ച് അവർ ജനങ്ങൾക്കുമേൽ തങ്ങളുടെ അധികാരം സ്ഥാപിക്കുകയായിരുന്നു. അധികാരത്തിന്റെ ഹുങ്കിൽ പോലീസിനെയും പട്ടാളത്തെയും തങ്ങളുടെ ഇംഗിതത്തിനനുസരിച്ച് ഉപയോഗിക്കുന്നതിൽ അവർക്ക് യാതൊരു മടിയും ഉണ്ടായിരുന്നില്ല. രാജ്യത്തെ വമ്പൻ മുതലാളിമാരുടെ പിന്തുണ അവർക്കുണ്ടായിരുന്നു. വികസന പ്രവർത്തനങ്ങളുടെ പേരിൽ കോടിക്കണക്കിന് രൂപ അവർ ജനങ്ങളിൽനിന്ന് കൊള്ളയടിച്ചു. തങ്ങളുടെ സ്വാധീനം ഉപയോഗിച്ച് ബാങ്കുകളിൽ നിന്നുള്ള സമ്പത്ത് രാജ്യത്തിന് പുറത്തേക്ക് ഒളിച്ചുകടത്തി.

അവാമി ലീഗിന്റെ കെടുകാര്യസ്ഥത നിറഞ്ഞ ദുർഭരണത്തിന് കീഴിൽ അവശ്യസാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചു. സാധാരണ ജനങ്ങളുടെ ജീവിതം ദുസ്സഹമായി. രാജ്യത്തിന്റെ സമ്പത്ത് മുഴുവൻ ഒരു ചെറു ന്യൂനപക്ഷത്തിന്റെ കൈകളിൽ കേന്ദ്രീകരിക്കപ്പെട്ടു. അവർ കൂടുതൽ കൂടുതൽ പണക്കാരായിക്കൊണ്ടിരുന്നു. ഇതിന്റെയെല്ലാം ഫലമായി പൊതുജനങ്ങളുടെ മനസ്സിൽ ഉറഞ്ഞു കൂടിയ ദേഷ്യവും നിരാശയും നിസ്സഹായതയും ഒരു അഗ്നിപർവ്വതം പോലെ പൊട്ടിത്തെറിക്കാൻ ജൂലൈയിലെ കൂട്ടക്കുരുതി ഒരു നിമിത്തമായി. വിദ്യാർഥികൾ തെരുവിലിറങ്ങുന്നത് ഇതാദ്യമല്ല. 2021 ൽ രണ്ട് വിദ്യാർത്ഥികൾ ബസ്സിനടിയിൽപ്പെട്ട് മരിച്ചപ്പോൾ അതിൽ പ്രതിഷേധിച്ചുകൊണ്ട് ഒരു വലിയ സമരം അവർ സംഘടിപ്പിച്ചിരുന്നു. ജനങ്ങളുടെ മനഃസ്സാക്ഷി ആലസ്യം വിട്ടുണരുന്നതിന്റെ ആദ്യ സൂചനയായിരുന്നു 2001ലെ ആ സമരം.

## വിദ്യാർത്ഥി രാഷ്ട്രീയത്തെ വഴിതിരിച്ചു വിടാൻ ഗവൺമെന്റ് മുദ്രചാർത്തൽ രാഷ്ട്രീയം അനുവർത്തിക്കുന്നു

അവാമി ലീഗിന്റെ പതിനഞ്ചുവർഷത്തെ ഭരണകാലത്ത് അവർ പ്രതിസന്ധി നേരിടുമ്പോഴൊക്കെ പ്രതിഷേധക്കാരെ ജമാ അത്തെ ഇസ്ലാമി അനുകൂലികൾ എന്നും ഭീകരവാദികൾ എന്നും വിശേഷിപ്പിച്ച് രക്ഷപ്പെടാറുണ്ടായിരുന്നു. ഇങ്ങനെ വർഗീയ തീവ്രവാദ കാർഡ് കാണിച്ച് ഇപ്പോഴത്തെ പ്രതിസന്ധിയും മറികടക്കാൻ അവർ ശ്രമിക്കാതിരുന്നില്ല. രാജ്യത്തെ നല്ല മനുഷ്യരുടെയും ഉദാര ജനാധിപത്യവാദികളുടെയും മറ്റും മനസ്സിൽ ഭീതി നിറച്ച് തങ്ങളുടെ ഭരണം നിലനിർത്താൻ അവർ ശ്രമിച്ചു. പ്രതിഷേധ സമരത്തെ തകർക്കാൻ രണ്ടു വഴികളാണ് അവർ അവലംബിച്ചത്. ഒരുവശത്ത്,ഭരണകൂടത്തിന്റെഎല്ലാസായുധ സന്നാഹങ്ങളെയും അതോടൊപ്പം പാർട്ടിയുടെ ഗുണ്ടാപ്പടയെയും ഇറക്കി ഈ പ്രക്ഷോഭത്തെ രക്തത്തിൽ മുക്കിക്കൊല്ലാൻ അവർ നീക്കം നടത്തി. അതേസമയം മറുവശത്ത്, രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിന് എതിരായുള്ള ഒരു സംഘമാണ് ഇതിനു പിന്നിലെന്ന പ്രചാരണവും നടത്തി. ഈ

(ശേഷം 11-ാം പേജിൽ)

# ന്യൂനപക്ഷ ആരാധനാലയങ്ങൾ ആക്രമിച്ചത് സർക്കാരിന്റെ വിഭജനതന്ത്രം




(10-ാം പേജിൽ നിന്ന്)

പ്രക്ഷോഭം വിദ്യാർത്ഥികളുടെ കൈകളിൽ നിന്നും വിട്ടുപോയിരിക്കുന്ന എന്നും ബിഎൻപിയും ജമാഅത്തുമാണ് ഇന്നത് നിയന്ത്രിക്കുന്നത് എന്നും അവർ പറഞ്ഞു. സ്വതന്ത്ര ചിന്തകരായ ജനാധിപത്യ വിശ്വാസികളെ ഈ പ്രക്ഷോഭത്തിൽ നിന്നും അകറ്റി നിർത്തുകയായിരുന്ന ഗവൺമെന്റിന്റെ ലക്ഷ്യം. ചിലയിടങ്ങളിൽ ഗവൺമെന്റ് കെട്ടിടങ്ങൾ ആക്രമിക്കപ്പെട്ടതും അവയെ തീയിട്ട് നശിപ്പിച്ചതും ചൂണ്ടിക്കാട്ടി ഇതെല്ലാം ജമാഅത്ത്- ബിഎൻപി അംഗങ്ങളുടെ അട്ടിമറി ശ്രമങ്ങൾ ആണെന്ന് വരുത്തി തീർക്കാനും അതുവഴി തങ്ങളുടെ ഭാഗത്തേക്ക് ജനങ്ങളുടെ പിന്തുണ ആർജ്ജിക്കാനും അവർ ശ്രമിച്ചു. എന്നാൽ മാധ്യമങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെട്ടത് പ്രകാരം മെട്രോ റെയിലിന് തീവച്ചത് ബസ് മുതലാളിമാരിൽ ചിലരായിരുന്നു. അവാമി ലീഗുമായി ബന്ധപ്പെട്ട ആളുകൾ തന്നെയാണ് ഗവൺമെന്റ് ബസ്സിന് തീവച്ചത്. ഈ കേസിൽ അവിടുത്തെ അവാമി ലീഗിന്റെ നേതാവിനെ അറസ്റ്റ് ചെയ്യുകയും ചെയ്തു.

ഹിന്ദുക്കളും മുസ്ലീങ്ങളും ഈ പ്രക്ഷോഭത്തിന്റെ ഭാഗമാണ്. അവർ ഒന്നിച്ച് പോരാടി ; ഒന്നിച്ച് തന്നെ മരണം പുൽകി. ഷെയ്ഖ് ഹസീന രാജ്യത്തുനിന്നു ഒളിച്ചോടിയതിനുശേഷം അവാമി ലീഗുകാരും നിക്ഷിപ്ത താല്പര്യക്കാരും ചില ന്യൂനപക്ഷ ആരാധനാലയങ്ങൾ ആക്രമിച്ചത് ഈ പ്രക്ഷോഭത്തിന് ചീത്ത പേരുണ്ടാക്കാൻ വേണ്ടിയാണ്. ഈ വൃത്തികെട്ട തന്ത്രത്തെ വിദ്യാർത്ഥികൾ ഒറ്റക്കെട്ടായി പൊരുതി തോൽപ്പിച്ചു. ഗവൺമെന്റിന്റെ ദുഷ്ചെയ്തികളും കുടിലതന്ത്രങ്ങളും രാജ്യം ഒന്നാകെ തിരിച്ചറിഞ്ഞു. പ്രക്ഷോഭത്തെ വഴിതെറ്റിക്കാൻ ഗവൺമെന്റിന് സാധിച്ചില്ല. ദിനംപ്രതി പ്രക്ഷോഭത്തിന് പിന്തുണ വർദ്ധിക്കുകയാണ് ചെയ്തത്. രാജ്യത്തെ പ്രമുഖ വ്യക്തിത്വങ്ങൾ എല്ലാം തന്നെ – എഴുത്തുകാർ, കവികൾ, കലാരംഗത്തുള്ളവർ, നടീനടന്മാർ, ഗായകർ, സാഹിത്യപ്രതിഭകൾ – പ്രക്ഷോഭത്തിന് സർവ്വപിന്തുണയും നൽകി. അവരുടെ കലാപരമായ സംഭാവനകൾ പ്രക്ഷോഭത്തിന് പുതിയൊരു മാനവും ആക്കവും പ്രദാനം ചെയ്തു.

## ഒരൊറ്റ ആവശ്യം – കൊലയാളി ഹസീന രാജിവയ്ക്കണം

അബുസയ്യിദ് എന്ന വിദ്യാർത്ഥി അടക്കം ആറു പേരാണ് ജൂലൈ 15ന് രക്തസാക്ഷികൾ ആയത്. ജൂലൈ 16ന് ബംഗ്ലാദേശിലെ ഇടതുപക്ഷ വിദ്യാർത്ഥി സംഘടനകൾ – ഇടതുപക്ഷ ജനാധിപത്യ സഖ്യം, ഫാസിസ്റ്റ് വിരുദ്ധ ഇടതുമുന്നണി, ബംഗ്ലാദേശ് JASAD – ചേർന്ന് പുറപ്പെടുവിച്ച സംയുക്ത പ്രസ്താവനയിലൂടെ ഷെയ്ഖ് ഹസീന രാജിവെച്ചേ മതിയാവൂ എന്ന ആവശ്യം ഉന്നയിച്ചു. ജൂലൈ 17ന് ഇൻറർനെറ്റ് നിരോധിച്ചും ജൂലൈ 19ന് കർഫ്യൂ പ്രഖ്യാപിച്ചും ജനങ്ങളുടെമേൽ കടുത്ത ആക്രമണമാണ് ഹസീന ഗവൺമെന്റ് അഴിച്ചുവിട്ടത്. പോലീസ് തോന്നിയതുപോലെ ആളുകളെ അറസ്റ്റ് ചെയ്യാൻ തുടങ്ങി. ജൂലൈ 26ന് സാംസ്കാരിക പ്രവർത്തകർ നിരോധനം ലംഘിച്ചുകൊണ്ട് ഒരു സംഗീത റാലി സംഘടിപ്പിച്ചു. അന്ന് വൈകിട്ട് തന്നെ ഇടതു സംഘടനകൾ ചേർന്ന് രക്തസാക്ഷികളുടെ ഓർമ്മയ്ക്കായി ഒരു അനുശോചന യോഗവും സംഘടിപ്പിച്ചു.

27-ാം തീയതി രാവിലെ വനിതകളുടെ നേതൃത്വത്തിൽ ഒരു പ്രതിഷേധ റാലി സംഘടിപ്പിക്കപ്പെട്ടു. 29-ാം തീയതി വിവേചനത്തിനെതിരെയുള്ള വിദ്യാർത്ഥി സഖ്യം (Anti-Discrimination Students Movement) ദേശവ്യാപകമായ ഒരു പ്രതിഷേധ റാലിയും നടത്തി. 30-ാം തീയതി പ്രതിഷേധ ദിനമായി ആചരിക്കാനും അന്നേദിവസം ചുവന്ന തുണികൊണ്ട് മുഖം മറയ്ക്കാനും സാമൂഹ്യ മാധ്യമങ്ങളിൽ ചുവന്ന ബാനർ പ്രദർശിപ്പിക്കാനും അവർ ആഹ്വാനം ചെയ്തു. ഇതിൽ രാജ്യമെമ്പാടുമുള്ള എല്ലാ തുറയിലുംപെട്ട ജനങ്ങൾ ഭാഗമായി. പ്രശസ്തരും താരങ്ങളും വരെ ഇതിൽ പങ്കെടുത്തു. ജൂലൈ 31ന് ഇതേ സംഘടന 'മാർച്ച് ഫോർ ജസ്റ്റിസ്' സംഘടിപ്പിച്ചു. അന്നേദിവസം കോടതി വളപ്പിൽ വെച്ച് സമരക്കാരെ അറസ്റ്റ് ചെയ്യാനുള്ള പോലീസിന്റെ ശ്രമം ഹൈക്കോടതിയിലെ വക്കീലന്മാർ ചേർന്ന് തടഞ്ഞു. ആഗസ്റ്റ് 1ന് രാജ്യവ്യാപകമായി രക്തസാക്ഷികളെ സ്മരിക്കാനുള്ള പരിപാടികൾ നടന്നു. ആഗസ്റ്റ് 2ന് ദേശവ്യാപകമായി പ്രതിഷേധിക്കാനും പ്രകടനം നടത്താനും ആഹ്വാനം ചെയ്യപ്പെട്ടു. ആഗസ്റ്റ് 2ന്റെ റാലി തുടങ്ങുന്നതിനു മുൻപ് വിദ്യാർത്ഥികളെയും പൊതുജനങ്ങളെയും അഭിസംബോധന ചെയ്ത പ്രൊഫ. അനുമുഹമ്മദ്, ഷെയ്ഖ് ഹസീന രാജിവയ്ക്കണമെന്ന് ആവശ്യപ്പെട്ടു. പതിനായിരത്തിൽപ്പരം വിദ്യാർത്ഥികൾ അവിടെ സന്നിഹിതരായിരുന്നു. അങ്ങനെ ജനങ്ങളുടെ മനസ്സിനെ മഥിച്ചുകൊണ്ടിരുന്ന ഷേയ്ഖ് ഹസീനയുടെ ഫാസിസ്റ്റ് ഭരണത്തിന് അന്ത്യം കുറിക്കുക എന്ന ആവശ്യം ഉറക്കെ പ്രഖ്യാപിക്കപ്പെട്ടു. പിറ്റേന്ന് ലക്ഷക്കണക്കിന് ആളുകൾ പങ്കെടുത്ത റാലിയിൽ വെച്ച് വിവേചന വിരുദ്ധ വിദ്യാർത്ഥി പ്രസ്ഥാനം ഷേയ്ഖ് ഹസീനയുടെ രാജി ആവശ്യപ്പെട്ടു. രാജ്യമെമ്പാടും ജനങ്ങൾ ഇതേ ആവശ്യം ഉയർത്താൻ തുടങ്ങി.



ഹസീന രാജിവെക്കണം എന്ന ഒറ്റ ആവശ്യമുയർത്തി ആഗസ്റ്റ് 4ന് നിസ്സഹകരണ പ്രക്ഷോഭം ആരംഭിച്ചു. ആഗസ്റ്റ് 6ന് ധാക്കയിലേക്ക് ലോങ്ങ് മാർച്ച് നടത്തുമെന്നും പ്രഖ്യാപിക്കപ്പെട്ടു. എന്നാൽ അവാമി ലീഗിന്റെ അഴിഞ്ഞാട്ടത്തിനും കൂട്ടക്കശാപ്പിനും എതിരെ ജനവികാരം ഉയർന്നപ്പോൾ ഈ മാർച്ച് ഒരു ദിവസം മുൻപ് തന്നെ -ആഗസ്റ്റ് 5ന് – ആരംഭിച്ചു. ധാക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് ലക്ഷക്കണക്കിന് മനുഷ്യർ ശഹീദ് മിനാറും ഗണഭവനും ലക്ഷ്യമാക്കി മാർച്ച് ചെയ്യാൻ തുടങ്ങി. ഇത് തടയാൻ ഗവൺമെന്റിന് കഴിയുമായിരുന്നില്ല. ജനങ്ങളുടെ ഈ മഹാസമുദ്രത്തിന് മുൻപിൽ ഭരണകൂടത്തിന്റെ പിണിയാളുകൾ നിസ്സഹായരായിരുന്നു. ആഗസ്റ്റ് 5ന് തിങ്കളാഴ്ച ഉച്ചയ്ക്ക് ഷേക്ക് ഹസീന രാജിവച്ചു. ആരും അറിയാതെ രഹസ്യമായി അവർ ഗണഭവനും രാജ്യം തന്നെയും ഉപേക്ഷിച്ച് പലായനം ചെയ്തു.

## സാധാരണ ജനങ്ങളുടെ വീരോചിതമായ പങ്ക്

വിവിധ വിഭാഗത്തിൽപ്പെട്ട ജനങ്ങൾ ഈ പ്രക്ഷോഭത്തിന്റെ ഭാഗമായിരുന്നു. ചിലർ പരസ്യമായി തന്നെ, മറ്റുചിലർ നേരിട്ടല്ലാതെയും ഈ പ്രക്ഷോഭത്തിൽ പങ്കുചേർന്നു. സർവ്വകലാശാല അധ്യാപകർ നിർണായകമായ പങ്കാണ് വഹിച്ചത്. അധ്യാപകരുടെ സംഘടനകൾ ഒരുപാട് കാലമായി ഫാസിസ്റ്റ് ഭരണത്തിനെതിരെ സമരത്തിൽ ആയിരുന്നു. ഈ പ്രക്ഷോഭത്തിലും അവർ ധീരമായ ഒരു പങ്കുവഹിച്ചു. ജൂലൈ 17ന് രണ്ട് പ്രതിഷേധക്കാരെ ഷാബാഗ് ജയിലിൽ നിന്ന് മോചിപ്പിച്ചത് അവരായിരുന്നു. സമാനമായ സംഭവങ്ങൾ മറ്റു സർവ്വകലാശാലകളിലും നടന്നു. പലയിടത്തും അധ്യാപകർ വിദ്യാർഥികളോടൊപ്പം സമരത്തിലണിനിരന്നു. ഇത് തീർച്ചയായും അഭൂതപൂർവ്വമായ കാഴ്ചയായിരുന്നു.

ജൂലൈ 29ന് വിവേചന വിരുദ്ധ വിദ്യാർത്ഥി സഖ്യത്തിന്റെ ആറ് നേതാക്കന്മാരെ ഡിബി ഓഫീസിൽ തടഞ്ഞുവെച്ചു. അവരെ സംസാരിക്കാൻ അനുവദിച്ചില്ല. അധികാരികൾ തയ്യാറാക്കിയ പ്രസ്താവന പുറപ്പെടുവിക്കാൻ അവർ നിർബന്ധിതരായി. ഹൈക്കോടതി വക്കീലന്മാരായ അയിനുന്നഹാർ ലിപിയും മൻസൂർ അൽമാറ്റിനും ഈ ആറുപേരെ അന്യായമായി തടങ്കലിൽ വെച്ചതിനെതിരെയും പ്രതിഷേധക്കാരെ വെടിവെയ്ക്കുന്നതിനെതിരെയും ഹൈക്കോടതിയിൽ ഹർജി നൽകി. വെടിവെപ്പ് തടയാനുള്ള ഹർജി കോടതി തള്ളിക്കളഞ്ഞു. എന്നാൽ സമര നേതാക്കളെ പുറത്തുവിടാൻ പോലീസ് നിർബന്ധിതരായി. ഈ വിഷയം രാജ്യമെമ്പാടും പ്രതിഷേധത്തിന് കാരണമായി. 'മാർച്ച് ഫോർ ജസ്റ്റിസി'ൽ രാജ്യത്തുടനീളം ഒട്ടനവധി അഭിഭാഷകർ സമരം ചെയ്യുന്ന വിദ്യാർത്ഥികൾക്കുവേണ്ടി നിലപാടെടുത്തു. കൂട്ടക്കുരുതിയെ കുറിച്ച് അന്വേഷിക്കാൻ ഒരു പബ്ലിക് എൻക്വയറി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഒട്ടനവധി കലാകാരന്മാർ ഈ പ്രക്ഷോഭത്തിന്റെ ഭാഗമായി. ധാക്ക നഗരത്തിലെ റിക്ഷാവലിക്കാർ വളരെ സംഘടിതമായി തന്നെ ഈ പ്രക്ഷോഭത്തിൽ പങ്കെടുത്തു. അവർ റിക്ഷാ റാലികൾ സംഘടിപ്പിക്കുക മാത്രമല്ല ചെയ്തത്, കർഫ്യൂസമയത്ത് പോലീസിന്റെയും പട്ടാളത്തിന്റെയും കണ്ണിൽപ്പെടാതെ പ്രക്ഷോഭകാരികളെ ലക്ഷ്യസ്ഥലങ്ങളിലേക്ക് എത്തിക്കാനും അവർ മുന്നോട്ടുവന്നു. ആംഗ്യങ്ങളിലൂടെയും അംഗവിക്ഷേപങ്ങളിലൂടെയും അവർ പതിയിരിക്കുന്ന അപകടങ്ങളെക്കുറിച്ച് മുന്നറിയിപ്പ് നൽകി. വിദ്യാർത്ഥി പ്രക്ഷോഭം ബഹുജന മുന്നേറ്റമായി മാറിയപ്പോൾ ഒട്ടേറെ സാധാരണക്കാർ, കടകളിൽ പണിയെടുക്കുന്നവർ, ചെറുകിട ബിസിനസ്സുകാർ, തൊഴിലാളികൾ, കർഷകർ തുടങ്ങി ഒട്ടനവധി പേർ പ്രക്ഷോഭത്തിന്റെ ഭാഗമായി. അവർ നെഞ്ചുവിരിച്ച് വെടിയുണ്ടകൾ ഏറ്റുവാങ്ങി; രക്തസാക്ഷിത്വം വരിച്ചു.

## പ്രക്ഷോഭത്തിന്റെ ബാക്കിപത്രം: 'രാഷ്ട്രീയ ചർച്ചകൾ തുടരും'

ഫെയ്സ്ബുക്കിൽ വന്ന ഒരു ബാനർ പലരുടെയും ശ്രദ്ധയാകർഷിക്കുകയുണ്ടായി. "ഇവിടെ രാഷ്ട്രീയ ചർച്ചകൾ നിരോധിച്ചിരിക്കുന്നു" എന്ന പ്രസ്താവനയിൽ അവസാനവാക്ക് വെട്ടി മാറ്റി "തുടരും" എന്നാക്കിയിരിക്കുന്നു. പ്രക്ഷോഭത്തിന് മുൻപ് പൊതുസ്ഥലങ്ങളിലെല്ലാം "രാഷ്ട്രീയം പറയാൻ പാടില്ല" എന്ന തരത്തിലുള്ള നോട്ടീസുകൾ പ്രദർശിപ്പിക്കുമായിരുന്നു. രാഷ്ട്രീയം പറയുന്നതും വിയോജിപ്പ് പ്രകടിപ്പിക്കുന്നതും വലിയ അപകടത്തിന് കാരണമാകുമായിരുന്നു. എന്നാൽ ഈ ജനകീയ പ്രക്ഷോഭം ബംഗ്ലാദേശിൽ ഒരു പുതിയ പുലരി കൊണ്ടുവന്നിരിക്കുകയാണ്. പഴയകാലത്ത് നിന്ന് പുറത്തു വരാനുള്ള ഒരു മാർഗം അന്വേഷിക്കുകയാണ് ഇന്ന് എല്ലാവരും. സ്വതന്ത്ര അഭിപ്രായപ്രകടനത്തിന് വിലക്കില്ലാത്ത ഒരു പുതിയകാലം, പഴയ സ്വേച്ഛാധിപത്യത്തിലേക്ക് ഇനി തിരിച്ചു പോകാൻ പാടില്ല . ഇതിനുള്ള മാർഗം എന്താണെന്ന് എല്ലാവരും അന്വേഷിക്കുന്നു . പ്രതിപക്ഷത്തെ ഏതെങ്കിലും കക്ഷിയോട് ജനങ്ങൾക്ക് പ്രത്യേകിച്ച് മമതയൊന്നുമില്ല. ഏതെങ്കിലും കാലത്ത് ബംഗ്ലാദേശിൽ ഭരണത്തിന്റെ ഭാഗമായിരുന്ന രാഷ്ട്രീയപാർട്ടികളെ ഒന്നും ജനങ്ങൾക്ക് വിശ്വാസമില്ല. ഇത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. വലിയ പാർട്ടികളെയും അവർ പ്രതിനിധാനം ചെയ്യുന്ന രാഷ്ട്രീയത്തെയും ജനങ്ങൾ നിരാകരിച്ചിരിക്കുന്നു. ഭരണസംവിധാനത്തിന്റെ വിവിധ വശങ്ങൾ എങ്ങനെ പരിഷ്കരിക്കണം എന്ന ചർച്ചകൾക്ക് പ്രാമുഖ്യം വന്നിട്ടുണ്ട്.

## ഫാസിസ്റ്റ് ഭരണകൂടത്തെ ഇല്ലായ്മ ചെയ്യാൻ പൊരുതുക

ഷെയ്ഖ് ഹസീന രാജിവച്ചതോടെ അവാമി ലീഗിന്റെ ഫാസിസ്റ്റ് ഗവൺമെന്റ് തകർന്നിരിക്കുന്നു. വിപ്ലവത്തെ സംബന്ധിച്ചിടത്തോളം ഇത് സുപ്രധാനമായ വിജയമാണ്. എന്നാൽ മുൻപും നമ്മളിങ്ങനെ പൊരുതിയിരുന്നു; രാജ്യത്തെ മോചിപ്പിച്ചുതന്നെ വലിയ ഒരു യുദ്ധത്തിലൂടെയാണ്. അതിനുശേഷം വലിയ ജനകീയ പ്രക്ഷോഭങ്ങൾ ഉണ്ടായി. നിരവധിപേർ ജീവൻ ബലി കൊടുത്തു. എന്നിട്ടും ജനാധിപത്യപരമായ ഒരു ഭരണസംവിധാനം ഉണ്ടാക്കിയെടുക്കുക എന്ന സ്വപ്നം ഒരു മരീചികയായി തുടരുകയായിരുന്നു. ഇന്നത്തെ എല്ലാ സാമൂഹ്യ, സാമ്പത്തിക തിന്മകളുടെയും അടിസ്ഥാന കാരണം – മുതലാളിത്ത ഭരണകൂടം – ഇപ്പോഴും നിലനിൽക്കുന്നു എന്ന കാര്യം നാം മറക്കാൻ പാടില്ല. വിവേചനവും തൊഴിലില്ലായ്മയും അടിച്ചമർത്തലും സൃഷ്ടിക്കുന്ന ആ ഭരണകൂടം ഇനിയും തകർന്നിട്ടില്ല. ഫാസിസത്തിന് ജന്മം നൽകുന്നത് മുതലാളിത്തമാണ്. മുതലാളിത്തത്തെ തൂത്തെറിയുന്നതുവരെ ജനകീയ പ്രക്ഷോഭം ശക്തമായി തുടരേണ്ടതുണ്ട്. രാഷ്ട്രീയ ബോധമുള്ള, സംഘടിതമായ, ഉയർന്ന നൈതിക ധാരണയുള്ള, കരുത്തുറ്റ ജനകീയ മുന്നേറ്റം കൊണ്ടു മാത്രമേ മുതലാളിത്തത്തെ തന്നെ തൂത്തെറിഞ്ഞ് യഥാർത്ഥ ജനാധിപത്യം സ്ഥാപിക്കാനാവൂ. ■

REGISTERED.
R.N. 24773/1992
UNITY Malayalam Monthly
2024 September
Price: Rs. 10.00

## ട്രെയിൻ യാത്രാദുരിതം അവസാനിപ്പിക്കാൻ അടിയന്തര നടപടി സ്വീകരിക്കുക

# അഖിലേന്ത്യാ പ്രതിഷേധദിനം

ട്രെയിൻ യാത്രാ ദുരിതം അവസാനിപ്പിക്കാൻ അടിയന്തര നടപടികൾ കൈക്കൊള്ളുക, റെയിൽവേയിലെ മുഴുവൻ ഒഴിവുകളും നികത്തുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ആൾ ഇന്ത്യാ ഡെമോക്രാറ്റിക് യൂത്ത് ഓർഗനൈസേഷൻ(എഐഡിവൈഒ) സെപ്റ്റംബർ 12 അഖിലേന്ത്യാ പ്രതിഷേധദിനം ആചരിച്ചു. കോഴിക്കോട് നടന്ന യോഗം സംസ്ഥാന സെക്രട്ടറി പി.കെ പ്രഭാഷ് ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് രൂപേഷ് വർമ്മ, സംസ്ഥാന വൈസ് പ്രസിഡന്റ് അഡ്വ.പി.സി.വിവേക്, സംസ്ഥാന കമ്മിറ്റിയംഗം രാഹുൽ രാഘവ് എന്നിവർ പ്രസംഗിച്ചു.

ആലപ്പുഴ, അമ്പലപ്പുഴ റെയിൽവേ സ്റ്റേഷനുകൾക്കുമുന്നിൽ പ്രതിഷേധയോഗവും കേന്ദ്ര റെയിൽവേ മന്ത്രിക്ക് സമർപ്പിക്കുന്ന നിവേദനത്തിലേക്കുള്ള ഒപ്പുശേഖരണവും നടത്തി. സംസ്ഥാന വൈസ് പ്രസിഡന്റ് കെ.ബിമൽജി ഉദ്ഘാടനം ചെയ്തു. ജില്ലാ ജോയിന്റ് സെക്രട്ടറി കെ.ജി.അനീഷ് കുമാർ, ജില്ലാ സെക്രട്ടറി ടി.ഷിജിൻ, എസ്.ഉണ്ണിമോൻ, ആർ.രാജീവ്, പി.കെ.മീര എന്നിവർ പ്രസംഗിച്ചു. തമ്പാനൂർ റെയിൽവേ സ്റ്റേഷനുന്നിൽ നടന്ന പ്രതിഷേധയോഗം സംസ്ഥാന കമ്മിറ്റിയംഗം എ.ഷൈജു ഉദ്ഘാടനം ചെയ്തു. ശരണ്യരാജ്, ജി.എസ്. ശാലിനി എന്നിവർ പ്രസംഗിച്ചു.

കോട്ടയത്ത് നടന്ന പ്രതിഷേധയോഗവും ഒപ്പുശേഖരണവും ജില്ലാ പ്രസിഡന്റ് രജിത ജയറാം ഉദ്ഘാടനം ചെയ്തു. സംസ്ഥാന കമ്മിറ്റി അംഗങ്ങളായ വി.അരവിന്ദ്, മനോഷ് മോഹൻ എന്നിവർ പ്രസംഗിച്ചു. ■






അഖിലേന്ത്യ പ്രതിഷേധ ദിനത്തിന്റെ ഭാഗമായി കൽക്കത്തയിൽ നടന്ന പ്രകടനം. | കോഴിക്കോട് റെയിൽവേ സ്റ്റേഷന് മുന്നിൽ നടന്ന പ്രതിഷേധയോഗം പി.കെ.പ്രഭാഷ് ഉദ്ഘാടനം ചെയ്യുന്നു.



## സഖാവ് സുജിതിന് ലാൽസലാം

എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) കോഴിക്കോട് സൗത്ത് ലോക്കൽകമ്മിറ്റിയംഗം സഖാവ് സുജിത് കുമാർ നിര്യാതനായി. ദീർഘകാലമായി പ്രമേഹരോഗബാധിതനായിരുന്നു. ദുമായിൽ ജോലിചെയ്തുകൊണ്ടിരുന്ന കാലയളവിലാണ് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുമായി ബന്ധപ്പെടുന്നത്. മുഖം എന്ന സാഹിത്യചർച്ചാവേദിയിലെ സ്ഥിരാംഗമായിരുന്നു. പിന്നീട് ഷാർജയിലായിരുന്നപ്പോൾ ആർട്ടിസ്റ്റ്സ് ആർട്ട് ഗ്രൂപ്പിന്റെ സജീവ പ്രവർത്തകനുമായിരുന്നു. പ്രവാസജീവിതം അവസാനിപ്പിച്ച് തിരികെയെത്തി സജീവമായി സംഘടനാ പ്രവർത്തനം ഏറ്റെടുത്ത് മുന്നോട്ട് വരവെയാണ് അപ്രതീക്ഷിതമായി ദേഹവിയോഗം സംഭവിച്ചത്.

സഖാവ് സുജിതിന് ആദരാഞ്ജലികൾ. ■

## വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കരുത്: ജനകീയ പ്രതിരോധ സമിതി

വൈദ്യുതിചാർജ്ജ് ഭീമമായി വർദ്ധിപ്പിക്കാനുള്ള നീക്കത്തിൽനിന്ന് സർക്കാർ പിന്മാറണമെന്ന് ആവശ്യപ്പെട്ട് കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി ഹൈക്കോടതി ജംഗ്ഷനിൽ സമിതി സംഘടിപ്പിച്ച പ്രതിഷേധ യോഗം ആൾ ഇന്ത്യാ ഇലക്ട്രിസിറ്റി കൺസ്യൂമേഴ്സ് ഫോറം സംസ്ഥാന കൺവീനർ കെ.കെ. സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു. ജനകീയ പ്രതിരോധ സമിതി ജില്ലാ വൈസ് പ്രസിഡന്റ് ജബ്ബാർ മേത്തർ അധ്യക്ഷത വഹിച്ചു. ആൾ ഇന്ത്യാ ഇലക്ട്രിസിറ്റി കൺസ്യൂമേഴ്സ് ഫോറം ജില്ലാ ചെയർമാൻ ജോർജ്ജ് ജോസഫ്, ജനകീയ പ്രതിരോധ സമിതി ജില്ലാ കൺവീനർ ഫ്രാൻസിസ് കളത്തുങ്കൽ, റസിഡൻസ് അപ്പക്സ് കൗൺസിൽ ജനറൽ സെക്രട്ടറി കുരുവിള മാത്യൂസ്, ഏലൂർ ഗോപിനാഥ്, പി.എം.ദിനേശൻ, ആലുവ പൗരാവകാശ സമിതി ജനറൽ സെക്രട്ടറി സാബു പരിയാരത്ത്, കെ.പി. സാൽവിൻ, എഐഎംഎസ്എസ് ജില്ലാ ജോയിന്റ് സെക്രട്ടറി എ. റജീന, അഡ്വ. പോൾ ടി. സാമുവൽ, എ.ജി. അജയൻ, നിഖിൽ സജി തോമസ്, ബേബി വാഴക്കാല തുടങ്ങിയവർ പ്രസംഗിച്ചു. ■




കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി ഹൈക്കോടതി ജംഗ്ഷനിൽ നടത്തിയ ധർണ്ണ ആൾ ഇന്ത്യാ ഇലക്ട്രിസിറ്റി കൺസ്യൂമേഴ്സ് ഫോറം സംസ്ഥാന കൺവീനർ കെ.കെ. സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു.




എഐകെകെഎംഎസ് ആലപ്പുഴ ജില്ലാ സമ്മേളനം സംസ്ഥാന പ്രസിഡന്റ് അബ്ദുൾ അസീസ് ഉദ്ഘാടനം ചെയ്യുന്നു.




സ്വാതന്ത്ര്യസമരത്തിലെ ധീരരക്തസാക്ഷി വക്കം ഖാദർ അനുസ്മരണ സമ്മേളനം ഹരിപ്പാട് എഐഡിവൈഒ ജില്ലാ പ്രസിഡന്റ് കെ. ബിമൽജി ഉദ്ഘാടനം ചെയ്യുന്നു.




എഐയുറ്റിയുസി തിരുവനന്തപുരം ജില്ലാസമ്മേളനം സെപ്റ്റംബർ 1ന് തായ്നാട് ഹാളിൽ സംസ്ഥാന പ്രസിഡന്റ് ആർ.കുമാർ ഉദ്ഘാടനം ചെയ്യുന്നു.

## വ്യവസായസൗഹൃദത്തിൽ കേരളം നേടിയ ഒന്നാംസ്ഥാനം...

(1-ാം പേജിൽ നിന്ന്)

ന്ത്രി പീയൂഷ് ഗോയലിന്റെ സ്കെയിൽ മൂലധനസേവ മാത്രമാണെന്ന് ഈ രാജ്യത്തെ ആർക്കാണറിഞ്ഞുകൂടാത്തത്. നിർലജ്ജമായ നിലയിൽ മുതലാളിമാരെ സേവിക്കുകയും അവർക്കായി നാട്ടിൽ നിലനിൽക്കുന്ന തൊഴിൽ നിയമങ്ങൾ മുഴുവൻ പൊളിച്ചെഴുതുകയും ചെയ്യുന്ന മോദി സർക്കാരിന്റെ ഗുഡ് ബുക്കിൽ പിണറായി കയറിപ്പറ്റിയെന്നതാണ് ഈ 'അഭിമാനകരമായ നേട്ടത്തിന്റെ' പിറകിലുള്ള യഥാർത്ഥ വസ്തുത.

മോദി സർക്കാരും, അതിന്റെ ചുവടുപിടിച്ച് പിണറായി സർക്കാരും മുന്നോട്ടുവെക്കുന്ന ഏറ്റവും പ്രധാന മുദ്രാവാക്യവും ലക്ഷ്യവുമായ 'ഈസ് ഓഫ് ഡൂയിങ് ബിസിനസ്' ന് തൊഴിലാളിക്ഷേമവുമായോ സംസ്ഥാനത്തിന്റെ പുരോഗതിയുമായോ ഒരു ബന്ധവുമില്ല. വമ്പൻ മുതലാളിമാരുടെ മൂലധനനിക്ഷേപിക്കുന്നതിനുള്ള തടസ്സങ്ങൾ നീക്കുകയെന്നുമാത്രമാണ് ലക്ഷ്യമെന്നത് മോദി ഭരണം വ്യക്തമാക്കുന്നു. അതിനായി പരിസ്ഥിതി-തൊഴിൽ നിയമങ്ങളെല്ലാം പൊളിച്ചെഴുതപ്പെടുന്നു. പൊതുമുതൽ വമ്പൻ കോർപ്പറേറ്റുകൾക്ക് തീറെഴുതുന്നു. തൊഴിലാളികളെയും കർഷകരെയും നിർദ്ദയമായ ചൂഷണത്തിന് എറിഞ്ഞുകൊടുക്കുന്നു. അതേ നയങ്ങൾ ഏറ്റവും വിശ്വസ്തതയോടെ കേരളത്തിലും നടപ്പാക്കിക്കൊടുക്കുന്നതിനുള്ള അംഗീകാരം മാത്രമാണ് ഈ പുരസ്കാരം. അദാനിയെ പോലെയുള്ള കുത്തകകളുടെ താത്പര്യങ്ങൾക്കു മുന്നിൽ മുട്ടുമടക്കി വിധേയത്വം കാട്ടുന്നതിനുള്ള ഉപകാരസ്മരണ കൂടിയാണിത്. കുത്തകമുതലാളിമാരുടെ വർദ്ധിച്ച ചൂഷണത്തിനായി തൊഴിലാളികളെ വിട്ടുകൊടുത്ത്, സംസ്ഥാനത്തെ വ്യവസായസൗഹൃദമാക്കി കേന്ദ്രസർക്കാരിന്റെ പുരസ്കാരത്തിന് യോഗ്യത നേടുകയാണുണ്ടായത്.

പണിയെടുത്തു ജീവിക്കുന്ന സാധാരണ മനുഷ്യരോട് പിണറായി ഭരണം കൈക്കൊള്ളുന്ന സമീപനമെന്താണ്? ജോലിക്ക് പ്രതിഫലം തൊഴിലാളിക്ക് ഒരവകാശമല്ല എന്ന് കെഎസ്ആർടിസിയിലൂടെ സർക്കാർ സ്ഥാപിച്ചു. ശമ്പളം നൽകാതെ തൊഴിലെടുപ്പിച്ച് മുതലാളിമാർക്ക് സർക്കാർ മാതൃകയായി. പെൻഷൻ നിഷേധിച്ചു. എല്ലാം സഹിച്ച്, നിശ്ശബ്ദമായി പണിയെടുക്കാൻ തൊഴിലാളികളെ 'സന്നദ്ധമാക്കിയ' സർക്കാരിന്റെ മാതൃക രാജ്യമെമ്പാടുമുള്ള മുതലാളിമാർക്ക് ആവേശദായകമാണ്. കെഎസ്ആർടിസിയെന്ന പൊതുമേഖലാസ്ഥാപനത്തെ വിഭജിച്ച്, കരാർ തൊഴിലാളികൾ മാത്രം പണിയെടുക്കുന്ന സ്വിഫ്റ്റ് എന്ന പുതിയൊരു കമ്പനി രൂപീകരിച്ച് രാജ്യത്തിനാകെ 'മാതൃക' കാട്ടിയത് കേരളമാണ്.

വ്യവസായ-വാണിജ്യ സ്ഥാപനങ്ങളിൽ തൊഴിൽവകുപ്പ് പതിവായി നടത്തി വന്നിരുന്ന ലേബർ ഇൻസ്പെക്ഷനുകൾ നിർത്തിവെച്ചിട്ട് രണ്ടരവർഷം പിന്നിട്ടിരിക്കുന്നു. ഏതൊരു മുതലാളിക്കും സർവ്വസ്വതന്ത്രമായി തൊഴിൽ നിയമങ്ങൾ ലംഘിക്കാം. പരിശോധിച്ച് നടപടി സ്വീകരിക്കാൻ ആരുമില്ല. സംസ്ഥാന സർക്കാർ ജീവനക്കാരുടെ ഡിഎ 22 ശതമാനം കുടിശ്ശികയാണ്. വർദ്ധിപ്പിച്ച ശമ്പളം പോലും വർഷങ്ങളായി പിടിച്ചുവച്ചിരിക്കുന്നു. ലീവ് സറണ്ടർ മരവിപ്പിച്ചു. ഇതൊക്കെ തൊഴിലാളിവിരുദ്ധ നടപടികൾ കൈക്കൊള്ളുമ്പോഴും പ്രക്ഷോഭത്തിന്റെ പാതയിലേക്ക് പോകാതെ, യൂണിയനുകളെയും ജീവനക്കാരെയും സമർത്ഥമായി 'കൈകാര്യം' ചെയ്യുന്ന രീതി മറ്റുസംസ്ഥാനങ്ങൾ കണ്ടുപഠിക്കാനായി നൽകിയ പ്രോൽസാഹനമാണ് ഈ സമ്മാനം.

നരേന്ദ്രമോദി സർക്കാർ പാസ്സാക്കിയ പുതിയ തൊഴിൽ നിയമങ്ങൾ നടപ്പാക്കുവാനുള്ള കരട്ചട്ടങ്ങൾ രൂപീകരിച്ച സംസ്ഥാനമാണ് കേരളം. ഈ തൊഴിലാളിവിരുദ്ധ നിയമങ്ങൾ പിൻവലിക്കണമെന്ന് സിഐടിയു അടക്കമുള്ള ട്രേഡ് യൂണിയനുകൾ ആവശ്യപ്പെട്ടുകൊണ്ടിരിക്കുമ്പോഴാണ് സിപിഐ(എം) ഭരിക്കുന്ന കേരളത്തിൽ ഇതേ നിയമങ്ങൾക്ക് അനുസൃതമായി ചട്ടങ്ങൾ കൊണ്ടുവരുന്നത്. തൊഴിലാളികൾ ലോകമെമ്പാടും പൊരുതി നേടിയ 8 മണിക്കൂർ ജോലി, മിനിമം കൂലി എന്നിവയടക്കമുള്ള അവകാശങ്ങളിൽ വെള്ളം ചേർത്ത്, തൊഴിൽശക്തിയെ കുത്തകമുതലാളിത്തത്തിന്റെ താത്പര്യത്തിനനുസരിച്ച് പരുവപ്പെടുത്തിയെടുക്കാൻ ലക്ഷ്യംവെക്കുന്നവയാണ് ഈ നിയമങ്ങൾ. ഇതേ നയം കേരളത്തിൽ നടപ്പാക്കി, തൊഴിലാളികളുടെ കൈകാലുകൾക്ക് കൂച്ചുവിലങ്ങിടുകയാണ് പിണറായി സർക്കാർ. തൊഴിൽ മേഖലയിൽ മുതലാളിമാരുടെ ചൂഷണത്തിനനുകൂലമായ സാഹചര്യം ഒരുക്കി തൊഴിൽവകുപ്പ് പിൻവാങ്ങുക കൂടി ചെയ്യുമ്പോൾ ചിത്രം പൂർണ്ണമാകുന്നു. ഈ വഞ്ചനകളുടെ സമ്മാനമാണ് ഇപ്പോൾ സർക്കാർ മേനി നടിക്കുന്ന ഈ പുരസ്കാരം. ■

Volume: 51 No: 6 | Printed and published by Jaison Joseph on behalf of State Organising Committee, Socialist Unity Centre of India (Communist) and printed at Cochin Print Tech Pvt. Ltd., Udyogamandal, Eloor, Cochin-683501, and published at Trivandrum, TC 12/1242, Law College Jn, Kunnukuzhi, Vanchiyoor P.O, Thiruvananthapuram Dist, Kerala, Pin: 695035, Phone: 0471-3557684. Editor: Jaison Joseph.